2012 ജൂൺ 1 മുതൽ ജൂൺ 30 വരെ

വില 10 രൂപ

മാസിക

# നക്ഷത്രരാജ്യം



അശോകൻ ചരുവിൽ (കഥ)


മുണ്ടൂർ സേതുമാധവൻ (കഥ)

രാജൻ ചിന്നങ്ങത്ത് (കഥ)

മലയത്ത് അപ്പുണ്ണി (കവിത)

ഭാസി മലാപ്പറമ്പ് (കഥ)

സാം തോമസ് (കഥ)




മുഖചിത്രം

**തമന്ന**

**ഹെന്നിഫാത്തിമാ ഹാരിസ്**

**റോഷൻലാൽ (ഇന്റീരിയർ ഡിസൈനർ)**

**Nakshathra Rajyam**
(Monthly Magazine)
2012 June 1
Reg. No. 2008/11/2718/D/
RNI EN No. 40980 Dated: 10-10-2007
Issue 3 Volume 10
Managing Editor, Publisher &
Owned by
**Nakshathrarajyam E. Radhakrishnan**

**NAKSHATHRA RAJYAM**
24/1704 (A), Raj Building,
Byepass Road,
Mankave, Kozhikode - 7
Kerala, India.
**Mob: 9744233997**
**9847649567**
**email: nakshathrarajyam@gmail.com**

**Layout:**
**BHAVANA GRAPHICS, Tali**
**Inside Art:**
**GIREESH MOOZHIPADAM**
**Cover**
**Amina Creations, Palazhi, Clt.**
**Price 10.00**

## എഡിറ്റോറിയൽ



കേരളത്തിൽ താപവും വരൾച്ചയും നിത്യേനെ വർദ്ധിക്കുകയാണ്. പുരാതനകാലം മുതൽ മിതശീതോഷ്ണ മേഖലയായി അറിയപ്പെടുകയും അനുഭവയോഗ്യമായികൊണ്ടിരുന്നതുമായ കാലാവസ്ഥയിലുണ്ടായ വ്യതിയാനം കേരളത്തിലെ ജനങ്ങളുടെ ജീവിതം ദുസ്സഹമാക്കുകയാണ്. അതാത് നാട്ടിലെ കാലാവസ്ഥക്കനുസരിച്ച് ജീവിക്കാനുള്ള ശാരീരിക കഴിവുകളും പ്രകൃതവും പക്ഷികൾക്കും മൃഗങ്ങൾക്കും പോലും ജന്മനാതന്നെ നൽകാറുണ്ടെന്നതാണ് ശാസ്ത്രീയവശം.

പെട്ടെന്നുള്ള കാലാവസ്ഥ വ്യതിയാനത്തെ അഭിമുഖീകരിക്കുന്ന കേരള ജനതയെ ശാസ്ത്രത്തിനുപോലും പെട്ടെന്ന് സഹായിക്കാനാവാത്ത അവസ്ഥയാണ് സംജാതമായികൊണ്ടിരിക്കുന്നത്. പുഴകളുടേയും, കുളങ്ങളുടേയും, പർവ്വതങ്ങളുടേയും, വൃക്ഷങ്ങളുടെപച്ചപ്പിന്റേയും മരണമണി തുടങ്ങിയിട്ടും ബധിരരായിരിക്കുന്ന ഭരണകൂടങ്ങളും ജനങ്ങളും അനുഭവിക്കട്ടെ എന്ന മട്ടിലാണ് സൂര്യതാപം കൂടികൊണ്ടിരിക്കുന്നത്. വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിലെന്നപോലെ സൂര്യാഘാതത്തിൽനിന്നുണ്ടാവുന്ന പൊള്ളലുകളും രോഗങ്ങളും കേരളത്തിലും കൂടിക്കൊണ്ടിരിക്കുകയാണ്.


പ്രശസ്ത കവയത്രി സുഗതകുമാരിയെപ്പോലെയുള്ള പ്രകൃതി സ്നേഹികളും സംഘടനകളും മുൻ മുഖ്യമന്ത്രിമാരായ പി.കെ.വിയേയും, സി.എച്ചിനെയും, കരുണാകരനെയും, നായനാരെയും, എ.കെ. ആന്റണിയെയും ഉമ്മൻ ചാണ്ടിയേയും, വി. എസ്.അച്ചുതാനന്ദന്റെയുംപോലുള്ള തലമുതിർന്ന രാഷ്ട്രീയ നേതാക്കളും പറഞ്ഞുകൊണ്ടിരുന്ന മണൽവാരലിന്റേയും വൃക്ഷം നശിപ്പിക്കലിന്റെയും, ശുദ്ധജലപുഴകളും തടാകങ്ങളും നശിപ്പിക്കലിന്റേയും, നൂഞ്ഞികൾ മണ്ണിട്ടുനികത്തലിന്റേയും, വിഷയം നിറം മങ്ങിയതിന്റെ ബുദ്ധിമുട്ടുകളാണ് കേരളജനത ഇന്നനുഭവിച്ചുകൊണ്ടിരിക്കുന്നത്. ഇത്തരം വിഷയങ്ങളിൽ അവകാശപ്പെടുന്നതുപോലെയും പറയുന്നതുപോലെയും അഭിമാനിക്കാൻ മാറിമാറി വരുന്ന ഭരണകൂടങ്ങൾക്കുമാവുന്നില്ല എന്നതും ഒരു യാഥാർത്ഥ്യമാണ്.

വിശാലതണ്ണീർ തടങ്ങളും, നൂഞ്ഞികളും നശിപ്പിച്ചുകൊണ്ട് കോൺക്രീറ്റ് സൗധങ്ങൾ ഉയർത്തുന്നതിനെ തടയുകതന്നെ വേണം ഭരണകൂടം. നൂഞ്ഞികളും കുളങ്ങളും വിശാലതണ്ണീർതടങ്ങളും പൊതുവായി ജനതക്ക് ജലലഭ്യതക്ക് ഉപയോഗിക്കാനുള്ള അവകാശം ഉണ്ടാവണം. ഇത്തരത്തിൽ ഏതു പ്രദേശത്തുനിൽക്കുന്ന നൂഞ്ഞികളും കുളങ്ങളും, വിശാല ശുദ്ധജല തടാകങ്ങളും ഉടമസ്ഥനിൽ നിന്ന് വിലകൊടുത്ത് വാങ്ങിയായാലും ഭരണകൂടങ്ങൾ അവയെ സംരക്ഷിക്കണം. കിടപ്പാടമില്ലാത്തവൻ നൂഞ്ഞികളും കുളങ്ങളും വിശാല ശുദ്ധജലതടാകങ്ങളും നികത്തും. അങ്ങിനെ നികത്താതിരിക്കണമെങ്കിൽ അവന്റെ കുടുംബ കിടപ്പാടത്തിന് ഭരണകൂടം വേറെ വഴി ഒരുക്കണം. വാക്കാൽ പറഞ്ഞതുകൊണ്ട് കാര്യമില്ല. കാര്യങ്ങൾ സാധിക്കണം. ഒരു ഭാഗത്ത് കിണറുകൾ കുഴിച്ച് കുടിവെള്ള പ്രശ്നം പരിഹരിക്കാൻ കൂട്ടായ്മയുണ്ടാവുമ്പോൾ മറുഭാഗത്ത് നൂഞ്ഞികളും വിശാല ശുദ്ധജല സ്രോതസ്സ് തണ്ണീർതടങ്ങളും നശിപ്പിച്ചുകൊണ്ടുള്ള കോൺക്രീറ്റു സൗധ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുന്നതിനുമുമ്പ് ഭരണകൂടങ്ങൾ നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയും വേണം. നാടാണ് വലുത്. ശുദ്ധജലസ്രോതസ്സുകൾ വെള്ളം ലഭിക്കുവാനുള്ള നമ്മുടെ അവകാശത്തിന്റെ മാനദണ്ഡവും. അതിനെയാണ് സംരക്ഷിക്കപ്പെടേണ്ടതും നല്ലൊരു നാളേക്കുവേണ്ടി ഭരണകൂടം ആർജവം പ്രകടിപ്പിക്കേണ്ടതും.

**മാനേജിംഗ് എഡിറ്റർ**

കഥ

# ശേഷിക്കുന്നത്



രാജൻ ചിന്നങ്ങത്ത്



ജീവിതത്തിന് ഇങ്ങനെയും ഒരു വശമുണ്ടെന്ന് ഒരിക്കലും ഓർത്തിരുന്നില്ല. ഇപ്പോൾ അതുമായി. വായ് നിറയെ ചിരിയും ഹൃദയത്തിൽ നിറമുള്ള സ്വപ്നങ്ങളും മാത്രമായി നടന്നിരുന്ന ആ പഴയ കാലം.

എല്ലാം വെറുമൊരു ഓർമ മാത്രമായി അകന്നുപോയി.

അപ്പോഴൊക്കെയും വളരെ അടുത്തിരുന്നു കൊണ്ട് ഭാവി രൂപപ്പെടുത്തുകയായിരുന്നു ഈ ദുർദിനങ്ങളുടെ ക്രൂരതയെക്കുറിച്ചും ഭീകരതയെക്കുറിച്ചും ആരറിഞ്ഞിരുന്നു.

പുറത്ത് അനന്തമായി പരന്നുകിടക്കുന്ന ഇരുട്ടിന്റെ സമുദ്രത്തിലേക്കു നോക്കിയിരിക്കുമ്പോൾ, പലപ്പോഴുമെന്ന പോലെ, ഒരിക്കൽക്കൂടി നടുക്കത്തോടെ അവളോർത്തു. ഉറക്കത്തെ പുറത്താക്കി കതകടച്ചു ഞാൻ എന്തിനു വേണ്ടിയാണ് ഇനിയും കാത്തിരിക്കുന്നത്?

ജനാലയുടെ തണുപ്പുള്ള കമ്പികളിൽ മുഖം ചേർത്ത്, മുറ്റത്തു നിൽക്കുന്ന പ്രായം ചെന്ന കരിമ്പനയുടെ മുകളിലൂടെ കണ്ണോടിച്ചപ്പോൾ കണ്ടു: കറുത്ത മേഘങ്ങൾ നിരന്നുകിടക്കുന്ന ആകാശം.

മഴ, ഇന്നും പെയ്യുമായിരിക്കും.

നൈമിഷികമായ ചെറിയൊരാഹ്ലാദത്തോടെ, അവൾ മനസ്സിൽ പറഞ്ഞു:

പെയ്യട്ടെ. തൊഴിച്ചു പെയ്യട്ടെ.

തകർപ്പൻ മഴയുടെ കിലുങ്ങുന്ന സ്വരവും കേട്ട്, ജനാലിലൂടെ സാവധാനം കടന്നുവരുന്ന തണുപ്പിനെ കെട്ടിപ്പിടിച്ചുകൊണ്ട്, എത്ര നേരം വേണമെങ്കിലും കിടക്കാമല്ലോ.

എത്രനേരം വേണമെങ്കിലും.

ഉറങ്ങാതെ.

എന്റെ ഓർമ്മകളെ, എന്റെ മാത്രം സ്വന്തമായ ഈ ഓർമ്മകളെ, തഴുകിക്കൊണ്ട്, തലോടിക്കൊണ്ട്.

അവൾ നെടുവീർപ്പോടെ ഓർത്തു.

ഒരിക്കലും വറ്റാത്ത അതിന്റെ ഈർപ്പം എന്റെ ഹൃദയത്തെ കുതിർത്തുകൊണ്ടിരിക്കുന്നു.

എന്നും, എല്ലായ്പ്പോഴും.

തിരിച്ചുകിട്ടാത്തതും പകരംകൊണ്ടു നികത്താൻ കഴിയാത്തതുമായ നഷ്ടങ്ങൾ.....

ലീവ് തീർന്ന് ഇന്നലെ വൈകുന്നേരം തിരിച്ചു പോകുമ്പോൾ ഗോപു ഏട്ടൻ അവസാനമായി അടുത്തുവന്ന് തോളിൽ കൈവച്ചു കൊണ്ടു പറഞ്ഞു.

നീ ഇനിയും കൊച്ചുപെണ്ണാണ്. അർത്ഥമില്ലാത്ത ഒരു നിർബന്ധത്തിൽ കടിച്ചുതൂങ്ങി ജീവിതം നശിപ്പിക്കരുത്. ഭർത്താക്കന്മാർ നഷ്ടപ്പെട്ട പെൺകുട്ടികളാരും ഈ ലോകത്തിൽ വേറെയില്ലേ? എന്നിട്ടവരൊക്കെ ജീവിതം ഇങ്ങനെ പാഴാക്കുകയാണോ? കുറച്ചു കൂടി പ്രാക്ടിക്കലായി ചിന്തിക്ക്. എല്ലാം വീണ്ടും ആരംഭിക്കാൻ ശ്രമിക്ക്. കഴിഞ്ഞതൊക്കെ മറക്ക്. നിനക്കതിനു കഴിയും. കഴിയില്ലേ?

ഒരക്ഷരം മറുപടി പറയാതെ, ഒരു ശബ്ദംപോലും പുറപ്പെടുവിക്കാൻ കഴിയാതെ, നിറഞ്ഞൊഴുകുന്ന കണ്ണുകളുമായി പ്രതിമയെപ്പോലെ നിൽക്കുമ്പോൾ, സത്യത്തിൽ അത്ഭുതമായിരുന്നു.

-ഗോപു ഏട്ടൻ തന്നെയാണോ ഈ സംസാരിക്കുന്നത്? അദ്ദേഹത്തെ ആദ്യമായി കൂട്ടിക്കൊണ്ടുവന്ന ആൾ, പരിചയപ്പെടുത്തിയ ആൾ, വിവാഹത്തിനു മുൻകൈയെടുത്ത ആൾ...

അന്നൊക്കെ രണ്ടുപേരും ഒന്നിച്ചുകൂടിയാൽ, സ്ക്കൂൾകുട്ടികളുടേതുപോലുള്ള സംസാരവും പൊട്ടിച്ചിരിയുമായിരുന്നു. ചിരിയിൽ വീടുകിടന്നു കുലുങ്ങുമായിരുന്നു.

ഇല്ല. ഒന്നും ഓർക്കുന്നില്ല.

ഒടുവിൽ, പടിക്കൽ കാറു വന്നുനിന്ന് ഹോണടിച്ചപ്പോൾ, സ്യൂട്ട് കേയ്സെടുത്തുകൊണ്ട്, നനവു പുരണ്ട വാക്കുകളാൽ ഗോപു ഏട്ടൻ പറഞ്ഞു.

ശശിയെ നീ മറക്കണം മോളെ, മറക്കാതെ ഇനി പറ്റില്ല. അതെളുപ്പമല്ലെന്ന് എനിക്കറിയാം. എന്നാലും ശ്രമിക്കണം ക്രമേണ എല്ലാം ശരിയാവും. മറക്കാൻ കഴിയില്ലാച്ചാൽ നമുക്കൊന്നും ജീവിക്കാൻ സാധിക്കില്ലല്ലോ.

ഗോപു ഏട്ടൻ മുറ്റത്തെ കുഴഞ്ഞ മണലിൽ വലിയ കാലടിപ്പാടുകളുണ്ടാക്കി നടന്നുനീങ്ങുമ്പോൾ അവജ്ഞ മാത്രമായിരുന്നു ഉള്ളിൽ.

എത്ര ഉന്നതവും ദൃഢവുമായ സ്നേഹബന്ധം വച്ചു പുലർത്തിയ ആളായിരുന്നു !...

എല്ലാം മിഥ്യ.

സ്വന്തം സന്ദർഭങ്ങൾ വരുമ്പോൾ സ്വാർത്ഥതയുടെ തണലിൽ എത്ര വേഗമാണ് ഓരോരുത്തരും അഭയം കണ്ടെത്തുന്നത്?

തെറ്റ് ക്ഷമിക്കാവുന്നതേയുള്ളു. ആ തെറ്റിനെ ന്യായീകരിക്കുന്നതാണ് കടുത്ത വഞ്ചന.

ആരോടു വഞ്ചന കാട്ടിയാലും സ്വന്തം മനസ്സാക്ഷിയോട് കാണിക്കാനാവുമോ? വിളിച്ചു പറയാൻ തോന്നി.

എന്നെ അതിനു കിട്ടുകയില്ല. ആ കൃതഘ്നതയുടെ പാപഭാരം താങ്ങാൻ എനിക്കു കരുത്തുണ്ടോ ഗോപു ഏട്ടാ? സ്നേഹത്തിന്റെ വലിയ ലോകത്തിലേക്കുള്ള കതകുകൾ എനിക്കുവേണ്ടി തുറന്നുതന്ന് എന്നെ ഉന്മാദിനിയാക്കിയ, എന്റെ പ്രിയപ്പെട്ട ശശിയണ്ണന് ഞാനിപ്രകാരമാണോ പ്രതിഫലം നൽകേണ്ടത്?

പുതിയ ജീവിതത്തിന്റെ വർണങ്ങളെപ്പറ്റിയും, പുതിയ അനുഭവങ്ങളുടെ വൈവിധ്യങ്ങളെപ്പറ്റിയും പറഞ്ഞ് അമ്മയും സമയം നഷ്ടപ്പെടുത്താൻ തുടങ്ങിയിട്ട് വളരെ കാലമായിരിക്കുന്നു.

കറുപ്പിൽ എന്തു ചിത്രം വരയ്ക്കാനാണ്?

പാവം അമ്മ....

നീ പിന്നിലേക്കു നോക്കാതെ, മുന്നിലേക്കു നോക്കു മോളെ. നീ ഒന്ന് ചിരിക്ക്. ഈ ഏകാന്തതയാണ് നിന്റെ ഏറ്റവും വലിയ ശത്രു.

അമ്മയുടെ അടുത്തിരുന്ന്, മൂല്യം നഷ്ടപ്പെട്ട വാക്കുകൾ ആവർത്തിച്ചു കേൾക്കുമ്പോൾ ചിരിക്കാൻ തോന്നിയിട്ടുള്ള അവസരങ്ങൾ പലതാണ്. –എന്റെ ശശിയണ്ണന്റെ വേർപാട് സൃഷ്ടിച്ച ശൂന്യത ഇല്ലാതാക്കാൻ ആർക്കും കഴിയില്ല.

അമ്മയ്ക്കതറിയില്ല. ഗോപു ഏട്ടനറിയില്ല.

–എനിക്കൊഴികെ മറ്റാർക്കും.

അനുഭവങ്ങളില്ലാത്ത മനസ്സുമായി, യുവതിയായിക്കഴിഞ്ഞിട്ടും ബാല്യത്തിന്റെ ബുദ്ധിയുമായി ജീവിക്കുന്ന കാലത്തായിരുന്നു വിവാഹം.

അമ്മയ്ക്കായിരുന്നു ധൃതി. പ്രായത്തേക്കാൾ കവിഞ്ഞ വളർച്ചയാണെന്ന് അമ്മ എപ്പോഴും പറയുമായിരുന്നു. വിവാഹത്തിനെത്രയോ മുമ്പുതന്നെ അദ്ദേഹം വീട്ടിൽ വരുമായിരുന്നു. ഗോപു ഏട്ടന്റെ അടുത്ത സുഹൃത്ത്.

അതുകൊണ്ടൊക്കെത്തന്നെ, വിവാഹത്തിനു മുമ്പുപോലും വളരെ സ്വാതന്ത്ര്യം കാട്ടി. സാവകാശത്തോടെ പെരുമാറി. തമാശകൾ പറഞ്ഞു. ആവശ്യമുള്ളപ്പോഴും ഇല്ലാത്തപ്പോഴും ചിരിച്ചു.

അമ്മ അന്നും ശാസിച്ചു.

ഇതിനെയൊക്കെ അഹങ്കാരം എന്നല്ലാണ്ടെന്താ പറയ്യാ? കല്യാണം പറഞ്ഞുവച്ചിട്ടല്ലേ ഉള്ളൂ? നടന്നിട്ടില്ലല്ലോ. നാണോം മാനോം ല്ലാണ്ട്. കഷ്ടം എന്നല്ലാതെ എന്തു പറയാനാ?

അപ്പോൾ അകത്തെ ആഹ്ലാദത്തെ, ആരുമറിയാതെ മനസ്സിൽ സൂക്ഷിച്ചിരുന്ന സ്വർണ്ണച്ചെപ്പിലടച്ച്, മുഖവും വീർപ്പിച്ച് എവിടെയെങ്കിലുംപോയി ഒളിക്കും. അല്ലെങ്കിൽ കിഷ്ടം, കിഷ്ടം. എന്നമ്മയെ കൊഞ്ഞനം കാട്ടും.

വിവാഹത്തിനു പട്ടുവസ്ത്രങ്ങളെടുക്കാൻ ഗോപു ഏട്ടനോടൊപ്പം ദൂരെ തൃശ്ശൂർക്കു പോകുമ്പോഴും, പിന്നെ എല്ലാം അണിഞ്ഞൊരുങ്ങി അദ്ദേഹത്തിന്റെ മണവാട്ടിയായി മണ്ഡപത്തിലിരിക്കുമ്പോഴും– എല്ലാം ഒരു തമാശയായിരുന്നു.

ചന്ദനത്തിരികളുടെ ധൂമസുഗന്ധത്തിൽ മുഴുകി, അദ്ദേഹത്തിന്റെ കൈപിടിച്ച് നിലവിളക്കിനെയും നിറപറയെയും വലം വയ്ക്കുമ്പോൾ, പരിഭ്രമത്തിനും വിറയലിനും പകരം മുഖത്തു കതിരിട്ടുനിന്ന ആഹ്ലാദവും ചിരിയും എല്ലാവരെയും ആശ്ചര്യപ്പെടുത്തിയതായി അറിഞ്ഞു.

അവസാനം–

ആനന്ദം മാത്രം കൈമുതലായി തുള്ളിച്ചാടി നടന്ന ആ ദിവസങ്ങളുടെ ഹ്രസ്വത.

കൊച്ചു കൊച്ചു പിണക്കങ്ങൾ. ചെറിയ പരിഭവങ്ങൾ.

പുറകെ അവയൊക്കെ തൂത്തു വടിച്ചു മാറ്റുന്ന സ്നേഹാധിക്യം. അഭിമാനവും, ഒട്ടൊക്കെ അഹങ്കാരവുമായിരുന്നു.

–എന്റെ ശശിയണ്ണനെപ്പോലെ ഒരു ഭർത്താവിനെ ഏതു പെൺകുട്ടിക്കു കിട്ടും?

തന്നത്താൻ ചോദിക്കുകയും രോമാഞ്ചം കൊള്ളുകയും ചെയ്യും. –ഭാഗ്യം– എന്റെ ഭാഗ്യം.

രാത്രികാലങ്ങളിൽ എല്ലാവരും ഉറങ്ങിക്കഴിയുമ്പോൾ പുറത്തു ചെന്നിരിക്കുന്നതും പറമ്പിലൊക്കെ ചുറ്റിനടക്കുന്നതും അദ്ദേഹത്തിനു വലിയ ഇഷ്ടമായിരുന്നു.

ധാരാളമായി സിഗരറ്റ് വലിച്ചുതള്ളിക്കൊണ്ടിരിക്കും. ഇടയ്ക്കിടെ പഴയ നാടക - സിനിമാ ഗാനങ്ങളുടെ ഈരടികൾ മൂളും.

ഒരൊറ്റ പാട്ടുപോലും മുഴുവനായറിയില്ല. രണ്ടോ നാലോ വരികൾ മാത്രം. അതിൽത്തന്നെ ചിലപ്പോൾ വാക്കുകൾ മാറിയിരിക്കും. എങ്കിലും അതും മൂളി ലഹരിയിലലിഞ്ഞ്, കൈകോർത്ത്പിടിച്ച് നിഴലിനേയും നിലാവിനേയും ചവിട്ടിമെതിച്ച്, അങ്ങനെ നടക്കുമായിരുന്നു.

നടക്കുമായിരുന്നു.

ഈ സിഗരറ്റുവലി ഒന്നു നിർത്തിക്കൂടേ? ഇതിന്റെ ഒരു മണം. എനിക്കിതു തീരെ ഇഷ്ടംല്യാട്ടോ. വെളുത്തതും, നിരയൊത്തതുമായ പല്ലുകൾ പുറത്തു കാണിച്ച് അദ്ദേഹം ചിരിക്കും:

എന്റെ മോളൂട്ടി എന്തു പറഞ്ഞാലും ഞാൻ കേൾക്കും. എന്നാൽ ഇത്.... ഇതുമാത്രം.....

മോളൂട്ടി എന്നാണ് ഓമനയായി വിളിച്ചുകൊണ്ടിരുന്നത്.

അതെന്താ ഇതുമാത്രം ശീലമായിപ്പോയി. പിന്നെ...... എന്താ പിന്നെ.....

ഒരു മിലറ്ററി ഓഫീസർ നൂറു ശതമാനവും ഭാര്യയുടെ അടിമയായിക്കൂടാ! അതറിയില്ലേ?

എന്നിട്ട് പുതുമ നഷ്ടപ്പെടാത്ത ആ ചിരി.

എത്രയോ സിഗരറ്റാണ് ഒരു ദിവസം പുകയ്ക്കുമായിരുന്നത്. നാൽപതെണ്ണമെന്നു ചിലരൊക്കെ പറയുന്നത് കേട്ടിട്ടുണ്ട്. ഫലത്തിൽ അമ്പതും അറുപതുമൊക്കെയാണു വലിച്ചിരുന്നത്. കറുത്ത ചുണ്ടുകൾ എപ്പോഴും വരണ്ടിരിക്കും. വലിയ മറവിക്കാരനായതുകൊണ്ട് എവിടെയാണ് സിഗരറ്റ് പാക്കറ്റ് ഇരിക്കുന്നത് എന്ന് ഓർത്തുവയ്ക്കണം. എപ്പോഴും അതെടുത്തുകൊടുത്താൽ മാത്രം പോരാ. ലൈറ്റർ കത്തിച്ച് സിഗരറ്റിനു

കവിത

# കാറ്റൊഴുകുന്നു





**മലയത്ത് അപ്പുണ്ണി**

കാറ്റൊഴുകുന്നു തടിനിയിലൂടെ
കാറ്റൊഴുകുന്നു ചെടികളിലൂടെ
കാറ്റൊഴുകുന്നു തരുക്കളിലൂടെ
കാറ്റൊഴുകുന്നു തൊടികളിലൂടെ

കാറ്റിൻ സ്പർശനമേല്ക്കെ വല്ലികൾ
പൂത്തുലയുന്നു പുഴക്കരയിൽ
കാറ്റിന്നാർപ്പുകൾ കേൾക്കെച്ചില്ലക-
ളാർത്തുലയുന്നു താഴ്വരയിൽ.
കാറ്റിൽ പ്രാണൻ തുടികൊട്ടുന്നു
കാറ്റിൽ പ്രണയം പുഷ്പിക്കുന്നു.
കാറ്റിൽ കരുത്ത് കുടികൊള്ളുന്നു
കാറ്റിൽ കറുപ്പ് പ്രഭ ചിന്നുന്നു.
എവിടന്നാണീ കാറ്റുവരുന്നത്
എവിടേയ്ക്കാണതു പോയ്മറയുന്നത്
കാറ്റൊഴുകുന്നു വിയർപ്പിലൂടെ
ചരൽ നിറഞ്ഞ വഴിയിലൂടെ.

കാറ്റുപൊഴിപ്പൂ ജീവിതഗന്ധം
കാറ്റിൻ ലക്ഷ്യം പ്രപഞ്ചസത്യം.

തീ പിടിപ്പിച്ചുകൊടുക്കുകയും വേണം.

ആദ്യത്തെ പുക കണ്ണിലേക്കും മൂക്കിലേക്കും ഊതിപ്പറത്തിക്കൊണ്ട് ഒരപേക്ഷ പോലെ പറയും:

എന്തെങ്കിലും ഒരു ദുശ്ശീലം വേണ്ടേ ആണുങ്ങളായാല്? എനിക്കാകപ്പാടെ ഈ ഒരു പുകവലിയേയുള്ളു. അത് മാത്രം അരുതെന്നു മോളൂട്ടി പറയരുത്! അവൾ പിന്നെ ഒരിക്കലും അങ്ങനെ പറഞ്ഞില്ല.

ആ ദിനരാത്രങ്ങളുടെ അഴകും സൗരഭ്യവും....

ഒരു സ്വപ്നം കണ്ടുതീരുന്ന വേഗതയോടെ ആ കാലയളവ് തീർന്നുപോയി.

ലീവവസാനിച്ച് ഗോപു ഏട്ടനോടൊപ്പം യാത്ര തിരിക്കുമ്പോൾ, പെയ്യാത്ത മഴമേഘംപോലെ വിങ്ങിക്കഴച്ചു നിൽക്കുന്ന അവളോട് പറഞ്ഞിരുന്നു..

രണ്ടേ രണ്ടു മാസം. അതു ടപ്പ് എന്നങ്ങു പോകില്ലേ? ക്വാർട്ടേഴ്സും ശരിയാക്കി മോളൂട്ടിയെ ഞാൻ കൊണ്ടുപോകും. പിന്നെ... പിന്നെ? കണ്ണുനീർ തുടച്ചുകൊണ്ട് അവൾ ചിണുങ്ങി.

പിന്നെ പിന്നെ! കുസൃതി നിറഞ്ഞ ആ ചിരി പിന്നെയും.

പക്ഷേ അതവസാനത്തെ യാത്ര പറച്ചിലായിരുന്നു.

അവസാനത്തെ ചിരിയായിരുന്നു.

കരിവാളിച്ച ചുണ്ടുകൾക്കുള്ളിൽ വെളുത്ത പല്ലുകളുടെ ഭംഗി. അതന്നത്തോടെ കഴിഞ്ഞു. ആജ്ഞാശക്തിയുള്ള ഉറച്ച സ്വരം.... അനന്നത്തോടെ നിലച്ചു.

രണ്ടുമാസം–

ദിവസങ്ങളെ മണിക്കൂറുകളാക്കി വിഭജിച്ച് എണ്ണിക്കൊണ്ടിരിക്കുന്നതിനിടയിൽ–

ഒരു തിങ്കളാഴ്ച, വൈകുന്നേരം.

ഗോപു ഏട്ടന്റെ എക്സ്പ്രസ് ടെലിഗ്രാം വന്നതു മാത്രം ഓർമ്മയുണ്ട്.

അഞ്ചാറു വാക്കുകൾ മാത്രം.

എങ്ങോ പിടിക്കാൻ കയ്യെത്തിച്ചു. കഴിഞ്ഞില്ല. താഴെ വീണു.

പിന്നെ കണ്ണുതുറക്കുന്നത് ഒരു പേക്കിനാവിൽ നിന്നെന്നപോലെയാണ്. കരുണയുടെ മഷി പുരണ്ട കണ്ണുകളുമായി എല്ലാവരും ചുറ്റുംനിന്നു.

എഴുന്നേറ്റ്, ഒരു പ്രേതത്തെപ്പോലെ, മുറിക്കുള്ളിലെ ശൂന്യതയുടെ ഇരുണ്ട മുഖത്തേക്കു നോക്കി ഇരുന്നു.

നാൽപ്പത്തെട്ടു രാത്രകളുടെ ജീവിതം.

കിടപ്പുമുറിയിൽ എപ്പോഴും നിറഞ്ഞുനിൽക്കുന്ന മണം. ചാമിനാർ സിഗരറ്റിന്റെ മണം.

പിന്നെ എപ്പോഴോ, അണക്കെട്ടു പൊട്ടിയതു പോലെ കണ്ണുനീർ പ്രവഹിച്ചു.

മഴ ചാറുന്നുണ്ടായിരുന്നു.

അവൾ തിരിഞ്ഞ്, കട്ടിലിൽ കിടന്നു.

കിടക്കയിൽ അദ്ദേഹം കിടക്കുമായിരുന്ന പകുതി ഭാഗം. ചരിഞ്ഞുകിടന്നുറങ്ങുന്ന ശീലക്കാരനായ അദ്ദേഹത്തിന്റെ ഭാഗത്തെ ശൂന്യത. ഭ്രാന്തിയെപ്പോലെ അവർ കമിഴ്ന്നുകിടന്നു തേങ്ങി.

പുറത്തെ അന്ധകാരത്തിൽ മഴ ശക്തിയായിക്കൊണ്ടിരിക്കുമ്പോൾ അവളറിഞ്ഞു. ആ സുഗന്ധം വീണ്ടും ഇതാ എന്നെത്തേടി വരുന്നു..... ഞാനാദ്യം വെറുക്കുകയും ഒടുവിൽ ഏറ്റവും ഇഷ്ടപ്പെടുകയും ചെയ്ത സുഗന്ധം... പതിവുപോലെ വരുന്നു, ഒഴുകിയൊഴുകി വരുന്നു....

അതിന്റെ ലഹരിയിൽ സ്വയം അലിഞ്ഞ് അവൾ നിശ്ചലം കിടന്നു.

കഥ

# പനങ്കുടിയിലെ റിക്കാർഡുപുര



അശോകൻ ചരുവിൽ

എനിക്കു ഞങ്ങളുടെ പനങ്കുടിയിലെ ഗവർമ്മേണ്ട് റിക്കോഡ്സ് ആപ്പീസിലേക്കു സ്ഥലംമാറ്റം കിട്ടിയപ്പോൾ എല്ലാവരും സന്തോഷിച്ചു. എന്റെ ചെറിയച്ഛൻ അപ്പുമാഷാണ് ഏറ്റവും സന്തോഷിച്ചത്. അദ്ദേഹം വളരെ നാളുകൾക്കു ശേഷം തറവാട്ടുവീട്ടിൽനിന്നു പുറത്തിറങ്ങി. കഷ്ടപ്പെട്ടു നടന്ന് എന്നെ കാണാൻവന്നു.


നീ ഭാഗ്യവാനാണ് ഹരിദാസാ അദ്ദേഹം പറഞ്ഞു.

തീരെ പുറത്തിറങ്ങാത്തതുകൊണ്ട് അദ്ദേഹം വല്ലാതെ മെലിഞ്ഞു വിളർത്തും കാണപ്പെട്ടു. മുഖം ഉണങ്ങിച്ചുളുങ്ങി. തലമുടി ദുർബ്ബലമായി നീണ്ടു. ഡൈ ചെയ്യാത്തതുകൊണ്ട് അത് മൂന്നു നിറത്തിൽ കാണപ്പെട്ടു. കറുപ്പ്, മഞ്ഞ, വെളുപ്പ്, ക്ഷൗരം ചെയ്തു കരമീശമാത്രം പതിവുപോലെ കറുപ്പിച്ചിരിക്കുന്നു. നടത്തംകൊണ്ട് അദ്ദേഹത്തിന്റെ ആസ്ത്മ വർദ്ധിച്ചു. മിണ്ടാൻ വയ്യാതായി. എങ്കിലും മങ്ങിയ മഞ്ഞനിറം വ്യാപിച്ച കണ്ണുകളിൽ ലേശമൊരു നനഞ്ഞ പ്രകാശത്തോടെ അദ്ദേഹം പറഞ്ഞു.

നമ്മുടെ കുടുംമ്മത്ത്ന്ന് ഒരാള് റിക്കാർഡ് പെരേല് കേറി ഇരിക്കണതുകണ്ടട്ട് മരിക്കണംന്ന് എന്റെ അച്ഛനൊരു ആശണ്ടാർന്നു അത് നടന്നില്ല. ഇനീപ്പോ ഇനിക്കതു സാധിക്കൂലോ.

റിക്കോർഡ്പുര യെന്നാണ് ഞങ്ങൾ പനങ്കടിക്കാർ ഗവർമ്മേണ്ട് റിക്കോർഡ്സ് ആപ്പീസിനെ വിളിക്കുന്നത്. രാജാവിന്റെ കാലം മുതലേയുള്ള കെട്ടിടമാണത്. പനങ്കടിയുടെ ചരിത്രം ഈ റിക്കാർഡുപുരയുമായി ബന്ധപ്പെട്ടുകിടക്കുന്നു. വേറെന്താണ് ഇവിടെ ഉള്ളത്? ദിവാൻ ഹെർബെർട്ട് സായ്പ് വെട്ടിയ ഒരു ബോട്ടു കനാലും കടവിലെ ഒരങ്ങാടിയും. ബോട്ടു ഗതാഗതം നിലച്ചതോടെ അങ്ങാടിയുടെ വളർച്ച മുരടിച്ചു. റിക്കാർഡ് പുരയെ ഉപജീവിച്ചാണ് ഇപ്പോൾ അതു നിലനിൽക്കുന്നത്. പുരാതനമായ ഒരു മൂന്നുമുറി കള്ളുശാപ്പുണ്ടായിരുന്നത് കുമാരപ്പിള്ളസർ സത്യാഗ്രഹം കിടന്ന് പൂട്ടിച്ചു. വെണ്ണക്കടവിലെ ബ്ലൂമൂണിൽ പോയിട്ടാണ് വഞ്ചിപ്പണിക്കാരും ആശാരിമാരും ഇപ്പോൾ കുടിക്കുന്നത്.

അങ്ങാടിയിൽ ഉള്ളത് കൊപ്രയും ചകിരിയും സൂക്ഷിച്ചിരുന്ന കുറേ പാണ്ടക ശാലകളാണ്. ഇപ്പോൾ അവ ഉപയോഗശൂന്യമായി. വെള്ളച്ചായം പൂശിയ ചുമരുകളോടെ കനാലിന്റെ ഇരുകരകളിലുമായി അവനിശബ്ദം നിലകൊണ്ടു. അങ്ങാടിയുടെ കിഴക്കേയറ്റത്ത്



ആൾനോട്ടമില്ലാതെ കാടുപിടിച്ച വലിയൊരു സർക്കാർ പുരയിടത്തിന്റെ മുൻവശത്താണു റിക്കാർഡ്പുര. പാണ്ടകശാലകളെക്കാളും പഴക്കമുണ്ടതിന്. ഡച്ച് മാതൃകയിൽ പണിത രണ്ടുനില മാളികയാണ്. മുകൾനില ഉപയോഗശൂന്യമായി നരിച്ചിറുകളും പ്രാവുകളും അവിടെ താമസിക്കുന്നു.

പന്നങ്കുടിയിൽ ആദ്യമായി വൈദ്യുതി വെളിച്ചം വന്നത് ഈ റിക്കാർഡ്പുരയിലാണ്. ഓടിന്നടിയിൽ മരത്തിന്റെ സീലിങ്ങുണ്ട്. ഉത്തരത്തിൽ ശംഖുംചക്രവും ഉടവാളും മരത്തിൽ കൊത്തിവെച്ചിരിക്കുന്നു. പഴയകാലത്തെ വെള്ളപ്പൊക്കത്തെ ഭയന്ന് നിലത്തുനിന്നു നാലഞ്ചടി ഉയരത്തിലാണു തറ. ഇറയത്തെ കൽത്തൂണുകൾക്ക് രണ്ടാൾ വട്ടം ചുറ്റിപ്പിടിച്ചാലും എത്താത്തത്ര വണ്ണമുണ്ട്. വലിയ വാതിലുകളിൽ നിറയെ പിച്ചളഗോളങ്ങളുണ്ട്.

കാലാന്തരത്തിൽ സീലിങ്ങുകൾ ചിതലുത്തിന്ന് ദ്രവിച്ചുപോയി. ജനവാതിലുകൾ തകർന്ന് അടയ്ക്കാൻ പറ്റാത്ത രൂപത്തിലായി. പഴയവയറിങ്ങെല്ലാം അടർന്ന് അലങ്കോലപ്പെട്ടു. ഇപ്പോൾ ഗുമസ്തൻമാർ ഇരിക്കുന്നേടത്തു മാക്രമേ വൈദ്യുത വിളക്കുകളുള്ളൂ. ഏററവും

പ്രധാനപ്പെട്ട റിക്കാർഡുറൂമിലേക്ക് ശിപായിമാർ പകൽ നേരത്തും റാന്തൽ കത്തിച്ചാണ് പ്രവേശിക്കുന്നത്. അത്രയും കൂരാകൂരിരുട്ടാണ് അവിടെ.

ഇരുട്ട് മാത്രമോ? നിറച്ച് പൊടിയും മാറാലയും ഉണ്ട്. രജിസ്റ്റർ പുസ്തകങ്ങളുടെ തോൽബയന്റുകൾ ചീഞ്ഞ് പ്രാചീനമായ ഒരു ഗന്ധം ഉണ്ട്. നിത്യമായ ഇരുട്ടുള്ളിടത്ത് സ്വാഭാവികമായ ചില അനക്കങ്ങളും ശബ്ദവും അവിടെ കേൾക്കും. പക്ഷേ റിക്കാർഡുശിപായിമാർ പണ്ടുകാലത്തെപ്പോലെ ഇന്നും ധൈര്യശാലികളാണ്. പുറമ്മേയുള്ളവർക്ക് അവരെ കാണുന്നതു ഭയമാണ്. ഞങ്ങളുടെ അറിവിൽതന്നെ രണ്ടുപേർ ആ റിക്കാർഡ്ഡു മുറിയിൽ തൂങ്ങിമരിച്ചിട്ടുണ്ട്. ഒന്നൊരു ഹരജിക്കാരനാണ്. കുടികിടപ്പിന്റെ രേഖ ലഭിക്കാൻ ഹരജികൊടുത്ത് അയാൾ ഒരു കൊല്ലമായി പലവട്ടം റിക്കാർഡുപുര സന്ദർശിച്ചിരുന്നു. എങ്ങനെ അയാൾ റിക്കാർഡുമുറിയിലെത്തപ്പെട്ടു എന്നത് ആർക്കും അറിഞ്ഞുകൂടാ. മൃതദേഹത്തിന്റെ മണം വന്നു തുടങ്ങിയപ്പോഴാണ് ശിപായിമാർ കണ്ടെത്തിയത്. അപ്പോഴേക്കും ശരീരം ഉണങ്ങി കറുത്തുപോയിരുന്നു.

അങ്ങാടിയിൽ ഇപ്പോൾ സജീവമായി ഉള്ളത് കൂലിക്ക് ഹരജിയും ആധാരമെഴുതിക്കൊടുക്കുന്നവരുടെ ചെറുചെറു ആപ്പീസുകളാണ്. സ്റ്റാമ്പു വേണ്ടർമാരും ഓരോ മേശയും രജിസ്റ്റർ പുസ്തകങ്ങളുമായി വഴിവക്കിൽ ഇരുപ്പുണ്ട്. അപേക്ഷാ ഫോറങ്ങൾ, പേന, മഷി, പശ, നൂല്, കവറ്, മൊട്ടുസൂചി എന്നിവ വില്ക്കുന്ന നിരവധി കടകൾ ഉണ്ട്. ഹരജി നടത്തിക്കൊടുക്കുവാനുള്ള ഇടനിലക്കാരും അവിടെ ചുറ്റിപ്പറ്റി നിലക്കും.

പനങ്കുടിയിലെ മാത്രമല്ല, സമീപത്തുള്ള കുറുമാലിക്കാവ്, പള്ളിപ്രം, വെണ്ണക്കടവ്, കാട്ടുരങ്ങാടി എന്നീ ദേശങ്ങളിലെ വിലപിടിച്ച രേഖകൾ ഈ റിക്കാർഡുപുരയിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്നു. അതിപ്രാചീനകാലം മുതൽക്കുള്ള വസ്തുകൈമാറ്റ രേഖകൾ, മരണപത്രങ്ങൾ, കൂട്ടുകച്ചവടക്കരാറുകൾ, കടപ്പത്രം, വിവാഹ ഉടമ്പടി, ജനനമരണ രേഖകൾ, കൂലിചാർത്ത്, വാടകച്ചീട്ട്, കോടതി ഉത്തരവുകൾ, പണയാധാരങ്ങൾ. ഇവ നാലടി നീളവും മൂന്നടി വീതിയും അഞ്ചിഞ്ച് കനവുള്ള തോൽബയിന്റിട്ട കൂറ്റൻ രജിസ്റ്ററുകളിലാണ് എഴുതി സൂക്ഷിക്കുന്നത്.

ഹരജിയെഴുതിച്ചു സ്റ്റാമ്പൊട്ടിച്ചു കഴിഞ്ഞാൽ അത് മേൽഗുമസ്തനു നൽകണമെങ്കിൽ രണ്ടുസാക്ഷികളുടെ ഒപ്പ് ആവശ്യമുണ്ട്. ഇതിനായി റിക്കാർഡുപുരയുടെ ഇറയത്തു രണ്ടുസാക്ഷികൾ ഉണ്ടായിരിക്കും. ഇവരെ സ്ഥിര സാക്ഷികൾ എന്നാണു പറയുക. ദീർഘകാലമായി ദൃക്സാക്ഷികൾ ആയതുകൊണ്ട് ഇവരുടെ കണ്ണുകൾ ഉരുണ്ട് ബൾബുപോലെ മുന്നോട്ട് തള്ളിയിരിക്കും. ശരീരമാകട്ടെ വല്ലാതെ മെലിഞ്ഞും വശംകെട്ടും കാണപ്പെടും. ഇവർക്ക് ഇരിക്കാൻ റിക്കാർഡുപുരയിലോ ഇറയത്തോ കസേരയോ ബെഞ്ചോ ഒന്നുമില്ല. വളഞ്ഞുകൂടി ഇറയത്തെ തൂണിൽ ചാരി ബീഡിവലിച്ചിരിക്കണമെന്നാണ്.

നാനാ പ്രദേശങ്ങളിൽനിന്നും ഹരജിക്കൊടുക്കാൻവേണ്ടി മിന്നം വെട്ടുമ്പോൾ പുറപ്പെട്ടുവരുന്നവർ ഒന്നും കഴിച്ചിട്ടുണ്ടാവില്ല. അവർക്കും കഴിക്കാൻ ചായ, പുട്ട്, കടലക്കറി, വെള്ളപ്പം, കിഴങ്ങുകറി, ഉച്ചയ്ക്ക് ഊണ് എന്നിവകൊടുക്കുന്ന ഒരു ബ്രാഹ്മണ ഹോട്ടൽ ഉണ്ട്. ഇറച്ചിക്കറി വിളമ്പുന്ന മിലിട്ടറി പിള്ള ഹോട്ടൽ വേറെയും. റിക്കാർഡ് പെരേല് ഇപ്പോ പഴയ കാലല്ല. വരുമാനം വർദ്ധിച്ചു. ഒരു ഹരജി പാസ്സായി ശിപായി റാന്തല് കത്തിക്കണങ്കില് ഉറുപ്പിക അഞ്ഞൂറു കൈമടക്കണം. രസീറ്റെഴുതണ ഫീസുവേറെ. അവിടത്തെ പ്യൂൺ ശങ്കരവാര്യര് മാരുതിക്കാറ് മേടിച്ചു. ദൈവത്തിന്റെ അനുഗ്രഹം കിട്ടിയോരാ ഈ റിക്കാർഡുഗുമസ്തൻമാർ. മുറുകിവന്ന ആസ്തമയെ അടക്കിപ്പിടിച്ച് അപ്പുമാഷ് പറഞ്ഞു.

പണ്ടുകാലത്തു തെക്കു തിരുവിതാംകൂറിൽ നിന്നാണ് റിക്കാർഡ് ഗുമസ്തൻമാർ വന്നിരുന്നത്. ഇപ്പോൾ സ്ഥിതിമാറി. എവിടെന്നു വരുന്നവരായാലും റിക്കാർഡുഗുമസ്ഥൻമാർക്കും ശിപായിമാർക്കും പനങ്കുടിയിലുള്ള സ്ഥാനം വളരെ വലുതാണ്. പൊതുവെ പനങ്കുടിക്കാർ ആരേയും കൂട്ടാക്കുന്നവരല്ല. പക്ഷേ, റിക്കാർഡ് ഗുമസ്തൻമാരെ വഴിയിൽ കണ്ടാൽ മുണ്ടിന്റെ മടിക്കുത്തഴിച്ചിട്ട് തൊഴും. ചെരിപ്പഴിച്ചുവെച്ച് കൈതൊഴുതു, പിടിച്ചിട്ടേ ആളുകൾ റിക്കാർഡുപുരയിലേക്കു കടക്കാറുള്ളു. ഗുമസ്തൻമാരുമായുള്ള സംസർഗ്ഗവും ബന്ധവും സമൂഹത്തിലെ മാന്യതയുടെ അളവുകോലായി പരിഗണിക്കപ്പെട്ടിരിക്കുന്നു. റിക്കാർഡ് ഗുമസ്തർമാരുമായി ബന്ധം സ്ഥാപിക്കാൻ ഞങ്ങളുടെ തറവാട്ടുകാർ പണ്ടുമുതലേ ശ്രമിച്ചു. എന്റെ അച്ചാച്ചൻ പി.കെ. കേളു എന്നവര് കൊളമ്പിൽ നിന്ന് വന്നകാലം മുതലേ റിക്കാർഡുപുരയുമായി നല്ല ബന്ധം സ്ഥാപിച്ചു. ഗുമസ്തൻമാർക്ക് അറിയാവുന്ന ഭാഷകളൊക്കെ അച്ചാച്ചനുമറിയാം. മാസാവസാനം ഗുമസ്തൻമാർക്ക് വീടിന്റെ തട്ടിൻ മുകളിൽവച്ച് സൽക്കാരമുണ്ടായിരിക്കും. അന്നവിടെ ഇംഗ്ലീഷ്, ഫ്രാഞ്ച് ഭാഷകൾ മാത്രമേ ആരും സംസാരിക്കുകയുള്ളു.

കുടം കണക്കിനു കള്ളാണ് പണിക്കാർ തട്ടിൻമുകളിലേക്ക് കൊണ്ടുപോകുക. ഒരു പോത്തിനേയോ രണ്ട് ആടിനേയോ അന്ന് അറക്കും. പരിശോധനയ്ക്കുവന്ന മേൽഗുമസ്തൻമാർ കൂട്ടത്തിലുണ്ടെങ്കിൽ അച്ചാച്ചൻ കുളമ്പിൽ നിന്നു വരുത്തിയ ശീമമദ്യം പുറത്തെടുക്കും. അതു മേശപ്പുറത്തുവച്ചിട്ട് ഒരു പൊട്ടിച്ചിരിയുണ്ട്.

ക്രമേണ പി.കെ. കേളു പറയുന്നതായി റിക്കാർഡുപുരയിലെ കാര്യം. നാട്ടിലും അച്ചാച്ചൻ പ്രമാണിയായി. അച്ചാച്ചൻ മുന്നിൽ നടക്കാൻ തുടങ്ങിയതിനു ശേഷം ചതയദിന ഘോഷയാത്ര ആക്രമിക്കപ്പെട്ടിട്ടില്ല. പുലർച്ചക്കു ഞങ്ങൾ ഉറക്കമെണീറ്റു നോക്കുമ്പോൾ കളത്തിലും കയ്യാലയിലും നിരവധി ആൾക്കാരെ കാണാം. റിക്കാർഡുപുരയിലേക്ക് അച്ചാച്ചനെക്കൊണ്ട് ശുപാർശ ചെയ്യിക്കാൻ എത്തിയവരാണ് അവർ.

എന്റെ ചെറിയച്ഛൻ പിന്നീട് അപ്പുമാഷായ പി.കെ. അപ്പുക്കുട്ടൻ മെട്രിക്കുലേഷൻ പാസ്സായപ്പോൾ അദ്ദേഹത്തെ റിക്കാർഡുപുരയിലെ ഗുമസ്തനാക്കണമെന്ന് അച്ചാച്ചൻ ആഗ്രഹിച്ചു. അതിനുവേണ്ടി പലരേയും ചെന്നുകണ്ടു. ഫലിച്ചില്ല. അക്കാലമായപ്പോഴേക്കും. സർക്കാർ നിയമങ്ങൾക്ക് ശുപാർശ സമ്പ്രദായം വിട്ട് എഴുത്തുപരീക്ഷ നടപ്പായിരുന്നു.

**(ശേഷം പേജ് 11ൽ)**

# വിവാഹിതരാകുന്നു




## കാർട്ടൂൺ  ഗിരീഷ് മൂഴിപ്പാടം






**കഥ**

# ഫെബ്രുവരി 14



**ഫാത്തിമത്ത് സുഹറ ചെമ്പ്രത്തൊടി**

കാംപസിലെ ഏറ്റവും സുന്ദരിയായ സജ്നതന്നെ ആയിരിക്കും തന്റെ പ്രണയിനി എന്ന് ശപഥം ചെയ്തിരിക്കുന്നു നിഷാദ്. അവന് അവളെക്കുറിച്ച് വർണ്ണിക്കാൻ ആയിരം നാക്കാണ്. അവൻ കൂട്ടുകാരുമൊത്ത് മരച്ചുവട്ടിലിരുന്ന് വീണ്ടും വർണ്ണിച്ചുതുടങ്ങി:

പതിനാലാം രാവുദിച്ച ചന്ദ്രനിലും മിന്നിത്തിളങ്ങുന്ന നക്ഷത്രങ്ങളിലും

തുള്ളിച്ചാടുന്ന മാൻപേടയിലും നൂറഴകുണ്ട് എൻ സജ്നക്ക്...

വർണ്ണച്ചിറകുള്ള ആ ചിത്രശലഭം

ഈ ഭൂമിയിൽ പിറന്നുവീണതുതന്നെ

എനിയ്ക്കുവേണ്ടിയാണ്

എനിയ്ക്കുവേണ്ടി മാത്രം...

പക്ഷേ, ആ പ്രണയം അവൻ അവളോട് സൂചിപ്പിക്കുകപോലും ചെയ്തിരുന്നില്ല.

അയൽവാസിയായ അധ്യാപകന്റെ വീട്ടുജോലി അവൾക്ക് കിട്ടിയില്ലായിരുന്നുവെങ്കിൽ അവൾ ഒരിക്കലും ആ കാംപസിൽ എത്തുമായിരുന്നില്ല. ആ ജോലിയാണ് അവളുടെ ഏക ആശ്രയം.

നിഷാദിന്റെ മനസ്സിൽ സജ്നയോടുള്ള പ്രണയം ദിവസം തോറും പൂവിട്ടുകൊണ്ടിരുന്നു.

അവസാന വർഷ ബിരുദ വിദ്യാർത്ഥിയായിരുന്ന നിഷാദ് കാംപസിൽ നിന്ന് പിരിഞ്ഞുപോകാറായി. ഇത്രയും നാൾ താൻ മനസ്സിൽ സൂക്ഷിച്ച പ്രണയം ഇന്നെങ്കിലും തന്റെ രാജകുമാരിയോട് തുറന്നുപറയണം. അതിനുവേണ്ടി അവൻ ബാപ്പ സമ്മാനിച്ച ബെൻസ് കാറുമായ് ഫെബ്രുവരി പതിനാലിന് പുറപ്പെട്ടു.

സജ്ന ജോലിചെയ്യുന്ന വീടിനടുത്ത് എത്തിയപ്പോൾ അമ്പരിപ്പിക്കുന്ന ഒരു കാഴ്ചയാണ് അവന് കാണാൻ കഴിഞ്ഞത്. വൈപ്പർ കയ്യിലെടുത്ത് സജ്നയെ അടിച്ചുകൊണ്ട് ആക്രോശിക്കുന്നു വീട്ടമ്മ.

നിന്റെ വയറ്റിൽ വളരുന്ന കുഞ്ഞിന്റെ തന്ത ഇവിടെയില്ല. വേറെയെവിടെയെങ്കിലും പോയി കണ്ടുപിടിക്ക്. ഇവിടെ വന്ന് കരഞ്ഞിട്ടൊന്നും കാര്യമില്ല. പുള്ളിക്കാരൻ കാണുന്നതിനുമുന്നേ രക്ഷപ്പെടാൻ നോക്ക്. എന്നുപറഞ്ഞ് അവളെ വീണ്ടും വീണ്ടും പൊതിരെ തല്ലുകയാണ് ആ സ്ത്രീ.

ആ വേദനയിലും ആ സ്ത്രീയുടെ കാലിൽ നിന്ന് പിടിവിടാതെ സജ്ന കെഞ്ചി: എനിക്ക് ഒന്നുംവേണ്ട. നിങ്ങളുടെ സ്വത്തും പദവിയും ഒന്നും ഞാൻ ചോദിക്കുന്നില്ല. എന്റെ കുഞ്ഞിന് അതിന്റെ ബാപ്പയെ മാത്രം മതി. എന്റെ കുഞ്ഞിന് അതിന്റെ ബാപ്പയെ മാത്രം മതി. എന്റെ കുഞ്ഞിന് അതിന്റെ ബാപ്പയെ മാത്രം മതി...



അങ്ങനെ പലപല തവണ വിളിച്ചുപറഞ്ഞുകൊണ്ട് പ്രണയമില്ലാത്ത ഒരു ലോകത്തേക്ക് അവൾ അകന്നുപോകുന്ന കാഴ്ചയാണ് നിഷാദ് കണ്ടത്.




MANAF STORES
Hire Goods & Catering Service

Puthiyapalam, Opp. M.I.M.L.P. School, Calicut - 673002
Mob : Abdul Manaf - 9895408054, Off : 0495 - 2300662

STAGE, PANTHAL, SHAMYANA, DECORATION, LIGHT

**പനങ്കുടിയിലെ റിക്കാർഡുപുര**
**പേജ് 8ൽ നിന്നും തുടർച്ച**

അപ്പുമാഷ് പല പരീക്ഷകളും എഴുതിനോക്കി വിജയിച്ചില്ല.

കണ്ട പെലപ്പിള്ളേരുടെ കൂടെ പാട്ടും ശ്ലോകോം ആയിട്ടു നടക്കണ അവന് റെക്കാർഡ് പെരേല് കേറി ഇരിക്ക്യാനൊള്ള യോഗ്യത യില്ല. അച്ചാച്ചൻ നിരാശയോടെ വിധിച്ചു. അപ്പുമാഷ് അക്കാലത്തൊരു വികാരജീവിയായിരുന്നു. ചെറിയ മട്ടിൽ ക്ഷയരോഗമുണ്ട്. മെലിഞ്ഞ് ലിനന്റെ കുഴൽപോലുള്ള ജുബ്ബധരിച്ച് ഈരടികൾ മൂളി നാട്ടുവഴികളിലൂടെ മെല്ലെ നടക്കും. തത്തയെപോലെ ചുവന്നതും കൂർത്തതുമായ ചുണ്ടുകളായിരുന്നു അന്ന്. സ്ത്രീകളോട് സംസാരിക്കുമ്പോൾ മുഖം ചുവക്കും. ചങ്ങമ്പുഴയുടെ രമണൻ വാങ്ങിച്ച് പകർ പ്പെടുത്ത് പത്തുയുവാക്കൾക്കു വിതരണം ചെയ്തു ഒരു കവിയും ഗായകനുമായിട്ടാണ് നാട്ടിൽ അറിയപ്പെട്ടിരുന്നത്.

അവസാനം നിവർത്തിയില്ലാതെ അച്ചാച്ചൻ മൂവായിരം രൂപ കൊടുത്ത് ഹാജിയാരുടെ മാപ്പിള എയ്ഡഡ് സ്കൂളിൽ മാഷ്ടെ ജോലി വാങ്ങിച്ചുകൊടുത്തു. പക്ഷേ തന്റെ മകൻ ഒരു മാഷാണെന്നുപാറയേണ്ടി വന്നപ്പോഴൊക്കെ അദ്ദേഹം ലജ്ജിച്ചു. അക്കാലത്തു പള്ളിക്കൂടം മാഷൻമാർക്കു യാതൊരു വിലയും ഉണ്ടായിരുന്നില്ല. നിരുപദ്രവികൾ എന്നുമാത്രം എല്ലാവരും അവരെ കണക്കാക്കി.

അതു യുദ്ധങ്ങൾ ഇടയ്ക്കിടെ ഉണ്ടാകുന്ന കാലമാണ്. നാട്ടിലെ ധൈര്യശാലികളായ ചെറുപ്പക്കാർ മുഴുവൻ പട്ടാളത്തിൽചേരും. ബാക്കിയാവുന്ന ഉശിരും ചുണയും കെട്ടവർ അധ്യാപകരാകും. അപ്പുമാഷ്ക്കും തന്റെ ജോലിയെകുറിച്ച് തീരെ മതിപ്പുണ്ടായിരുന്നില്ല. പക്ഷേ ജോലിക്കു പോകാതിരിക്കാൻ പറ്റാത്ത അവസ്ഥയിൽ എത്തിച്ചിരുന്നു. അച്ചാച്ചൻ കൊളമ്പിൽ നിന്നുവന്നിരുന്ന പണം മുഴുവൻ സൽക്കാരം കൊണ്ടു തീർന്നുപോയി. പറമ്പ് ഓരോന്ന് വിൽക്കാൻ തുടങ്ങി.

അപ്പുമാഷ് പറയും:

റിക്കാർഡ്പെരേലെ ഗുമസ്തനേക്കാളും പത്തുറുപ്പിക കൂടുതല്ബെയ്സിക്ക്ണ്ട് ഇനിക്ക്. പറഞ്ഞീട്ടന്താ? ഗുമസ്തന് ഒരു ദിവസം കിട്ടണ കൈമടക്കു കൊല്ലം തപസ്സിരുന്നാ ഇനിക്ക് കിട്ട്വോ?

നന്നേ കുട്ടിക്കാലത്തു തന്നെ റിക്കാർഡുപുരയിൽ പോകാനും അവിടത്തെ വിസ്മയങ്ങൾ കാണാനും എനിക്ക് അവസരം ലഭിച്ചു. റിക്കാർഡുപുര കാണണമെന്നതു പനങ്കടിയിലെ ഓരോ കുട്ടിയുടേയും ആദ്യമോഹമാണ്. അച്ചാച്ചന് അവിടെ പോക്കുവരുത്തുണ്ടെങ്കിലും കൂട്ടിക്കൊണ്ടുപോകണമെന്നു പറയാനുള്ള ധൈര്യം ഞങ്ങൾക്കുണ്ടായിരുന്നില്ല.

റിക്കാർഡുപുര മാത്രമല്ല. കടൽ കാണണമെന്നും എനിക്ക് വലിയ മോഹമായിരുന്നു. മഞ്ജുഭാഷിണിയാണ് രണ്ടുമോഹവും സാധിച്ചുതന്നത്. അവരുടെ വീട് കടൽക്കരയിലായിരുന്നു. റിക്കാർഡ് പുരയിൽ ആറുമാസത്തേക്ക് താൽക്കാലിക ഉദ്യോഗം കിട്ടിയതുകൊണ്ട് ഞങ്ങളുടെ വീട്ടിൽ പാർക്കാൻ വന്നതായിരുന്നു അവർ.

ആറുമാസം എന്നു കഴിയണോ അന്നു ഇനിക്കു സന്തോഷവും മേല് ചെതലുവീഴണ ആ ആപ്പീസില് പണീടത്തട്ടൊന്നും വേണ്ട ഞങ്ങൾക്കു ജീവിക്കാൻ.

മഞ്ജുഭാഷിണി പറഞ്ഞു.

ഞങ്ങൾ കുട്ടികൾ കിടന്നിരുന്ന മുറി ഒഴിവാക്കിയാണ് അവരെ പാർപ്പിച്ചത്. ആ മുറി വിടേണ്ടി വന്നപ്പോൾ എനിക്കു വല്ലാത്ത സങ്കടംവന്നു. വേറെ ഏതു മുറിയിൽ കിടന്നാലും ദുഃസ്വപ്നങ്ങൾ എന്നെ വേട്ടയാടുമായിരുന്നു. എന്റെ സങ്കടം കണ്ടു മഞ്ജുഭാഷിണി പറഞ്ഞു.

കുട്ടീ എന്റെ കൂടെ കിടന്നോളൂ അവരുടെ ശരീരത്തിന്റെ പൗഡർമണവും കഞ്ഞി പിഴിഞ്ഞുണക്കിയ സാരിയുടെ ശബ്ദവും എന്റെ മനസ്സിൽ ഇപ്പോഴുമുണ്ട്. അക്കാലത്ത് സ്ത്രീകൾക്കില്ലാത്തത്ര ഉയരം അവർക്കുണ്ടായിരുന്നു. തെളിഞ്ഞ എണ്ണനിറമാണ്. അവർ വലിയ വട്ടത്തിലുള്ള പൊട്ടു തൊട്ടപ്പോൾ തന്നെ ഞങ്ങളുടെ അടുക്കളയിൽ മുറുമുറുപ്പുണ്ടായി.

ഞങ്ങളുടെ വീട് സാമാന്യം വലുതായിരുന്നെങ്കിലും പല പ്രായത്തിൽപെട്ട ധാരാളം സ്ത്രീകൾ ഉണ്ടായിരുന്നുവെങ്കിലും സൗന്ദര്യവർദ്ധക വസ്തുക്കളൊന്നും അവിടെ ഇല്ലായിരുന്നു. ആകെ കൂടി പേനിനെപ്പിടിക്കാനുള്ള ഒരു മരച്ചീർപ്പ് മാത്രമാണ് ഉണ്ടായിരുന്നത്. എണ്ണയും താളിയും തേച്ചു കുളിക്കലായിരുന്നു സ്ത്രീകളുടെ ഏക സൗന്ദര്യോപാധി. കല്യാണത്തിനു മാത്രമേ സാരിയുടുക്കുക പതിവുള്ളൂ. അതു പട്ടുസാരിയായിരിയും വെൽവറ്റിന്റെ ജാക്കറ്റും.

പക്ഷേ മഞ്ജുഭാഷിണി കുളികഴിഞ്ഞാലുടനെ കൊമ്പിൽ കൊത്തിയ ചീർപ്പുകൊണ്ട് ഒരു മണിക്കൂർനേരം മുടിച്ചീകിക്കൊണ്ടിരിക്കും. ആ സമയത്ത് അവർ മൂളിപ്പാട്ടുപാടും. പിന്നെ സ്നോ എന്ന് അക്കാലത്ത് വിളിച്ചിരുന്ന വെളുത്തൊരു കുഴമ്പ് കവിളത്ത് പുരട്ടും. കുഴമ്പു വെളുത്തതാണെങ്കിലും പുരട്ടിക്കഴിഞ്ഞാൽ അവരുടെ മുഖത്തിന്റെ എണ്ണനിറം കൂടുതൽ തിളങ്ങും. കഴുത്തിലും നെഞ്ചിലുമാണ് പൗഡർ പൂശുന്നത്. അത് കുറച്ചൊന്നുമല്ല.

എനിക്ക് ഏറ്റവും സന്തോഷമുണ്ടാക്കിയ കാര്യം, അവർ എന്റെ മുഖത്തും സ്നോ പുരട്ടുകയും പൗഡർ പൂശുകയും ചെയ്തു എന്നതാണ്. ഞാൻ അഭിമാനം കൊണ്ടു നെടുവീർപ്പിട്ടു.

എന്റെ ഏടത്തി അസൂയപിടിച്ചു മുറുമുറുത്തു.

ചെക്കനെ നാറണ്ണ്ടല്ലോ.

ഈ മഞ്ജുഭാഷിണിയെ യാതൊരു പ്രതിഫലവും സ്വീകരിക്കാതെയാണ് അച്ചാച്ചൻ അതിഥിയായി താമസിപ്പിച്ചത്. റിക്കാർഡ്പുരയോടുള്ള ബഹുമാനംതന്നെയായിരുന്നു അതിനു കാരണം. അവരെ ശല്യപ്പെടുത്തെരുതെന്ന് കുട്ടികളായ ഞങ്ങളെ ശട്ടംകെട്ടി. അവർക്കിഷ്ടപ്പെട്ട വിഭവങ്ങളുണ്ടാക്കാൻ അടുക്കളയിലേക്ക് ഉത്തരവു കൊടുത്തു.

ഇന്ത്യാ - ചൈന യുദ്ധം നടക്കുന്ന കാലമായിരുന്നു അത്. നാട്ടിലെ കടുത്ത ഭക്ഷണക്ഷാമം ഞങ്ങളുടെ അടുക്കളയേയും ബാധിച്ചു. അരിക്കായിരുന്നു ഏറ്റവും ക്ഷാമം. ഉണക്കക്കപ്പ ഇടിച്ചു പുട്ടുണ്ടാക്കിയാണ് ആളുകൾ വിശപ്പടക്കിയത്. "അമൃതേത്ത് കഴിക്കാൻ തമ്പുരാട്ടി വിരുന്നു വന്നോട്ക്കല്ലേ." എന്റെ ഒരു വല്യമ്മ അമർഷത്തോടെ ശബ്ദം താഴ്ത്തി പറഞ്ഞു.

തന്റെ ഏക സഹോദരൻ കമ്മാരേട്ടനേയും കൂട്ടിയാണു മഞ്ജുഭാഷിണി ആദ്യദിവസം വന്നത്. പടികയറിവരുമ്പോൾ ബാഗും കിടക്കയും മഞ്ജു ഭാഷിണി തന്നെയാണു ചുമന്ന

ത്. കാരണം കമ്മാരേട്ടൻ വികലാംഗനായിരുന്നു. ആൾ അധികമൊന്നും സംസാരിക്കുകയില്ല. കൂടി പ്പോയാൽ ഒരു വാക്ക്. പക്ഷേ പോകാൻ നേരക്ക് കമ്മാരേട്ടൻ വിങ്ങിക്കരഞ്ഞു.

കർക്കടവാവിന് വരണം അദ്ദേഹം പറ ഞ്ഞു.

ഏതു ഭാഗംകൊണ്ടാണ് കമ്മാരേട്ടൻ വിക ലാംഗനായിരിക്കുന്നതെന്ന് പറയാനൊക്കുകയില്ല. ശരീരത്തിന്റെ എല്ലാഭാഗവും കുഴപ്പം പിടിച്ചതാണ്. കൈയും കാലും മുഖവും അസ്ഥിമാത്രമായി ശോഷിച്ചതാണ്. പക്ഷേ, അസാധാരണമായ ഉയര മുണ്ട്. വടിയില്ലാതെ എഴുന്നേറ്റു നില്ക്കാനും, നട ക്കാനും കഴിയും. നടക്കുമ്പോൾ എങ്ങോട്ടെന്നി ല്ലാതെ ചാഞ്ഞും ചെരിഞ്ഞും കൊണ്ടിരിക്കും. ഞങ്ങളുടെ ചവിട്ടുപടികയറാൻ ആൾ കുറെ വിഷ മിച്ചു. പക്ഷേ ഈ കമ്മാരേട്ടൻ അസാമാന്യനായ ഒരു മന്ത്രവാദിയാണെന്ന കാര്യം അയാൾ പോയി ക്കഴിഞ്ഞ ശേഷമാണ് ഞങ്ങൾ കുട്ടികൾ അറിയുന്ന ത്. കടിച്ച പാമ്പിനെവരുത്തി വിഷം നക്കിയെടുപ്പി ക്കുന്ന മാന്ത്രികവിദ്യ അയാളുടെ പക്കലുണ്ട്. നിരാ ശഭരിതനായ പാമ്പ് കല്ലിൽ തലതല്ലിച്ചാവും. ദുർമൂർത്തികളേയും യക്ഷി പിശാചുകളേയും തന്ത്രത്തിൽ വരുതിയിലാക്കി ഉണക്കമീനിൽ ആവാഹിച്ചു വീട്ടിൽ കൊണ്ടുവയ്ക്കും. കള്ളിൽ കുഴച്ച തവിടാണ് പിന്നീട് ഈ ദുഷ്ടമൂർത്തി കൾക്കുള്ള ആഹാരം.

അല്പസ്വല്പം മന്ത്രവാദം മഞ്ജുഭാഷി ണിക്കുണ്ടായിരുന്നു. പാടത്ത് കായ്കറിനട്ട വേനൽക്കാലത്താണ് അതു വെളിപ്പെട്ടത്. വെള്ള രിയും മത്തനും തഴച്ചുവളർന്നു പൂവിടുന്ന നേര ത്താണ് ഏതെങ്കിലും ഒരു കരങ്കണ്ണൻ വന്ന് ആശ്ച ര്യപ്പെട്ടു നോക്കുക. അതോടെ എല്ലാം വാടിക്കരി യും. അക്കൊല്ലം ഓട്ടു കിണ്ടിയിലെ ജപിച്ചവെള്ളം തെളിച്ച് മഞ്ജുഭാഷിണി ഞങ്ങളുടെ കായ്കറി കളെ രക്ഷിച്ചു.

മഞ്ജുഭാഷിണിയുടെ ഏറ്റവും വലിയ മന്ത്രവിദ്യ അപ്രത്യക്ഷമാക്കലാണ്. അത് എനിക്ക് മാത്രമേ മനസ്സിലായിട്ടുള്ളു. എന്റെ അടുത്ത് ഉറ ങ്ങാൻ കിടക്കുന്ന അവരെ ഇടയ്ക്കു ഉണരുമ്പോൾ കാണുകയും ചെയ്യും. അപ്പുമാഷ്ക്ക് മന്ത്രവാദി കളെ വളരെ ഇഷ്ടമുണ്ടെന്ന് അവർ എന്നോടു പറ ഞ്ഞു.

അവരുടെ വീട് കടലിനടുത്താണെന്ന് അറിഞ്ഞപ്പോൾ കടൽ കാണണമെന്ന് നന്നായി വാശിപിടിച്ചു. അവർ ഒരു വിധം വഴങ്ങി. അവർ പറ ഞ്ഞു.

"കൊറെ അധികം വഴി നടക്കണ്ടിവരും."

ഞാൻ നടക്കും.

ഹെർബർട്ടുകനാലിനു മുകളിൽ ഒരിടത്തും അക്കാ ലത്തു പാലങ്ങൾ ഉണ്ടായിരുന്നില്ല. അതുകൊണ്ടു ഞങ്ങൾ ഏനാമാവിലേക്കുള്ള ബസ്സുകയറി ആ പ്രയാറ്റെ കിഴക്കേ നടയിലിറങ്ങി കടന്നു കടന്നു.

ഇനി അഞ്ചു നാഴികേണ്ടു നടക്കാൻ. കാല്വേദനിക്യോ?

അവർ ചോദിച്ചു. തൃപ്രയാറ്റെ പടി ഞ്ഞാറെനടയിൽ അക്കാലത്ത് വലുതായി പടർന്നു നിന്ന ഒരു ചോലമരം ഉണ്ടായിരുന്നു. ചേറ്റുവക്കും കൊടുങ്ങല്ലൂർക്കുമുള്ള കെ.കെ. മേനോൻ ബസ്സുകൾ അതിനു ചുവട്ടിൽ ആളെ കാത്തുകിടന്നു. യാത്രകൾക്ക് വിശ്രമിക്കാൻ ഒരു വഴിയമ്പലം ഉണ്ടായിരുന്നു. ബസ്സുകണ്ടക്ടർമാർ കാപ്പികുടിച്ചു ഒരു കണ്ട ക്ടറുടെ കയ്യിൽ നിന്നും ബിസ്കറ്റ് കഷണം താഴെ വീണു. അതു കിട്ടാൻ വേണ്ടി തെരുവുകുട്ടികൾ പൊരിഞ്ഞ അടിനട ത്തി. യുദ്ധം തീർന്നു.

പത്രം വായിച്ചുകൊണ്ടിരുന്ന ഒരു കണ്ടക്ടർ പറ ഞ്ഞു. ചൈനക്കാരു വാലുമടക്കി ഓടി. കൃഷ്ണമേനോൻ ആരാ മോൻ

അല്ലെങ്കിലും മേനോമ്മാർ പടനായന്മാരല്ലേ

ഇനിപ്പോ പീടികേല് അരി വരേരിക്കും

കുറെ തെരുവുകുട്ടികൾ ഞങ്ങളെ പിന്തുടർന്നു. കുട്ടി കൾ മഞ്ജുഭാഷിണിയുടെ സാരിതൊട്ട് ചെളിയാക്കി. എനിക്കു വല്ലാതെ ദേഷ്യം വന്നു.

ഇവറ്റകളെ മന്ത്രം ജപിച്ച് അകറ്റ്

ഞാൻ ആവശ്യപ്പെട്ടു.

ജപിച്ചാൽ ഇവറ്റ ചത്തുപോകും.

മഞ്ജുഭാഷിണി പറഞ്ഞു.

പടർന്ന പറങ്കിമാവുള്ള പറമ്പുകളിലൂടെ ഞങ്ങൾ നട ന്നു. വഴികളൊന്നുമില്ല. രാമച്ചം നട്ടുപിടിപ്പിച്ച മണൽക്കുന്നു കൾ മാത്രം. കാലുകൾ മണ്ണിൽ താണുപോകും. പറമ്പുകൾക്ക് വേലികളില്ല. മുട്ടിനുമേൽ വെള്ളമുള്ള നാലഞ്ചു ചെറുപാട ങ്ങൾ കടന്നു. തണുത്ത വെള്ളത്തിൽ പരൽമീനുകൾ എന്റെ കാലിൽവന്നു മുട്ടികളിച്ചു.

മഴക്കാലമാണെങ്കിലും അപ്പോൾ മഴയുണ്ടായിരുന്നി ല്ല. അകലെ ഇരമ്പം കേൾക്കാൻ തുടങ്ങി. എനിക്കു പേടിതോ ന്നി. കടലിന്റെ ശബ്ദമാണത്. നല്ല കാറ്റുവീശി. പറമ്പുകളിൽ ചെറിയ ചെറിയ വീടുകൾ കണ്ടു. ചുമരുകൾ മരപ്പലക ആണി യടിച്ച് ഉണ്ടാക്കിയവയാണ്. ചെങ്കല്ല് കെട്ടി തേക്കാത്ത രണ്ടു മൂന്നു വീടുകളുണ്ട്: അവ കൊളമ്പിൽപോയി പണിയെടു ക്കുന്നവരേതാണെന്ന് മഞ്ജു ഭാഷിണി പറഞ്ഞു. മാസംമാസം പോസ്റ്റുമാൻ മുഖാന്തിരം അവർക്കു പണംവരും.

മഞ്ജുഭാഷിണിയുടെ അച്ഛനും കൊളമ്പിലാണ്. പേരുകേൾപ്പിച്ച മന്ത്രവാദിയാണ്. പക്ഷേ നാട്ടിൽവരില്ല. കത്തോ പണമോ അയക്കില്ല. സിംഹളത്തിയായ ഒരു മന്ത്രവാ ദിനിയുടെ കൂടെ താമസിക്കുകയാണെന്നു ചില ആളുകൾ വന്നു പറഞ്ഞു. കുട്ടികളും ഉണ്ടത്രെ. ആണുങ്ങൾ അങ്ങനെയാ ണ്. മഞ്ജുഭാഷിണി പറഞ്ഞു. എല്ലാം പാതിവഴി ഇട്ടെറിഞ്ഞ് അവർ പോകും. നല്ല ശരീരമുണ്ടായിട്ടെന്താ, നിറം വെളുപ്പായിട്ടെന്താ ഹൃദയണ്ടാവണ്ടെ?

എന്റെ കമ്മാരേട്ടന് മാത്രണ്ട് ഹൃദയം

നിന്റെ അപ്പുമാഷ്ക്ക് ഹൃദയണ്ടോ? ന്നാള് ഒരു കവിത എടുതീലോ. എന്ത്ന്നാ. എന്റെ ഹൃദയകവാടത്തിൽ നീയൊരു താമരമൊട്ടുപോൽ മുട്ടി. കവിതേല് എഴുതിവച്ചിട്ട് കാര്യല്ലല്ലോ. നെഞ്ചില് വേണ്ടേ ഹൃദയം. ആണുങ്ങളൊക്കെ ഇങ്ങന്യാ.

ഞാൻ ഭയപ്പാടോടെ എന്റെ ഇടത്തെ നെഞ്ചില് തൊട്ടുനോക്കി. ഭാഗ്യം അവിടെ ചെറിയൊരുമിടിപ്പുണ്ട്.

കുറേപ്പറമ്പുകൾ പിന്നിട്ടപ്പോൾ അകലെ മരങ്ങൾ ഒടി ഞ്ഞിടത്ത് അത്യാഗതമായ വെളുത്ത ശൂന്യത കാണപ്പെട്ടു. കട ലാണത്. എന്റെ ഭയം വർദ്ധിച്ചു. നടത്തം പതുക്കെയായി. കട ലാക്രമണത്തെക്കുറിച്ചു ഞാൻ കേട്ടിരുന്നു. അടുത്തു ചെല്ലു ന്തോറും ഇരമ്പൽ വർദ്ധിച്ചുവന്നു. കടല് നമ്മുടടുത്തേക്കു കേറി വര്വോ? ഞാൻ ഭയന്നു ചോദിച്ചു.

(ശേഷം പേജ് 16ൽ)

**സിനിമ**

# ചലചിത്രത്തിന്റെ വിസ്മയ കാഴ്ച



ബേപ്പൂർ രാധാകൃഷ്ണൻ



കലയും കച്ചവടവും സമ്മേളിച്ച കാലത്തിന്റെ ഏറ്റവും മികച്ച വിനോദോപാധിയാണ് സിനിമ. സയൻസും സാങ്കേതിക ശാസ്ത്രവും ചേർന്ന് ജന്മം നൽകിയ ഈ കല, ജനജീവിതത്തെ ഏറെ സ്വാധീനിച്ചിട്ടുണ്ട്. ദൃശ്യമാധ്യമങ്ങളുടെ വിസ്മയാ വഹമായ വികാസം, സിനിമയുടെ സാങ്കേതിക ശാസ്ത്രങ്ങളിൽ പരിശീലനം നേടിയ പുതുതലമുറ ആധുനിക സിനിമയുടെ പ്രണേതാക്കളായിത്തീർന്നിരിക്കുന്നു. കലയ്ക്കും, കച്ചവടത്തിനും, ഇതിന് രണ്ടിനും തുല്യ പ്രാധാന്യം കൊടുത്തു കൊണ്ട്, സിനിമകൾ സർവ്വ സാധാരമണമാണ് എങ്കിലും കൃത്യമായൊരു അതിർവരമ്പ് നിർണയിക്കുവാൻ സാധ്യമല്ല താനും. കല സംവേദന ക്ഷമമാകണം എന്നതിൽ രണ്ടു പക്ഷമില്ല. ആസ്വാദകരിലെത്തിയെങ്കിലേ കലാസൃഷ്ടി പൂർണമാവുകയുള്ളു. മറ്റേതൊരു കലയിലേതുമെന്ന പോലെ സ്രഷ്ടാവിന്റെ ധിക്ഷണ പ്രേക്ഷകരെ നയിക്കേണ്ടതുണ്ട്. ഏത് മാധ്യമത്തിലായാലും അനുവാചകൻ അല്ലെങ്കിൽ ആസ്വാദകൻ അതിന്റെ സ്രഷ്ടാവ് ആവശ്യപ്പെടുന്ന നിലവാരത്തിലേക്ക് ഉയരാതെയും വയ്യ.

സമൂഹത്തിന്റെ സാംസ്കാരിക നിലവാരം പ്രതിഫലിക്കുന്ന കണ്ണാടികളാണല്ലോ കലകൾ. കച്ചവടക്കണ്ണുകളിലൂടെ സിനിമയെ വളർത്തിയെടുക്കുന്നവർ വികൃതവാസനാ സൃഷ്ടികൾ വിറ്റഴിക്കാനുള്ള ഒരു കമ്പോളമായി സമൂഹത്തെ കാണുന്നു. അവർ പ്രചരിപ്പിക്കുന്ന വിലകുറഞ്ഞ സെന്റിമെന്റലിസവും അതിഭാവുകത്വവും ഊതിവീർപ്പിച്ച നാടകീയ സംഘട്ടനങ്ങളും അതിർ വരമ്പുകൾ ഭേദിച്ച ആഭാസവും കൊണ്ട് പ്രേക്ഷകനെ ആവോളം വിരുന്നൂട്ടുന്നു. ചലചിത്രകാരൻ ധൈഷണികവും സാംസ്കാരികവും സർഗപരവുമായ നിലവാരത്തിലേക്ക് എത്തേണ്ടതിന് പകരം, സമ്മർദ്ദങ്ങൾക്ക് വിധേയമായി അനുരഞ്ജനത്തിന്റെ പാത തിരഞ്ഞെടുക്കുന്നു. ഫലമോ.... അകം പൊള്ളയായ ദുർമേദസ് ബാധിച്ച സിനിമകളുണ്ടാകുന്നു. പ്രബുദ്ധരായിക്കൊണ്ടിരിക്കുന്ന പ്രേക്ഷകസമൂഹത്തെ തിയേറ്ററുകളിലേക്ക് ആകർഷിക്കുവാനുള്ള കഴിവ് ഇത്തരം സിനിമകൾക്ക് നഷ്ടമായിക്കൊണ്ടിരിക്കുന്നു.

പുതുകാലത്തിന്റെ ഉദ്വേഗം നിറഞ്ഞ നാളുകളിൽ നമുക്കുചുറ്റിലും വളർന്നുവരുന്ന അപകടങ്ങളും ചതിക്കുഴികളും തിരിച്ചറിയാനാവാതെ കണ്ണഞ്ചിക്കുന്ന വിസ്മയ കാഴ്ചകളിലേക്ക് നാം അറിയാതെ അടുത്തുപോകുന്നു. വിപണന തന്ത്രങ്ങളെ നേരിടാനാവാതെ കമ്പോളവൽക്കരണത്തിന്റെ ഇരകളായി തീരുകയാണിവിടെ. സാംസ്കാരികാവബോധത്തിന്റെ പ്രസക്തി ഇവിടെ തുടങ്ങുന്നു. നവസിനിമകളെ കുറിച്ചുള്ള സ്വതന്ത്രവും സമഗ്രവുമായ ചർച്ചകൾക്ക് വിദ്യാർത്ഥിലോകം കാതോർക്കുന്നത് ശുഭോദർക്കമാണ്. ആധുനിക പ്രവണതകളേയും പ്രതിഭാസങ്ങളേയും വിലയിരുത്തത്തി പുതുതായി ഉരുത്തിരിഞ്ഞുവരുന്ന മൂല്യങ്ങളുടെ വെളിച്ചത്തിൽ സിനിമയുടെ സൗന്ദര്യ ശാസ്ത്രത്തെ പുനഃപരിശോധിക്കുന്നത് കാലത്തിന്റെ അനിവാര്യതയാണ്. ചലചിത്ര മാധ്യമങ്ങളെപ്പറ്റിയുള്ള വ്യക്തവും വിശദവുമായ വിജ്ഞാനം വിദ്യാർത്ഥികളിൽ വളരണം. സാംസ്കാരിക തലത്തിലേക്കുയരുന്ന കലയെന്ന തത്വത്തിൽ ചലചിത്രത്തിന് തനതായ വ്യക്തിത്വവും അനന്യസിദ്ധവുമായ ഒരു ഭാഷയുണ്ട്.

ചലചിത്രത്തിന്റെ കലാസാങ്കേതികാംശങ്ങളെ പറ്റിയുള്ള ആധികാരിക ഗ്രന്ഥങ്ങളും, ആനുകാലിക പ്രസിദ്ധീകരണങ്ങളും വായിച്ച് ചലച്ചിത്ര ഭാഷയോടടുക്കണം. ആസ്വാദനത്തിനപ്പുറമായി അനുഭവ പരിജ്ഞാനമുള്ള ചലച്ചിത്ര പ്രതിഭകളുമായി സംവദിക്കുവാനും അവരുടെ

സൃഷ്ടികളുമായി ഇടപഴകുവാനും വിദ്യാർത്ഥികൾക്ക് അവസരങ്ങളേറെയുണ്ട്. പരീക്ഷണ കുതുകികളായ ചില ചലച്ചിത്രപ്രവർത്തകരെ കണ്ടെത്തുവാൻ ഇതുവഴി സാധിക്കും. നവീനാശയങ്ങൾക്ക് മുമ്പിൽ മനസ്സ് തുറന്നു വെക്കുവാൻ സന്നദ്ധതയുള്ള പ്രേക്ഷക സമൂഹത്തെ സൃഷ്ടിച്ചെടുക്കുവാനും നമുക്ക് കഴിയണം. ചലച്ചിത്രാസ്വാദനം ഈ വ്യവസായത്തിന്റെ പ്രധാന ഘടകം തന്നെയാണ്.


സമൂഹത്തിന്റെ സംവിധാന ക്രമത്തിൽ ഓരോ വ്യക്തിക്കും പ്രസ്ഥാനത്തിനും കലയ്ക്കും അതിന്റേതായ വ്യക്തവും വ്യത്യസ്ഥവുമായ സ്ഥാനങ്ങളുണ്ട്. നിയതമായനുഷ്ഠിക്കേണ്ട കടമകളുണ്ട്. സിനിമക്ക് സമൂഹത്തോട് നിർവ്വഹിക്കുവാനുള്ള ഏറ്റവും വലിയ കടമ അതിന്റെ സൃഷ്ടികളെ ശക്തവും പ്രസക്തവും സത്യസന്ധവും ആക്കുക എന്നതുതന്നെ.

സാഹിത്യം, സംഗീതം, നാടകം, ചിത്രമെഴുത്ത് എന്നീ കലകൾക്ക് ഉദാരമായി നൽകിയിട്ടുള്ള ബഹുമാന്യതയും പദവിയും സിനിമക്ക് നമ്മുടെ സർവ്വകലാശാലകളിൽ നിന്ന് ഇനിയും ലഭിക്കേണ്ടതായിട്ടുണ്ട്. അർഹിക്കുന്ന പ്രോത്സാഹനവും സാങ്കേതിക സൗകര്യങ്ങളുടെ ലഭ്യതയും സുലഭമാകുന്നൊരു പരിതഃസ്ഥിതിയിൽ നവമുകുളങ്ങളിൽ നിന്ന് അത്ഭുതകരമായ സൃഷ്ടികൾ കാമ്പസുകളിൽ വെച്ചുതന്നെ നമുക്ക് സൃഷ്ടിച്ചെടുക്കുവാനാകും. ഉത്തമസിനിമാസ്വാദകരുടെ ഒരു ശൃംഖല ഉണ്ടാകുന്നതിനുള്ള വഴിയൊരുങ്ങുകയും ചെയ്യും. സാങ്കേതിക വിദ്യയും മനുഷ്യബുദ്ധിയും ഒത്തുചേർന്ന് യഥാർത്ഥ കലാകാരന്റെ ഉപാസനയും കൂടിയാവുമ്പോൾ രൂപപ്പെടുന്ന ചലച്ചിത്രം, ആസ്വാദകന്റെ ഭാഗത്തുനിന്നും സമാനമായൊരു സമീപനം ഉണ്ടാകുമ്പോൾ മാത്രമേ മറ്റേതു കലയേയും പോലെ ചലച്ചിത്ര കലയും യാഥാർത്ഥ്യമായിത്തീരുന്നുള്ളൂ.

കല, സാഹിത്യം, സംസ്കാരം ഇവ സമൂഹത്തിന്റെ നിലനിൽപ്പിന് ആധാര ശിലകളായി വർത്തിക്കുന്നു. വിദ്യാഭ്യാസം ജീവിതത്തിനുള്ളതാണ്. കേവലം ജീവിക്കാനുള്ളതല്ല. അറിവ് സമ്പാദനം ഒന്നിനും ഒരു പരിഹാരമല്ല; പ്രായോഗികമായ അറിവ്, അത് മനസ്സിന്റെ വാതായനം തുറക്കുന്നു. അവനവന്റെ പരിപൂർണ്ണ വികാസത്തിലേക്കുള്ള ഒരു ഉപാധിയായി പരിണമിക്കുന്നതാണ് കല- സാഹിത്യാദി സർഗ്ഗഭാവനകൾ. എല്ലാ കലകളും ജീവിതവുമായി ഒരുവിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ ബന്ധപ്പെട്ടിരിക്കുന്നു. സ്വപ്നവും ജീവിതവും തമ്മിലുള്ള ബന്ധം എന്തോ അതുതന്നെയാണ് ചലച്ചിത്ര രൂപവും. കലകൾ നമുക്ക് ഹൃദ്യമാവുന്നത് നാം ജീവിക്കുന്ന ജീവിതവും ചുറ്റുമുള്ള ലോകവും അതേപടി പകർത്തിവെക്കുന്നതുകൊണ്ടല്ല. മറിച്ച്, ജീവിതാനുഭവങ്ങൾ വേറൊരു ലോകത്തേക്ക് മാറ്റിയിട്ടെന്ന പോലെ അവതരിപ്പിക്കുമ്പോഴാണ്.

സിനിമ അടിസ്ഥാനപരമായി ഒരു പ്രകടനകലയാണ്. ദൃശ്യങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്ന പ്രകടനകല. ആധുനികതയുടെ വേഗത്തിനിടയിലും എളുപ്പത്തിൽ കഥപറഞ്ഞവസാനിപ്പിക്കുന്ന പ്രധാന മാധ്യമങ്ങൾ സിനിമയും ടെലിവിഷനും ഉൾപ്പെടെ ഇലക്ട്രോണിക്സ് മാധ്യമങ്ങളാണ്. കാഴ്ചയും ഭാഷയും സമ്മേളിക്കുമ്പോൾ സവിശേഷമായൊരു അവസ്ഥ രൂപപ്പെടുന്നു. കാഴ്ചക്ക് വ്യക്തവും കൃത്യവുമായ അർത്ഥപൂർത്തിയും ഭാവപരതയും ലഭിക്കുവാൻ ശബ്ദത്തിന്റെ കൂടി സാന്നിധ്യം ആവശ്യമാണ്. ഈ ശബ്ദ സാന്നിധ്യത്തെ സംഭാഷണമായും പശ്ചാത്തലസംഗീതമായും തരം തിരിച്ചിരിക്കുന്നു. സാഹചര്യങ്ങളുടെ പ്രത്യേകതയാണ് ഈ ശബ്ദങ്ങൾക്ക് അർത്ഥ വ്യാപ്തി പ്രദാനം ചെയ്യുന്നത്. ഛായാഗ്രഹണം, ചിത്രസന്നിവേശം തുടങ്ങിയ സാങ്കേതിക പ്രക്രിയയിലൂടെ സിനിമ പൂർണതയിലെത്തുന്നു.

ആയിരത്തി എണ്ണൂറ്റി തൊണ്ണൂറ്റിയഞ്ചിൽ ഫ്രാൻസിലെ ലൂമിയർ സഹോദരന്മാർ ഒന്നൊന്നര മിനുട്ട് നീണ്ടുനിൽക്കുന്ന ചലിക്കുന്ന ചിത്രങ്ങൾ തങ്ങളുടെ ക്യാമറയിലേക്ക് പകർത്തിയെടുത്തു. സ്റ്റേഷനിൽ തീവണ്ടി വന്ന് നിൽക്കുന്നതും കടലിൽ നിന്ന് കരയിലേക്ക് തിരകൾ ആഞ്ഞടിക്കുന്നതും ഫാക്ടറി വിട്ട് തൊഴിലാളികൾ പിരിഞ്ഞുപോകുന്നതും മറ്റുമാണ് അവരുടെ ക്യാമറ ആദ്യം ദർശിച്ച ദൃശ്യങ്ങൾ. 1927 ന് മുമ്പ് സിനിമ, കാണുവാൻ മാത്രമുള്ള കലാരൂപമായിരുന്നു. കാഴ്ചകൾ കാണുന്നതെന്തെന്ന് വിളിച്ചുപറഞ്ഞു തരുവാൻ പ്രദർശന സ്ഥലത്ത് മറ്റൊരാളുണ്ടാവും. ചലച്ചിത്രം സ്വപ്ന ചിത്രമായതോടെ കേൾക്കാനും കൂടിയുള്ള സൗകര്യമുണ്ടായി.



കൺമുമ്പിലുള്ള ഒരു വസ്തു അവിടെ നിന്ന് നീങ്ങിക്കഴിഞ്ഞാലും അതിന്റെ പ്രതിബിംബം കുറച്ച് നേരത്തേക്ക് കൂടി കണ്ണിൽ അവശേഷിക്കുന്നു എന്ന കണ്ടെത്തലാണ് ചലച്ചിത്രത്തിന്റെ കണ്ടുപിടുത്തത്തിലേക്ക് നയിച്ചത്. അവിരാമമായ അന്വേഷണത്തിന്റെയും സമർപ്പിത മനസ്കരായ എത്രയോ മനുഷ്യരുടെ അളവറ്റ ത്യാഗത്തിന്റെയും ഫലമാണ് സിനിമ.

ശാസ്ത്ര സാങ്കേതിക വിദ്യകളെ ഫലപ്രദമായി ഉപയോഗിച്ചുകൊണ്ട് ദൃശ്യ രൂപത്തെ കൂടുതൽ ശക്തിമത്താക്കിത്തീർക്കുന്നുണ്ട്. ചലനത്തിലൂടെ സാക്ഷാത്കരിക്കുന്ന ചിത്രങ്ങളും, പരസ്പരം കൂട്ടിച്ചേർത്ത ഇമേജുകൾ, ഒബ്ജക്ടും ക്യാമറയും, ക്യാമറമാത്രമായും, ഒബ്ജക്ട് മാത്രമായും ചലിപ്പിച്ച

വിസ്മയ കാഴ്ചയൊരുക്കുന്ന സംവിധായകപ്രതിഭയുടെ കരവിരുതാണ് സിനിമ. ക്യാമറക്ക് മുന്നിലും പിന്നിലുമായി ഒട്ടേറെ കലാകാരന്മാർ ചലച്ചിത്ര നിർമ്മാണവുമായി ബന്ധപ്പെട്ടു കിടക്കുന്നു.

ചലച്ചിത്രത്തിന്റെ ആത്മാവായി വർത്തിക്കുന്ന തിരനാടകത്തെ ചലചിത്രകാരൻമാർ ഷെനറിയെന്നും സ്ക്രീൻ പ്ലേ എന്നും തിരക്കഥയെന്നും പറയാറുണ്ട്. സിനിമയുടെ യഥാർത്ഥ ബ്ലൂ പ്രിന്റാണ് തിരക്കഥ. സ്വീക്വൻസുകളാലും സീനുകളാലും ബന്ധിതമാണിത്. ഇതാകട്ടെ മൊത്തത്തിലുള്ള പെർഫക്ഷനെ സ്വാതീനിക്കുന്നതുമായിരിക്കണം. ഒരു സീനിൽ നിന്ന് മറ്റൊരു സീനിലേക്ക് കട്ട്, ഫെയ്സ് ഇൻ, ഫെയ്സ് ഔട്ട്, ഡിസോൾവ് എന്നീ സാങ്കേതികമായ മാറ്റം കൊണ്ട് നിർവ്വഹിക്കപ്പെടുന്നു. തിരക്കഥക്ക് പല നിർവ്വചനങ്ങളുണ്ടായിട്ടുണ്ട്. അതിൽ ഏറ്റവും പ്രസിദ്ധമായത് തിരക്കഥാ സൈദ്ധാന്തികനായ സെയ്ദ് ഫീൽഡിന്റേതാണ്. ഒരു കഥയെ ചിത്രങ്ങൾ കൊണ്ട് പറയുന്നതാണ് തിരക്കഥ വസ്തുതകളെ ദൃശ്യാത്മകമായി ചിത്രീകരിക്കുവാൻ കഴിയുന്ന ശൈലിയാണതിന്. ചലച്ചിത്ര സ്രഷ്ടാവിന്റെ മനസ്സിലായാലും കടലാസ്സിലായാലും നല്ലൊരു തിരക്കഥ മൂർത്തരൂപം പ്രാപിച്ചുകഴിഞ്ഞതിനു ശേഷമേ നല്ലൊരു സിനിമക്ക് രൂപമെടുക്കാനാവുകയുള്ളൂ. സ്ക്രിപ്റ്റിൽ എഴുതിച്ചേർത്ത വരികൾ പലപ്പോഴും ലൊക്കേഷനിൽ ആവശ്യമില്ലാതെ വരും. എഡിറ്റിംഗ് ടേബിളിൽ അതിൽ പലതും അർത്ഥശൂന്യവുമായി വരികയും ചെയ്യും. വ്യാവസായികവും കലാപരവുമായ സമ്മർദ്ധങ്ങളാൽ തിരക്കഥയിൽ എപ്പോഴും തിരുത്തലുകൾ വേണ്ടിവന്നേക്കാം.

സിനാരിയോ (Scenario) മൂന്നുതരത്തിലുള്ളതാവാം.

ഒന്ന് : ചിത്രത്തിന്റെ കഥയും കഥാപാത്രങ്ങളും സംഭവങ്ങളുമടങ്ങുന്ന ഒരു ചെറിയ രൂപരേഖ.

രണ്ട് : കഥയും കഥാപാത്രങ്ങളും സ്വീക്വൻസുകളും അടങ്ങുന്ന കുറേക്കൂടി വിസ്തരിച്ചുള്ള പ്രതിപാദനം.

മൂന്ന് : പൂർണമായ തിരക്കഥ.

തിരക്കഥ പല ഘടകങ്ങളുടെയും സമന്വയമാണ്. തിരക്കഥയെഴുതുമ്പോൾ എഴുത്തുകാരന്റെ മനസ്സിൽ സെക്കന്റിൽ 24 ഫ്രെയിം എന്ന തോതിൽ ദൃശ്യങ്ങളോടുന്നു എന്ന് കാണണം. സ്വയം തിരക്കഥാ രചന നടത്തുന്ന സംവിധായകർക്ക് രചനാവേളയിൽ തന്നെ മനസ്സിൽ ചിത്രത്തെ ദൃശ്യവൽക്കരിച്ചെടുക്കാൻ കഴിയുമെന്ന ആനുകൂല്യമുണ്ട്. വിഷയത്തിന്റെ സവിശേഷതകൾ പ്രയോജനപ്പെടുത്തിയും സംവിധായകർക്ക് സമ്മർദ്ദങ്ങളില്ലാതെ ചിത്രീകരണം സാധ്യമാകും. ഒരു കഥ രൂപപ്പെട്ടുകഴിഞ്ഞാൽ ചലച്ചിത്ര നിർമ്മിതിക്കായി കഥാപാത്ര നിർണയം, ഇതിവൃത്തസൃഷ്ടി, ത്രിമാന കഥാപാത്രങ്ങളുടെ ശൈലി, ശരീരഭാഷാ വിനിയോഗം, ദൃശ്യ ശബ്ദ സൂചനകളുടെ അവതരണം, നാടകീയ മുഹൂർത്തങ്ങളുടെ രൂപഘടന എന്നിവ കഴിഞ്ഞാൽ ചിത്രീകരണത്തിനാവശ്യമായ സ്ഥലകാലഘടനകൾ എല്ലാം നേരത്തെ നിശ്ചയിച്ചിരിക്കും. അനുയോജ്യമായ ലൊക്കേഷൻ വരെ സംവിധായകൻ ചിലപ്പോൾ എഴുത്തു കാരനും ചേർന്ന് ചർച്ച ചെയ്ത് തീരുമാനമെടുക്കും. നിർമ്മാണ ഘട്ടത്തിൽ എല്ലാവരുടെയും ആശയങ്ങൾ സമന്വയിപ്പിച്ചുകൊണ്ട് ഉരുത്തിരിഞ്ഞുവരുന്ന കഥക്ക്, ആദ്യഘട്ടത്തിൽ എഴുത്തുകാരന്റെ സങ്കൽപ്പത്തിലുണ്ടായിരുന്ന മൗലികത മിക്കവാറും നഷ്ടമാകാറുണ്ട്. നിർമ്മാതാവും കൂടിച്ചേർന്ന് സംവിധായകൻ ഒരു വിശദമായ ഷൂട്ടിംഗ് സ്ക്രിപ്റ്റ് തയ്യാറാക്കുന്നു. ഇതിൽ ക്യാമറയ്ക്കുള്ള നിർദ്ദേശങ്ങൾ വരെ രേഖപ്പെടുത്തിയിട്ടുണ്ടാകും. ചലച്ചിത്രത്തെക്കുറിച്ച് തികഞ്ഞ അവബോധവും മാധ്യമത്തിന്റെ അനന്ത സാധ്യതകളും മനസ്സിലാക്കി നിതാന്ത ജാഗ്രതയോടെ പ്രവർത്തിച്ചാൽ മാത്രമേ ലക്ഷണമൊത്ത തിരക്കഥയും ഉത്തമമായ ചലച്ചിത്രവും നിർമ്മിച്ചെടുക്കാനാവുകയുള്ളു. ഓർമ്മകൾ മനസ്സിൽ കടന്നുവരുന്നതുപോലെ ക്രമം തെറ്റിയും, നില തെറ്റിയുമുള്ള ഒരു ഘടനയത്രെ സിനിമക്കുള്ളത്. സമാന്തരമായി പലതലത്തിൽ സംഭവിക്കുന്നത് ദൃശ്യവൽക്കരിക്കുന്നതിന്റെ കയ്യടക്കം വിദഗ്ധനായൊരു സംവിധായകന്റെ പ്രതിഭയെ വെളിച്ചത്ത് കൊണ്ടുവരുന്നു. അസാമാന്യമായൊരു രൂപശില്പത്തെ നിർമ്മിച്ചെടുത്ത് ചരിത്രത്തിന്റെയും ജീവിതത്തിന്റെയും അനുഭവങ്ങളുടെയും കരുത്തുറ്റ ദൃശ്യങ്ങൾ ഭാവനാത്മകമായി പ്രേക്ഷകന് മുന്നിൽ അവതരിപ്പിക്കുകയാണ് സംവിധായകൻ. 1900ത്തിൽ റോയ്മാക്ക് കാർഡിലാണ് ആദ്യതിരക്കഥ പുറത്തുകൊണ്ടുവന്നത്. ന്യൂയോർക്കിലെ ഒരു പത്രപ്രവർത്തകനായിരുന്നു അദ്ദേഹം. 1904ൽ തെഹ്റാനിൽ ആദ്യത്തെ സിനിമ പ്രവർത്തന ശാല പ്രവർത്തനമാരംഭിച്ചു. യൂറോപ്പിലെ ഏതുരാജ്യത്തോടുമൊപ്പം ഇന്ത്യയിലും സിനിമയുടെ ആദ്യദർശനങ്ങളിലൊന്ന് ബോംബെയിൽ വെച്ച് നടന്നിരുന്നു. സിനിമയുടെ വ്യവസായ സാധ്യതകൾ കണ്ടറിഞ്ഞ് ദാദാഫാൽക്കേ ആദ്യ ഇന്ത്യൻ ചിത്രം 1913 ൽ തന്നെ നിർമ്മിക്കുകയും ചെയ്തു.



1951 ൽ ഇന്ത്യയിൽ നടന്ന ആദ്യത്തെ അന്താരാഷ്ട്ര ചലച്ചിത്രോത്സവം ഇവിടത്തെ ഒരു സംഘം ഉൽപതിഷ്ണുക്കളുടെ കണ്ണു തുറപ്പിച്ചുവെന്നത് ചരിത്രസത്യമാണ്. നിയോറിയലിസ്റ്റിക് മാതൃകയിൽ 1955 ൽ പഥേർ

ശേഷം പേജ് 41ൽ

**പനങ്കുടിയിലെ റിക്കാർഡുപുര**
**(പേജ് 12ൽ നിന്ന് തുടർച്ച)**

കടലോ അതിവിടെ നടക്കില്ല. ന്റെ കമ്മാരേട്ടനുള്ള കാലം വരെ മൂപ്പര് മന്ത്രം ജപിച്ചു വെള്ളം തെളിച്ച് കടല് വെലക്കും. ആന മെരുങ്ങണപോലെ കടല് മെരുങ്ങും. ഒന്നു കെടന്നു അമരും. അത്ര തന്നെ. അതു കാരണല്ലേ കമ്മാരേട്ടനിവിടത്തെ നാട്ടുകാർക്ക് ദൈവായത്. പിന്നെ കുട്ട്യോടൊരു കാര്യം പറയ്യാണ്. ന്റെ വീട്ടില് കണ്ട കാര്യങ്ങളൊന്നും അവിടെച്ചെന്നു പറയരുത്. ഒക്കെ മന്ത്രരഹസ്യങ്ങളാ. ന്റെ വീടിത്തിരി ചെറുതാണ്. മന്ത്രവാദികൾക്കു ചെറിയ വീട്ടിലേ പാർക്കാൻ പാടുള്ളു. ന്റെ കമ്മാരേട്ടൻ വിചാരിച്ചാല് ദാന്ന് പറയുമ്പോഴേക്കും ഏഴ്നില വീട്പണി പണിയും. കടലിന് വളരെ അടുത്തായിരുന്നു ആ വീട്. ഓല കുത്തി മറച്ചതാണ്. തറയ്ക്ക് ഒരു കല്ലു ഉയരം മാത്രം. ചെറിയൊരു ഇറയും. ഇറയത്തു തേച്ച ചാണകം പൊട്ടിപ്പൊളിഞ്ഞു ആകെ ഒരു മുറി മാത്രമേയുള്ളു. മുറ്റത്തെ അടുപ്പിൽ വെച്ചാണ് ഭക്ഷണ മുണ്ടാക്കുന്നത്.

മഞ്ജുഭാഷിണിയുടെ അമ്മ മുറ്റത്തിരുന്ന് അടുപ്പുകത്തിക്കുകയായിരുന്നു. തീ പടർന്ന മുഖത്തോടെ അവർ എഴുന്നേറ്റു. ജടപിടിച്ച മുടി ഗോപുരം പോലെ അവർ കെട്ടിവെച്ചിരിക്കുന്നു. നെറ്റി നിറച്ചും ഭസ്മം തേച്ചിട്ടുണ്ട്. വെളുത്ത മല്ലിന്റെ മുണ്ടും ജാക്കറ്റും മുഷിഞ്ഞു കറുത്തു. അവർ ഉത്സാഹത്തോടെ പറഞ്ഞു. നീയറിഞ്ഞോ. കടപ്പുറത്ത് എമ്മണ്ടനൊരു കപ്പല് വന്നിട്ടുണ്ട് കൊളമ്പീന്ന്. ചെല്ലണോർക്കൊക്കെ ചാക്ക് ചാക്കായിട്ടാ അരി കൊടക്ക്ണ്.

കപ്പലോ ഞാൻ ആശ്ചര്യപ്പെട്ടു

കൊളമ്പില് കുന്ന്കുന്നായിട്ടല്ലെ അരി കൊടുക്ക്ണ്. അരികിട്ടീറ്റെന്താ കാര്യം മെളക്ണ്ടോ ഒര് പിടി? കെഴക്കൻ മെളക്. ഒന്ന് ചുട്ട് ചമ്മന്തിപൊടിക്കാൻ. മൊളക് ആദ്യം അടുപ്പിലിട്ട് ചുടണം ന്നട്ട് ഉപ്പും കോൽ പുളിം ഉള്ളിം കൂട്ടി തരുമ്മി കോരിപ്പലകേല്ട്ട് ഞെരുക്കണം. ഇത്തിരി എണ്ണേല് ചാലിക്കണം. ഒന്ന് തൊട്ട് നാവ്മ്മെ വച്ചാ മതി ഒരെടങ്ങഴി ചോറുണ്ണും ഒരാള്

അമ്മൊന്ന് മിണ്ടാണ്ടിരിക്കുന്നുണ്ടോ?

മഞ്ജുഭാഷിണി അരിശപ്പെട്ടു.

ഞാൻ മിണ്ടീറ്റാണോ നിന്റച്ഛൻ കൊളമ്പില് പോയത്? ഇനിക്ക് നെന്റെ ഓശാരൊന്നും വേണ്ട. കപ്പല് വന്നിട്ടുണ്ട്. ഞാൻ പൂവും കൊളമ്പിലേക്ക്. നീ ആളെ മയക്കാൻ നടന്നട്ട് ഇനിക്കെന്താ കൊണ്ടന്നത്. മിങ്കൂട്ടി ഒരു രുള ചോറ് ഞാനുണ്ടിട്ട് കാലത്ര്യായി

അവർ തേങ്ങിക്കരഞ്ഞു.

എനിക്കു ഭയം തോന്നി. എന്നെ അവർ നോക്കുന്നുണ്ടെങ്കിലും കാണുന്നുണ്ടായിരുന്നില്ല. നോട്ടം ഞാനും കടന്ന് അന്തമില്ലാത്ത എവിടെക്കോ പാഞ്ഞു പോയി. അതിനിടയിൽ അവർ ശ്രദ്ധാപൂർവ്വം അടുപ്പു പൂട്ടുകയും ഒരലുമിനി യക്കലം ഇറക്കിവെക്കുകയും ചെയ്തു. എന്നിട്ടു പിന്നെയും കരഞ്ഞു.

അകത്തെ മുറിയിൽ ഇരുട്ടായിരുന്നു. മെല്ലെമെല്ലെ ദൃശ്യങ്ങൾ തെളിഞ്ഞു. അഴയിൽ കാവി, മഞ്ഞ, പച്ച, കറുപ്പ്, വെള്ള നിറങ്ങളിലുള്ള കോറത്തുണികൾ അലക്കി വിരിച്ചിരിക്കുന്നു. താഴെ നൂല് ചുറ്റിയ മൺകുടുക്കകൾ, പട്ടുവിരിച്ച പീഠങ്ങൾ, വാടിയ വാഴയിലകൾ കരിഞ്ഞതൃത്താവ്, ചെത്തിപ്പൂവ്, ഒരു കെട്ടുമയിൽപ്പീലി, കീറിയ ഉണക്കസ്രാവ്, ഓലകൊണ്ടുള്ള ചുവരിൽ നിറയെ ദൈവങ്ങളുടെ കലണ്ടർ ചിത്രങ്ങൾ ഒട്ടിച്ചിരിക്കുന്നു. ചന്ദ്രിക സോപ്പു തേച്ചുകുളിക്കുന്ന നഗ്നസുന്ദരിയും.

മൂലയിലെ ഒരു പായയിൽ കമ്മാരൻ മന്ത്രവാദി കിടന്നിരുന്നു. നടക്കുമ്പോൾ ചാഞ്ഞും ചരിഞ്ഞുമിരുന്നു കൈകാലുകൾ ഇപ്പോൾ നേരെയാണ് വെച്ചിരിക്കുന്നത്. യാതൊരനക്കവും ഇല്ല. കണ്ണടച്ചിട്ടുണ്ട്. പല്ലുകൾ മുഴുവൻ പുറത്തു കാണിച്ചിരുന്നു. പക്ഷേ ചിരിയല്ല അത്.

ഏട്ടാ മഞ്ജുഭാഷിണി വിളിച്ചു.

ങ്ങും ആഴത്തിൽനിന്നെന്ന പോലെ ഒരു മൂളൽ പുറത്തുവന്നു.

ഇവിടെ നിക്കണ്ട മഞ്ജുഭാഷിണി സ്വകാര്യത്തിൽ എന്നോടുപറഞ്ഞു

ഏട്ടൻ മന്ത്രവാദം ചെയ്യാണ്

രാത്രിയിൽ കടലിന്റെ ശബ്ദം വർദ്ധിച്ചു. പലമാതിരി ശബ്ദങ്ങളാണ്. ചിലപ്പോൾ സിംഹത്തിന്റെ ഗർജ്ജനം പോലെ. പാറകൾ താഴെ വീഴുന്ന പോലെ. കുറുക്കൻമാർ ഒന്നിച്ചു ഓരിയിടുന്നതുപോലെ. ഓടക്കുഴൽ വിളിക്കുന്നതുപോലെ കാൽച്ചിലങ്ക കിലുങ്ങുന്നതുപോലെ. ആരോ കരയുന്ന പോലെ ചിലപ്പോൾ നേരിയ ചാറ്റൽ മഴ പോലെയും.

ശബ്ദങ്ങൾക്ക് കാതോർത്ത് ഞാൻ ഉറങ്ങാതെ കിടന്നു. എങ്കിലും എനിക്കത്ര ഭയം തോന്നിയില്ല കടൽ എത്ര ക്ഷോഭിച്ചാലും വിലക്കി നിർത്താൻ കഴിവുള്ള ഒരാൾ ഈ മുറിയിൽ തന്നെ ഉറങ്ങുന്നുണ്ടല്ലോ, പിറ്റേദിവസം പുലർച്ചക്ക് ഉറക്കമെണീറ്റ് പടഞ്ഞാട്ടു നോക്കിയപ്പോൾ ഞാൻ ആശ്ചര്യപ്പെട്ടു. കടൽ ഒരു തടാകം പോലെ ശാന്തമായി കിടക്കുന്നു. നല്ല ചാരനിറം. എവിടെ ആകാശം, എവിടെ കടൽ, എവിടെ ഭൂമി എന്നുപറയാനൊക്കുകയില്ല. അതിരുകൾ മാഞ്ഞു.

റിക്കാർഡുപുരയിൽ ആറുമാസത്തേക്കായിരുന്നു മഞ്ജുഭാഷിണിയുടെ താൽക്കാലിക നിയമനം. ആറുമാസം തികയുന്നതിനു രണ്ടു ദിവസം മുമ്പേ അവരത് അവസാനിപ്പിച്ചു. റിക്കാർഡ് പുരയിലെ ഇരുട്ടുള്ള റിക്കാർഡ് മുറിയിൽ അവർ തൂങ്ങിമരിച്ചു. സന്ധ്യയ്ക്ക് പൂട്ടി താക്കോലും കൊണ്ടു ശിപായി പോയതാണ്. അവർ എങ്ങനെ അകത്തുന്നുവെന്ന് ആർക്കും നിശ്ചയമില്ല. കാലങ്ങൾ കടന്നു പോയിട്ടും. ഇന്നും. റിക്കാർഡ് പെരേലെ പഴയ രജിസ്ട്രർ പുസ്തകങ്ങൾ മിക്കതും നശിച്ചു. കൊറേ മഴ ചോർന്നു നനഞ്ഞു. കൊറെ ചെതല് തിന്നു. ആര് ശ്രദ്ധിക്കാനാ. കാട്ടിലെ മരം, തേവരുടെ ആനാന്നല്ലെ

അപ്പുമാഷ് പറഞ്ഞു

നീ എനിക്കൊരു ഉപകാരം ചെയ്തു തരണം ദാസാ

അദ്ദേഹം എന്റെ അടുത്തേക്ക് നീങ്ങി ശബ്ദം കുറച്ചു.


മരിക്കണേനു തൊട്ടുമുമ്പ് മഞ്ജുഭാഷിണി ആത്മഹത്യ കുറിപ്പെഴുതി ഏതോ രജിസ്ട്രറു പുസ്തകത്തിന്റെ അകത്തു വെച്ചിട്ടുണ്ട്. അതു സത്യം

ഓരോ കാലത്തും സ്വപ്നത്തിൽ ഞാനതു പല രൂപത്തിൽ വായിക്ക്യാണ്. കൊല്ലം മുപ്പതു കഴിഞ്ഞു. നീ അത് തപ്പിയെടുത്ത് എനിക്ക് തരണം. ചെറിയച്ഛനോടു നീ ചെയ്യേണ്ട കടപ്പാടാഅത്.


അദ്ദേഹം മറ്റൊന്നു പറയാതെ പടികടന്നു പോയി. ●

**ലേഖനം**

# നമ്മുടെ അവസാനത്തേ തണ്ണീർ തടങ്ങൾ സംരക്ഷിയ്ക്കപെടുമോ?



വിനോദ്കുമാർ ദാമോദർ



ഈ കഴിഞ്ഞ ദിവസം ലോക തണ്ണീർ തട ദിനമായി ആചരിച്ചപ്പോൾ നമ്മുടെ തണ്ണീർതടങ്ങളുടെ യഥാർത്ഥ സ്ഥിതിയേപറ്റി പലരും വിലയിരുത്തി. പരിസ്ഥിതി സംരക്ഷിയ്ക്കുന്നതിൽ ഈ ജല സംഭരിത നിലങ്ങളുടെ യഥാർത്ഥ പ്രാധാന്യം മനസ്സിലാക്കത്തതിന്റെ കാരണമായിട്ടാണെന്ന് പല പ്രമുഖ പരിസ്ഥിതി സംഘടനകൾ വിലയിരുത്തിയിരുന്നു. തണ്ണീർതടങ്ങളുടെ വിപുലമായ ഉപയോഗങ്ങൾ, പ്രാധാന്യം തുടങ്ങിയ ജനങ്ങളിലെത്തിയ്ക്കുവാൻ സെൻട്രൽ വാട്ടർ കമ്മീഷൻ, കേന്ദ്ര ജലവിഭവവകുപ്പ് തുടങ്ങിയവർ അന്നേദിവസം വിവിധ സെമിനാറുകൾ തുടങ്ങിയവ സംഘടിപ്പിച്ചതിൽ തണ്ണീർ തടങ്ങളുടെ പരമോദ്ദാഹരണമായ കണ്ടൽ കാടുകളുടെ നാശമാണ് തണ്ണീർ തടങ്ങളുടെ നാശത്തിന്റെ പ്രധാന കാരണമെന്നും വിലയിരുത്തി.

1971 ലേരാം സാർകൺവെൻഷനിൽ വെച്ചാണ് ആദ്യമായി അന്താരാഷ്ട്രതലത്തിൽ തന്നെ തണ്ണീർ തടങ്ങൾ സംരക്ഷിക്കേണ്ടതായിട്ടുള്ള ചർച്ച നടന്നത്. ഇറാനിലേ രാംസാറിൽ ഈത്തരത്തിൽ സുപ്രധാന ഒരു അന്തരാഷ്ട്രയോഗം നടന്നുവെങ്കിലും നാലുപതിറ്റാണ്ടുകൾക്ക് ശേഷവും അവ സംരക്ഷിക്കുവാനോ അവയേപറ്റി കൂടുതൽ മനസ്സിലാക്കാനോ താൽപ്പര്യം കാണിക്കുന്നവരുടെ എണ്ണം വളരെ വളരെ തുച്ഛം മാത്രം.

കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം ഫെബ്രുവരി 19-ാം തിയ്യതി ഇറക്കിയ ഉത്തരവ് ട.ഛ. നമ്പ്ര 114 (ഋ) പാർട്ട് കക സെക്ഷൻ 3, സബ്, സെക്ഷൻ (11) 20-2-1991 പ്രകാരം വെറ്റ് ലാൻഡ് എന്ന് വെച്ചാൽ ചതപ്പായി കിടക്കുന്ന ഏതു ജലവും പ്രകൃതി ദത്തമായതും മനുഷ്യ നിർമ്മിതവുമായ എല്ലാ തരത്തിലുള്ള ജലവും സംരക്ഷിത വിഭാഗത്തിൽപെടും. എന്നാൽ ഇവയൊന്നും തന്നെ ഇന്നത്തേ വളർന്നു വരുന്ന ചെറുപ്പക്കാർക്ക് ശ്രദ്ധിയ്ക്കാൻ താൽപ്പര്യമില്ലായെന്നുള്ളതാണ് പ്രശ്നം.

1991 ലേ രാം സാർ കൺവെൻ ഷനിൽ വെച്ചു തന്നെ ലോകത്തിലേ തണ്ണീർ തടങ്ങൾ പ്രത്യേകമായി എടുത്തു പറയുകയും ഇതിൽ ഇന്ത്യയിലേയും പ്രത്യകേച്ച് കേരളത്തിലേയും പല തണ്ണീർ തടങ്ങളേയും പ്രതിപാദിച്ചിട്ടുണ്ട്.

എന്നാൽ പലപ്പോഴും തണ്ണീർ തടങ്ങൾ അനാവശ്യമായി ജലം കെട്ടിക്കിടക്കുന്ന സ്ഥലങ്ങളാണെന്നും ഇവ നികത്തി ഇവിടങ്ങളിൽ വൻ കെട്ടിടങ്ങൾ നിർമ്മിച്ചാൽ വൻലാഭങ്ങൾ കൊയ്യാമെന്നുമാണ് നാം ചിന്തിക്കാറുള്ളത്.

ഒരു കാലത്ത് തണ്ണീർതടങ്ങളുടെ ഉറവിടങ്ങളായ ഇന്നത്തേ മഹാനനഗരങ്ങളെന്ന് നാം വിശേഷിപ്പിയ്ക്കുന്ന മുംബൈ, കൊച്ചി തുടങ്ങിയവ കോൺഗ്രീറ്റ് വനങ്ങളായി നാം മാറ്റിയെടുത്തത് വളരെ പെട്ടന്നായിരുന്നു. എന്നാൽ ഇന്നും നഗരങ്ങളിലെ പരിസ്ഥിതി പ്രാധാന്യം മനസ്സിലാക്കി മുപ്പതിനായിരം കിലോമീറ്റർ പറന്ന് ഇവിടെ, തണുപ്പു രാജ്യങ്ങളിൽ നിന്നും കണ്ടൽകാടും തണ്ണീർ തടങ്ങളും തേടിയെത്തുന്ന ദേശാടന പക്ഷികൾ വളരെ അൽഭുതമുളവാക്കുന്നു.

ഈ സംഗതി കണക്കിലെടുത്ത് മുംബൈ നഗരത്തിലെത്തുന്ന അപൂർവ്വ പക്ഷികളായ ഫ്ലെമിങ്ഗോസ് ആവാസ മേഖലകൾ ഫ്ളെമിങ്ഗോ സെഞ്ചറിയായി പ്രഖ്യാപിയ്ക്കാൻ മഹാരാഷ്ട്ര സർക്കാർ തീരുമാനിച്ചിരിയ്ക്കുകയാണ്.

പരിസ്ഥിതിയ്ക്ക് ദോഷം ചെയ്യുന്ന ഈ മേഖലയ്ക്കടുത്ത മുഴുവൻ ഫാക്ടറികളും കർക്കശ പ്രവർത്തന രീതികൾക്കും മാനദണ്ഡങ്ങൾക്കും വിധേയമായി പ്രവർത്തിയ്ക്കണമെന്നായിരിക്കും വ്യവസ്ഥ.

എന്നാൽ വർഷങ്ങൾ കഴിഞ്ഞിട്ടും രാം സാർ കൺവെൻഷനിൽ എടുത്ത തീരുമാനപ്രകാരം



അതാത് സംസ്ഥാന തണ്ണീർ തടങ്ങൾ സംസ്ഥാന സർക്കാർ സംരക്ഷിക്കുന്നില്ലയെന്നാണ് കണ്ടുവരുന്നത്.

ഈത്തരത്തിൽ തണ്ണീർ തടങ്ങളുടെ കേന്ദ്രമായിരുന്ന കൊച്ചി ഇന്ന് കേരളത്തിലെ ഏറ്റവും വലിയ മാലിന്യ കേന്ദ്രമായി മാറിയിരിക്കുകയാണ്.

വൻ വികസനം എന്നും ചിലർ വിശേഷിപ്പിക്കുന്നുണ്ടെങ്കിലും മംഗള വനം പോലുള്ളവയുടെ നിലനിൽപ്പ് വളരെ രൂക്ഷമായ അപകട സ്ഥിതിയിലാണെന്ന് ഓർമ്മിയ്ക്കാൻ ഇന്ന് എത്ര പേർകാണും?

രാംസാർ കൺവെൻഷനിൽ ലോകത്തൊട്ടാകെ 1000 ഇടങ്ങൾ പൂർണ്ണ തണ്ണീർ തട സംരക്ഷിത മേഖലയായി പ്രഖ്യാപിയ്ക്കണമെന്നാണ് തീരുമാനം. ഈ മേഖലയുടെ മൊത്തം വിസ്തീർണ്ണം 800000 ചതുരശ്ര കിലോമീറ്ററാണ് അന്ന് കണക്കാക്കിയിരുന്നത്. എന്നാൽ ഇവയിൽ പലതും കേരളത്തിലായിരിക്കേ ഇവ എവിടെയാണെന്നുപോലും രാംസാർ കൺവെൻഷൻ തീരുമാനങ്ങൾ സംരക്ഷിക്കേണ്ടവർക്കറിയില്ല.

കോഴിക്കോട്ടുള്ള ഒരു പ്രധാന തണ്ണീർ തടത്തിന്റെ കാര്യം തന്നെയെടുക്കാം.

കോട്ടൂളി തണ്ണീർ തടം പ്രധാനപ്പെട്ട ഒരു പക്ഷി സങ്കേതമായിരുന്നു. നഗരത്തിലെ വെള്ളപ്പൊക്ക നിയന്ത്രണ ഉപാധിയായിരുന്നു. എന്നാൽ സ്ഥിതിയെല്ലാം തന്നെ മാറിവരികയാണ്. തൊട്ടടുത്ത സ്വപ്നനഗരി ഗ്രൗണ്ടിൽ നടക്കുന്ന പരിപാടികൾ മൂലമുണ്ടാകുന്ന വൻ ശബ്ദശല്യം പക്ഷികളെ ഇവിടെ നിന്നും അകറ്റുന്നു. മാത്രമല്ല. കോട്ടൂളി തണ്ണീർ തടം ഇന്ന് നാശത്തിലേയ്ക്ക് പതിക്കുകയാണ്. അപൂർവ്വ പരിസ്ഥിതി സംഗമത്തിന്റെ ഉറവിടങ്ങളായ തണ്ണീർ നിലങ്ങൾ നികത്തുന്ന വാർത്തകൾ ഇന്ന് പത്രങ്ങളിൽ പലരും വായിക്കാൻ പോലും താൽപര്യം കാണിക്കാത്ത നിത്യസംഭവങ്ങളായിമാറികഴിഞ്ഞു.

41 വർഷങ്ങൾക്ക് മുമ്പ് തന്നെ ഇറാനിലെ രാംസാറിൽ ചതുപ്പുനിലങ്ങളെ സംരക്ഷിക്കേണ്ടതായിട്ടുള്ള തീരുമാനം നടപ്പാക്കുന്നതു വരെ വികസനം വരുന്നതിൽ നിന്നും അകറ്റുന്നു. കണ്ടൽകാട് പ്രദേശത്തെ സരോവരം ബയോപാർക്ക് എന്ന പേരുനൽകിയതോടെ വിരുന്നുകാരുടെ തള്ളിക്കയറ്റം ഇവിടെ പ്ലാസ്റ്റിക്ക് കൂമ്പാരങ്ങളുടെ ഇടമാക്കിമാറ്റിയെടുത്തു.

കേരളത്തിലെ ഇന്നത്തെ പ്രധാന തണ്ണീർ തടങ്ങൾ അഷ്ടമുടിക്കായൽ, ശാസ്താം കോട്ടകായൽ തുടങ്ങിയവ പല തണ്ണീർ തടങ്ങളും രാം സാർ സൈറ്റിൽ പെടുത്തി സംരക്ഷിയ്ക്കുവാൻ തീരുമാനിച്ചിരുന്നെങ്കിലും ഇന്നും ഭീക്ഷണി നേരിട്ടുകൊണ്ടിരിക്കുന്ന തണ്ണീർ തടങ്ങളുടെ പട്ടികയിൽ ഇവ ഒന്നാം സ്ഥാനത്താണ്.

കൂടാതെ കോഴിക്കോട് ജില്ലയിലെ പ്രധാന തണ്ണീർ തടങ്ങളിൽ ചെറുവണ്ണൂർ, മേപ്പയ്യൂർ, തിക്കോടി, എലത്തൂർ, മാവൂർ, ഒളവണ്ണ, കടലുണ്ടി, വള്ളിക്കുന്ന്, തേഞ്ഞിപ്പാലം തുടങ്ങിയവക്ക് ഭീക്ഷണി നിലനിൽക്കുന്നുണ്ടെങ്കിലും ഇന്ന് ബാക്കിനിൽക്കുന്ന ചില പ്രസിദ്ധ തണ്ണീർ തടങ്ങളാണ്.

ഇതിൽ മാവൂർ, കടലുണ്ടി തുടങ്ങിയവ ദേശാടനപക്ഷികളുടെ ആവാസ കേന്ദ്രങ്ങളാണ്. ഇവിടെ വിരുന്നിനെത്തുന്ന ദേശാടനപക്ഷികൾ മുട്ടയിട്ട് കുട്ടികളെ വിരിയിച്ചു മുട്ടവിരിഞ്ഞ കുഞ്ഞുങ്ങളുമായി നാട്ടിലേയ്ക്ക് മടങ്ങി പോകുന്ന സവിശേഷതയാണ് കാണുന്നത്.

ഒരു ടൂറിസ്റ്റ് കേന്ദ്രമായ കടലുണ്ടി പക്ഷി സങ്കേതം പ്ലാസ്റ്റിക്ക് കൊണ്ടുള്ള കൂമ്പാര കേന്ദ്രമായി മാറിയിട്ടുണ്ട്.

ബാക്കിയുള്ള നമ്മുടെ അവസാന തണ്ണീർ പന്തലുകളെങ്കിലും സംരക്ഷിക്കുവാൻ പ്രായോഗിക നടപടികൾ വന്നാൽ അത് മനുഷ്യരാശിക്കുതന്നെ ഗുണം ചെയ്യും.

●



# നെക്സ്ടെക് കമ്പ്യൂട്ടേർസും

## പ്രമുഖ സർവ്വീസ് സഹകരണ ബാങ്കുകളും ചേർന്ന് ഒരുക്കുന്ന

## ബ്രാന്റഡ് കമ്പ്യൂട്ടർ, ലാപ്ടോപ്പ്

# ലോൺ മേള

എക്സ്ചേഞ്ച് സൗകര്യം ലഭ്യമാണ്

*Conditions apply




## 3 വർഷ വാറന്റി

ലളിതമായ മാസതവണ വ്യവസ്ഥയിൽ

**acer branded computer with LCD monitor 18,990/-**

# NEXTECH COMPUTERS


743/B1 1st Floor, Snehathara Complex, Near Padmasree Kalyana Mandapam,
Samooham Road, Tali, Chalappuram, Calicut - 673 002, Ph: 0495 - 2303002, 4040201,4040202,
e-mail: sales@nextechindia.com www.nextechindia.com

PALAKKAD • VADAKARA • KANNUR • WAYANAD

**Mob : 9288880044, 9288880077**

കഥ

# മുണ്ടൂര്



മുണ്ടൂർസേതുമാധവൻ

ഇരുപത്തിഒമ്പതാം തിയ്യതി പുലർച്ചയ്ക്കാണ് അമ്മിണിയ്ക്ക് പ്രസവവേദന തുടങ്ങിയത്. അതിരാവിലെ കിടക്കപ്പായിൽ നിന്ന് കുലുക്കിയുണർത്തി അവൾ പറഞ്ഞു.

ഏട്ടാ, ഒരു വല്ലായ്മ

നടുക്കത്തോടെ ഞാൻ പിടഞ്ഞെണീറ്റു. ഇന്ന് ഇരുപത്തിഒമ്പത് ഈശ്വരാ. എന്റെ തലയ്ക്ക് തീപിടിച്ചു. തികച്ചും അപ്രതീക്ഷിതം. ഡോക്ടർ പറഞ്ഞ തീയതിയിൽനിന്നും പതിനഞ്ചു ദിവസം നേരത്തെ. ഒന്നാം തിയ്യതിക്കുശേഷം എല്ലാം ഒരുങ്ങിയിരിക്കാൻ നിശ്ചയിച്ചതാണ്. ഒന്നും ഇല്ലെന്നുവരരുത്. ഒന്നിനും മുടക്കം ഉണ്ടാവരുത്.

ഏട്ടാ–

എഴുന്നേറ്റ് മുണ്ടുശരിപ്പെടുത്തി അമ്മിണി വിളക്കിട്ടു. അവളുടെ കുരുത്തോലപോലുള്ള മുഖം വിഹ്വലത ഇരമ്പുന്ന കണ്ണുകൾ. അപേക്ഷാഭാവം.

അമ്മു പേടിക്കേണ്ട. വിറയാർന്ന തൊണ്ട മെരുക്കുന്നതിനിടയിൽ ഞാൻ അവളുടെ കവിളിൽ തലോടി. വിയർക്കുന്ന പുറം തലോടി അവളുടെ കണ്ണുകൾ തുളുമ്പി.

അമ്മു ഇങ്ങനെ പേടിച്ചാലോ? ഒക്കേനും ഞാനില്ലേ?

മനസ്സിൽ താൻ പരക്കംപായുന്നത് അവൾ അറിയരുത്. അവൾക്കാവശ്യം രക്ഷയാണ്. ആത്മവിശ്വാസം ഞാൻ തലയുയർത്തിപ്പിടിച്ച് കൂസലില്ലാത്ത ഭാവത്തിൽ അടുക്കളയിലേക്ക് പോയി. അടുപ്പുകത്തിച്ച് കട്ടൻകാപ്പിയുണ്ടാക്കി. കാപ്പി പതുക്കെ മനസ്സിൽ തിളച്ചു. ഈ ഇരുപത്തിഒമ്പതിന് – ആകെ, കപ്പൽ തകർന്ന് നടുക്കടലിൽ പെട്ടതുപോലെ. ഏതുദിശയിലാണ് കര?



കട്ടൻ രണ്ടു ഗ്ലാസ്സിൽ പകർന്ന് വീണ്ടും മുറിയിലെത്തി. അവൾ ഇടുപ്പിൽ വെച്ച കൈ ചേർത്ത് നിൽക്കുകയല്ല. ഇരിക്കുകയല്ല. നടക്കുകയല്ല.

“അമ്മു ഇത് കുടിക്കൂ” തന്റെ ഗ്ലാസിലെ കാപ്പി ചൂടറിയാതെ വിഴുങ്ങുന്നതിനിടയിൽ ഞാൻ തിരക്കു പിടിച്ചു തിരയുകയായിരുന്നു ഒരു മുഖം.

കാപ്പികുടി കഴിഞ്ഞപ്പോൾ ഞാൻ അമ്മുവിനെ നോക്കി നിസ്സാരഭാവത്തിൽ ചോദിച്ചു.

അമ്മു അധികോന്നുല്യല്ലോ?

ഇല്ല. ന്നാലും–

എന്നാൽ ആശുപത്രിയിൽ അത്യാവശ്യം വേണ്ടതൊക്കെ എടുത്ത് വെയ്ക്ക്. ഞാനപ്പുറത്തെ വീട്ടിലെ നാണിയമ്മയെ ഇങ്ങോട്ടയയ്ക്കാം. എന്നിട്ട് അങ്ങാടിയിൽ ചെന്ന് ഒരു വണ്ടി വിളിച്ചുകൊണ്ടുവരാം.

പോവ്വാണോ എന്ന ഭീതിയോടെ അമ്മിണി എന്നെ നോക്കി. ഡവറയിൽ ഇനീം കാപ്പിണ്ട്. ദാഹം തോന്ന്യാ കുടിച്ചോളു. അപ്പളയ്ക്കും ഞാനെത്തും.

തലയുയർത്താൻ ശ്രമിക്കാതെ ഞാൻ പുറത്തു കടന്നു. പടികടന്ന് അപ്പുറത്തെ വീട്ടിൽച്ചെന്ന് നാണിയമ്മയെ ഉണർത്തി. നാണിയമ്മ ഉറക്കച്ചടവൊന്നും കാട്ടാതെ ധൈര്യം തന്നു.

കുഞ്ചു വണ്ടി കൊണ്ടോന്നോളൂ. ഞാനങ്ങട് ചെല്ലാം. ഒന്നും പേടിക്കണ്ട. അമ്മിണി പ്രസവിക്കണത് ആദ്യമായിരിക്കും. ഞാൻ പേറ് കാണുന്നത് ഇത് എത്രാമത്തെ തവണ്യാ. ഈശ്വരോരക്ഷ.

എന്റെ പരിഭ്രാന്തിക്കിടയിൽ വാക്കുകളില്ലല്ലോ. അതിനാൽ ഞാൻ നാണിയമ്മയ്ക്കും മുമ്പ് തിരിഞ്ഞുനടന്നു. പടികടക്കവേ മുന്നിൽ കിഴക്ക് രക്തപ്രളയം. എത്ര തുണയുണ്ടെങ്കിലും തികയാത്തത്ര. പക്ഷേ, പ്രഭാതത്തിനു വെളിച്ചമില്ല. മരച്ചില്ലകളിൽ കാറ്റില്ല. കിളികൾക്കും കരച്ചിലില്ല.

പഞ്ചായത്തു നിരത്തിൽ ശത്രുക്കളെപ്പോലെ പതിയിരിക്കുന്ന ഉരുളൻ കല്ലുകളിൽ തട്ടിയും തടഞ്ഞും ഞാൻ മുന്നേറി എങ്ങോട്ടാണ്? ഞാൻ സ്വയം തിരക്കി. എളുപ്പത്തിൽ കണ്ടെത്താവുന്നത് ആരാണ്. കണ്ടെത്തിയാൽ മാത്രം പോരല്ലോ.

കാര്യം നടക്കുകയും വേണ്ടേ. തനിക്കു പാഴാക്കാൻ സമയമില്ല. നിരത്തിന്റെ വളവു തിരിഞ്ഞപ്പോൾ എതിരെ ആരോ വരുന്നു.

മൂത്താരെ!

നോക്കിയപ്പോൾ പറങ്ങോട നാണ്. മനസ്സിൽ കലിനുരഞ്ഞു. ളിച്ചാമ്പോതന്നെ ചാരായക്കടയിലേ ക്കാവും.

മൂത്താരെവടക്കാ പൊലർ ച്ചക്ക്?

കയ്പുനീർ കടിച്ചിറക്കി പറ ങ്ങോടനെ നോക്കി. അവൻ തെളി ഞ്ഞുവരുന്ന വെളിച്ചത്തിൽ കൈയ്യിലെ നോട്ടുകളെണ്ണുകയാണ്.

പറങ്ങോടാ കുറച്ച് ധൃതിയു ണ്ട്. ഭാര്യയ്ക്ക് സുഖോല്യ. എനി ക്കൊരു കാറുവേണം.

കാറ് അങ്ങാടീലല്ലെ. നിങ്ങ ളെന്താ ഈ വഴി പോണ്?

എനിക്കൊന്ന് ക്ഷാരത്ത് കേറീട്ട് വേണം വരാൻ.

ഞാൻ കുഴൽമന്ദം ചന്തക്ക് പൂവ്വാ. മരോളമ്മക്ക് ഒരു പശൂനെ വാങ്ങാൻ വേണോങ്കിൽ അങ്ങാടീന്ന് ഒരു കാറു പറഞ്ഞു വിടാം.

ദ്രോഹി, നീയും നിന്റെ ഔദാര്യവും

വേണ്ട വേണ്ട ഞാനിതാ എത്തി പണ്ടെ വിശ്വസിക്കാൻ പറ്റാ ത്തവനാണ് പറങ്ങോടൻ. കന്നുകച്ച വടക്കാരനാണന്നാ വയ്പ്. പശുവ ന്വേഷിച്ചുപോയാൽ കൊണ്ടുവരിക പൂട്ടാൻപോലും കൊള്ളാത്ത തന്ത പ്പോത്തുകളെയായിരിക്കും. എങ്ങനെ നന്നാവും? പോക്കും വരവും വെള്ളത്തിലല്ലെ. വണ്ടിയയ ക്കാൻ അവനെ ഏല്പിച്ചാൽ ഇന്നു പിന്നെ പോക്കുണ്ടാവില്ല.

പാതയിൽനിന്നും ഇടത്തോ ട്ടുള്ള ചെരിവിലൂടെ ഉരസിയിറങ്ങി. താഴെ പറമ്പുകൾക്കിപ്പറത്തെ നര കക്കുഴി താണ്ടി, വിണ്ടുമലച്ച പാട ങ്ങൾക്കിടയിൽ ശിരോരേഖപോലെ കിടക്കുന്ന വരമ്പിലൂടെ ഞാൻ ധൃതി യിൽ. ശിരസ്സിൽ പഴുത്ത ചട്ടകം വീണതുപോലെ.

മൂത്താര്യെ ഇതാ മറ്റൊ രാൾ. നേരം പുലർന്നു. ഇനി ഒളിച്ചോ ടാനാവില്ല. എന്റെ ധൃതി മറ്റുള്ള വർക്കറിയില്ല.എന്റെ പരാധീനതയും അറിയില്ല. രാവിലെ പെരുവഴിയിൽ ആർക്കും വേണ്ടാത്ത ഒരു ലൗകികം.

അടുത്തെത്തിയപ്പോൾ ചെത്തുകാരൻ പഴനിമലയാണ്. മാറിൽ ചട്ട. ഇടുപ്പിൽ കത്തി. കത്തി യിൽ തൂങ്ങിക്കിടക്കുന്ന തളപ്പ്.

മൂത്താരിപ്പോ ഷാരത്തി ക്കാ അവിടെ അമ്രാളക്ക്?

ഹേയ് അധികൈാന്നല്ല. മാഷെ ഒന്നു കാണാനാ

ന്നാലും- കൊറച്ച് ധൃതി യുണ്ട്. പഴനിമല പോ

അല്ലാ തൊടീല് പാട ത്തിക്ക് ചാഞ്ഞുനിൽക്കണ ആ പനന്തൈകൾ ഞാൻ ചെത്തട്ടെ?

മറുപടിയില്ലാത്ത ഞാൻ തിരക്കിട്ടു നടന്നു. പഴനി മലയുടെ ഒരു പൂതി. ഇനി വീട്ടിൽ കള്ളു ചെത്തും കൂടിയേ വേണ്ടു.

വരമ്പുകളും പച്ചില ക്കൊത്തിപോലെ പിണഞ്ഞുകിട ക്കുന്ന കള്ളികൾക്കിടയിലെ ഊടു വഴിയും താണ്ടി ഷാരത്തെത്തിയ പ്പോൾ സമാധാനം. ആളുകൾ എഴുന്നേറ്റിരിക്കുന്നു. കിണറ്റിലെ ചകട കരഞ്ഞു തുടങ്ങിയിരിക്കു ന്നു.

മാഷില്ലേ?

ഉം....

ചാരുക്കൽപ്പടിക്കുള്ളിൽ നിന്നും ഉത്തരം

ഒരു കാറ്റുപോലെ ഉള്ളിൽ കടന്നു. ശരീരം വിയർത്തൊഴുകുന്നു. മാഷെന്നെ രക്ഷിക്കണം. കാത്തുനിൽക്കാൻ സമയമില്ല.

എന്താടോ?

മാഷെ

മാഷ് കസേരയിൽ എഴു ന്നേറ്റിരിപ്പാണ്. കൈയിൽ പുക യുന്ന ബീഡി

മാഷെ ഞാൻ മുറി യുന്ന വാക്കുകളിൽ കാര്യംപറ ഞ്ഞു. സഹായിക്കണം.

ഇരിക്ക്

മാഷ് ബീഡി വലിച്ചു.

ഞാൻ ഇരുന്നില്ല.

പിന്നെ മാഷ് എഴുന്നേറ്റ് അലമാര തുറന്നു. അതിൽനിന്നും ഒരു ടിൻ പുറത്തെടുത്തു തുറന്നു.

മനസ്സിൽ ആശ്വാസം തിരിനീട്ടുന്നു. മാഷ് കുടുംബവും പ്രാരാബ്ധവും ഇല്ലാത്ത ആളാണ്. വീട്ടുകാരും ഏകദേശം എഴുതിത്ത ള്ളിയ വ്യക്തി. അതിനാൽ ഉണ്ടാ വാതെ വരില്ല.

ഇതാ, ഇതിൽ എത്രണ്ട്ന്ന് നോക്ക് വിറയ് ക്കുന്ന കൈയ്യിൽ ടിന്നു വാങ്ങി. ഉള്ളിലെ കടലാസ്സുകൾ പുറത്തെടുത്തു നോക്കി. പൊട്ടിപ്പോയി. മാഷെ, ദില് ചില്ലറല്ലേള്ളൂ

പറഞ്ഞാ വിശ്വാസമി ല്ല. മാഷ് ചിരിച്ചു. ഈ ചില്ലറ കൊണ്ടു വേണം രണ്ടു ദിവസം തങ്ങാൻ. എന്താ കുഞ്ചൂ ഞാൻ ചെയ്യാ.

ശിരസ്സിൽ മുഷിഞ്ഞു നിന്ന പ്രഭാതവും കെട്ടു. അഞ്ചോ പത്തോ പോര. കാത്തു നിൽക്കാനും സമയമില്ല. അവസാനത്തെ പ്രതീക്ഷ യായിരുന്നു മാഷ്.

മാഷെ.

ഉള്ളിലെ നിലവിളി പുറത്തെ ത്താഞ്ഞത് നന്നായി.

"കുട്ട്യേടത്തി"

പുറത്ത് മുറ്റമടിക്കുന്ന ശബ്ദം നിലച്ചു. മുഷിഞ്ഞ വേഷ ത്തിൽ ഒരു സ്ത്രീ വാതിൽക്കലെത്തി.

അവിടെ പണം വല്ലതും ഇരി പ്പുണ്ടോ?

എത്ര?

എത്ര വേണ്ടിവരും കുഞ്ചോ?

ഇരുന്നൂറെങ്കിലും

പത്തോ പതിനഞ്ചോ മതിച്ചാ ണ്ടാവും

ഇല്ലായ്മയുടെ തകരപ്പാത്ര ത്തിൽ ഷാരസ്യാർ കൈയിട്ടിളക്കി. പിന്നീട് നാണക്കേടിന്റെ പുഞ്ചി രിയോടെ അവർ തല വലിച്ചു.

കുഞ്ചു ഒരു കാര്യം ചെയ്യു. മാഷ് പറഞ്ഞു. നീ വണ്ടി വിളിക്കണത് എവിടന്നാ? കൂട്ടുപാതേന്നോ പഞ്ചാ യത്തു പടീന്നോ!

കൂട്ടുപാതേന്ന്. അതാ എളു പ്പം.

അതുസാരോല്യ. നീ പഞ്ചാ യത്തു പടീല് ചെല്ല്. അവിടെ ചന്ദ്രനു ണ്ടാവും. ചന്ദ്രനോട് ഞാൻ പറഞ്ഞൂന്ന് പറയ്യാ. കൈയിലുള്ള പണം വാങ്ങ്വാ. അവന്റെ തന്നെ വണ്ടീം വിളിക്ക്വാ. കാര്യം നടക്കട്ടെ. ബാക്ക്യൊക്കെ ഞാൻ ശരിപ്പെടുത്തിക്കോളാം.

"ശരി."

പ്രഭാതത്തിന്റെ ഇരുണ്ട മുഖ ത്തേക്ക് ഞാൻ വീണ്ടും. ഞാൻ കൂടെ-?

"വേണ്ട"

മുന്നിൽ അമ്മുവിന്റെ ഭയം പടർന്ന കണ്ണുകൾ. കുരുത്തോലപോലുള്ള കവിളുകൾ. വിയർത്തദേഹം.

വയ്യാണ്ടെ വരുമ്പോ ഏട്ടൻ അടുത്തന്ന ഉണ്ടാവണംട്ട്വോ?

വീണ്ടും പച്ചിലക്കൊത്തി കൾ. ശിരോരേഖകൾ. നരകക്കുഴി കൾ.

അവയ്ക്കു മേലെ വൈധ വ്യം ബാധിച്ച ആകാശം. ഇടയിൽ നടന്നും ഓടിയും കിതച്ചും കിതപ്പാ റ്റിയും ഞാൻ.

പഞ്ചായത്തു പടിയിലെത്തി യപ്പോൾ ഭയപ്പെട്ടതുപോലെ തന്നെ ചന്ദ്രനില്ല.

എവിടെപ്പോയി.?

ചിറവക്കത്തെ കരുണൻ മേനോനെ റെയിൽവേ സ്റ്റേഷനിൽ കൊണ്ടാക്കാൻ പോയിരിക്ക്വാ. ഇപ്പോ വരും. എന്തേ?

എന്താണു പറയുക

**ശേഷം പേജ് 36ൽ**


സി.എം.എസ്. ഗ്ലാസ്, പ്ലൈവുഡ് & ഫർണ്ണിച്ചർ
അർപണ സെന്റർ, കോഴിക്കോട്, ഫോൺ: 0495 2353022
സി.എം. സുന്ദരൻ - 9388412430
ഗ്ലാസ്, പ്ലൈവുഡ്, ഫർണിച്ചർ, ഫൈബർഡോർ, ഹാർഡ്‌വേർ, കിച്ചൺ ക്യാബിനറ്റ്,
അക്വേറിയം, ഗ്ലാസ്സ് ബെന്റിംഗ്, കളറിംഗ്, ബവലിംഗ്, എച്ചിങ് വർക്സ്
സി.എം.എസ്. ഗ്ലാസ്, പ്ലൈവുഡ് & ഫർണിച്ചർ പൊറ്റമ്മൽ, ഫോൺ: 3299956



മാതാ ഏജൻസീസ്
മെഷിൻ ഉപയോഗിച്ച് കാട്, പുല്ല് വെട്ടൽ, കോൺക്രീറ്റ് കട്ടിംഗ്, മരം മുറിക്കൽ, ടൂൾസ് വാടകക്ക് കൊടുക്കുന്നു.
പ്ലംബിംങ്ങ് & സാനിറ്ററി വർക്കുകൾ ചെയ്തുകൊടുക്കുന്നു.
Mob: 9387029919, 9287306802
Velliparamba, 5th Mile, Calicut - 8


DUST FREE PAINTING BOOTH
Mech World
FOUR WHEELER WORKSHOH
DUST FREE PAINTING BOOTH ACCIDENT REPAIR
Manari, P.O. Thiruvannur. Mob: 9447158913
DUST FREE PAINTING BOOTH, ACCIDENT REPAIR
Workshop:
DESHAPOSHINI COMMUNITY HALL, P.O. KUTHIRAVATTAM, CALICUT - 16


എല്ലാവിധ ഇൻഡസ്ട്രീയൽ ജോലികൾക്കും സമീപിക്കുക
ശാരദ
ഇൻഡസ്ട്രീയൽസ്
കാളൂർ റോഡ്, മാങ്കാവ്
കോഴിക്കോട് - 673 007
Mob: 9846412070

**കഥ**

# തിരക്കിന്റെ വഴിയേ



റിലേഷ്




ഒഴുകിയോടുന്ന നഗരതിരക്കിലൂടെ ചിന്നുവിന്റെ കൈപിടിച്ച് പാതയോരത്തുകൂടി നടക്കുമ്പോഴും പാർവ്വതിയുടെ മനസ്സ് മറ്റെവിടെക്കയോ ആയിരുന്നു. മനസ്സ് പാറി നടക്കുമ്പോഴും അവളറിയുന്നില്ല താൻ തിരക്കിന്റെ വേഗതക്കൊപ്പമാണെന്ന്. കൊഴിഞ്ഞുപോയ നല്ലനാളുകളുടെ ഓർമ്മകളും, മുൻമ്പോട്ടുള്ള ജീവിതയാതനകളും പാർവ്വതിയുടെ മനസ്സിൽ താളങ്ങൾ സൃഷ്ടിക്കുകയായിരുന്നു. വീടും, വീട്ടുകാരെയും പിരിഞ്ഞു. ജീവനുതുല്യം സ്നേഹിച്ച നന്ദേട്ടന്റെ കൈപിടിച്ച് പടിയിറങ്ങുമ്പോൾ സ്വർഗം കിട്ടിയപോലെയായിരുന്നു അവൾക്ക്. രണ്ട് വർഷം തികയുമ്പോൾ തന്നെ ഒരു പൊന്നും കുടത്തിനെ സമ്മാനിച്ച് നന്ദേട്ടൻ മരണമെന്ന കോമാളിയുടെ മടിത്തട്ടിലേക്ക് ആഴ്ന്നിറങ്ങുമ്പോൾ പാർവ്വതിയും, ചിന്നുവും, ജീവിത വഴിത്താരയിൽ ഒറ്റക്കാവുകയായിരുന്നു; 'ഇത്രയേറെ സ്നേഹിച്ചിട്ടും നന്ദേട്ടനെന്തേ എന്നേയും, ചിന്നുവിനേയും കൂടെ കൊണ്ട്പോയില്ല. നന്ദേട്ടാ നമ്മുടെ ചിന്നൂട്ടിക്ക് നാല് വയസ്സായിട്ടൊ-സുന്ദരിയാണ്. നന്ദേട്ടനെ പോലെ തന്നെ. ചിന്തകൾ പാറിനടക്കുമ്പോഴും ലക്ഷ്യസ്ഥാനമെത്തിയതുപോലും പാർവ്വതിയറിഞ്ഞില്ല. ഇ ൗ മമ്മിയെങ്ങോട്ടാപോണെ-മമ്മീ മോളുടെ നഴ്സറിയെത്തി. ചിന്നൂട്ടിയുടെ ശബ്ദം കേട്ട് ചിന്തകളിൽ നിന്ന് ഞെട്ടിപോയി പാർവ്വതി. ചിന്നുവിന്റെ കവിളിൽ മുത്തം നൽകി റാറ്റ പറഞ്ഞ് തിരിയുമ്പോൾ പിന്നിൽനിന്ന് ചിന്നുവിന്റെ ശബ്ദം വീണ്ടും മമ്മീ എല്ലാ കുട്ടികളുടെയും പപ്പമാർ മോളുടെ നഴ്സറിയിൽ വരുന്നുണ്ടല്ലോ. മോളുടെ പപ്പാമാത്രമെന്താ മോളെ കാണാൻ വരാത്തത്. പപ്പാക്ക് മോളെ ഇഷ്ടമില്ലാഞ്ഞിട്ടാണോ മമ്മീ- മോളുടെ പപ്പാ എന്നാവരുാമമ്മീ ? ചിന്നുവിന്റെ ചോദ്യം കേട്ട് ഒരുനിമിഷം നിശ്ചലമായ പാർവ്വതി തൊണ്ടയിടറുന്ന ശബ്ദത്തോടെ പറഞ്ഞു. മോളുടെ പപ്പാവരും, വരാതിരിക്കില്ല! മോളോട്പപ്പാക്ക് ഒരു പിണക്കവും ഇല്ലട്ടൊ. നിറഞ്ഞ പുഞ്ചിരിയോടെ ചിന്നു നഴ്സറിയിലേക്ക് കയറിപോകുന്നത് നോക്കി പാർവ്വതി മനസ്സിൽ പറഞ്ഞുപോയി. ചിന്നു മോളെ ഒരിക്കലും തിരിച്ചുവരാത്ത ലോകത്തേക്കാണ് മോളുടെ പപ്പാ പോയതെന്ന് എങ്ങനാമമ്മീപറയണ്. ഈശ്വരാ ഒന്നും അറിയില്ലല്ലോ എന്റെ കുട്ടിക്ക്. അടക്കാൻ പറ്റാത്ത സങ്കടം കണ്ണീരായി നിറഞ്ഞപ്പോൾ പരിസരം ഓർത്തു. കണ്ണും തുടച്ച് തനിക്കു തുണയായികിട്ടിയ ജോലിസ്ഥലത്തേയ്ക്ക് നടന്ന്നീങ്ങിപാർവ്വതി തിരക്കുകൾ അറിയാതെ'.

●

കവിതകൾ

# ദൈവത്തിന്റെ നാട്



യു. ഗണേശൻ കാളാത്ത്

കേരങ്ങൾ തിങ്ങി നിറഞ്ഞ നാട്
കേരളമെന്ന് പേരുകേട്ടനാട്
പരശുരാമൻ നേടി തന്നനാട്
കടലലകൾ താലോലിക്കുന്നനാട്
കാടും മേടും നിറഞ്ഞ നാട്
പടയോട്ടങ്ങൾ നടന്ന നാട്
പരിപാവനമെന്ന് വിളിച്ച നാട്
പർവ്വത ശിഖരങ്ങൾ നിറഞ്ഞ നാട്
വീരപുരുഷന്മാർക്ക് ജന്മനാട്
വിരേതി ഹാസങ്ങൾ രചിച്ചനാട്
തുഞ്ചന്റെ കിളിക്കൊഞ്ചൽ കേട്ടനാട്
ഹരിതാഭ ഭംഗി നിറഞ്ഞനാട്
മരതക കാന്തിയിൽ പുകഴ്പെറ്റനാട്
മാമാങ്കം കൊണ്ടാടിയനാട്
ആദിശങ്കരന്റെ ജന്മനാട്
പറങ്കികൾ തീരമണഞ്ഞനാട്
കഥകളി നിറഞ്ഞാടും കേരളനാട്
മോഹിനിയാട്ടം മോഹനമാക്കും നാട്
മതമൈത്രിക്കി കേളികേട്ട നാട്
അദ്വൈത ചിന്തകൾ പിറന്നനാട്
പേരിൽ തന്നെ ധന്യത നേടിയ നാട്
പോരില്ലാത്ത മരതക കേരളനാട്
ദൈവത്തിന്റെ സ്വന്തംനാട്, കേരളം.

# സൂര്യകാന്തിയിൽ



ടി.വി.ആർ. ചെറുവത്തൂർ

പരിഭവമെന്തേ പിണക്കമായോ
പനിനീർ മലരിൽ മൗനരാഗം പടർന്നോ
ചുടുചുംബനത്തിന്റെ സൂര്യരാഗം
പടരുന്ന പൂങ്കവിൾ വിടരുന്നഴകായ്
സ്നിഗ്ദ്ധ നീലാംബരം കൊണ്ടടുത്തുനീ
മുഗ്ദ്ധ യൗവ്വനം നീർത്തി മാദക മാധുര്യം
ചെമ്മാനം ചേലവിടർത്തിയ മാനം
എന്മനം മഞ്ജുള ശിഞ്ജിത മുരുവിട്ടു
തരളാനുരാഗം ദീപ്തി വിടർത്തി
ആവണിപ്പന്തലിൽ കുടമുല്ലയർച്ചന
കുളിർകാറ്റിലുലയുന്നു സുകൃതം
കതിരോലകൾ തലയാട്ടി നമ്മെ വാഴ്ത്തി
താലീബന്ധ തിലകം ചാർത്തി നിന്നു
താളനിബദ്ധം നിർവൃതിനിറഞ്ഞു നിന്നു
ഹൃദയം പുണരും പുളകമായി
നിറയൗവനം സാന്ദ്രമായഴിഞ്ഞുലഞ്ഞു.
നിറമാറു തുടികൊട്ടിതേൻ കുടപ്പൻ-
നിറയുന്ന മധുനുകർന്നു പൂങ്കുരുവി.

എതിർ കവിതകൾ

സയനൺസൺ പുന്നശ്ശേരി

# ഉറക്കം

കറുത്ത കണ്ണട ധരിച്ച്
കണ്ണിനെ കബളിപ്പിക്കാമെങ്കിലും
കത്തുന്ന സൂര്യനുണരുന്ന
പകലിൽ രാത്രിയെന്ന്
മനസ്സിനെ എങ്ങനെ ചിട്ടപ്പെടുത്തും.

# പരിഹാസം

പച്ചരിച്ചോർ വിഴുങ്ങി
ഉണർന്ന പക്ഷിനിയാണോ
ഇവർ  കഞ്ഞിയെന്ന് കളിയാക്കുന്നത്.

# സാഹിറിന്റെ സോഷ്യൽ തീം ആൽബം



അഞ്ചു സുഹൃത്തുക്കളുടെ സൗഹാർദബന്ധങ്ങൾ സാമൂഹ്യ പ്രവർത്തനങ്ങൾക്ക് ഉപകരിക്കുന്ന തീം ആണ് സാഹിർ കൊമ്മേരിയുടെ പുതിയ ആൽബമായ കലാകാരനി ലൂടെ കാണിക്കുന്നത്. പ്രണയവും മരം ചുറ്റലും പ്രേമനൈരാശ്യവും ഒക്കെയായി വിഷ്വൽ ആൽബങ്ങൾ തുടരെ തുടരെ ഇറങ്ങുന്ന സാഹചര്യത്തിലാണ് നല്ല കൂട്ടുകെട്ടുകൾ സമൂഹനന്മക്ക് വേണ്ടി ഉപയോഗിക്കാം എന്ന പാഠം നമ്മെ ഉണർത്തിച്ചുകൊണ്ട് കലാകാരൻ എന്ന ആൽബം ഇറങ്ങുന്നത്.

ഒരു നാടിന്റെ നന്മയും ക്ഷേമഐശ്വര്യ പ്രവർത്തനങ്ങളും അവിടുത്തെ യുവാക്കളിൽ നിക്ഷിപ്തമാണ്. എന്നാൽ മിക്കനാടുകളിലും പ്രത്യേകിച്ച് ഗ്രാമങ്ങളിലും നിസ്സഹായരായ കുടുംബങ്ങളേയും അശരണരേയും ഗൗനിക്കാതെ വഴി തെറ്റിപോകുന്ന ബാല്യങ്ങളെ ശ്രദ്ധിക്കാതെ യുവാക്കൾ തന്നിലേക്ക് മാത്രം ശ്രദ്ധയൂന്നി ജീവിക്കുകയാണ്. എന്നാൽ തളർന്നു കിടക്കുന്ന ഗൃഹനാഥന് സഹായമെത്തിച്ചും സാമൂഹിക വിരുദ്ധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നവരെ നിരുത്സാഹപ്പെടുത്തിയും ക്ഷേമ പ്രവർത്തനങ്ങളിൽ സദാസമയവും കർമനിരതരായും കഴിയുന്ന യുവത്വങ്ങളെ നേരിൽ പരിചയപ്പെട്ടപ്പോഴാണ് സാഹിറും സുഹൃത്തുക്കളും ഇങ്ങനെ ഒരു ആൽബത്തെക്കുറിച്ച് ചിന്തിച്ചതും നിർമ്മിച്ചതും. അത്തരം സാമൂഹ്യ ബോധമുള്ള യുവാക്കളുടെ പച്ചയായ ജീവിതം തന്നെയാണ് കലാകാരൻ എന്ന ആൽബവും. എന്നാൽ നിയമം കൈയ്യിലെടുക്കുമ്പോഴുണ്ടാകുന്ന അപകടവും ഇതിൽ മുന്നറിയിപ്പ് നൽകുന്നു.

കിണാശ്ശേരി കെ.എം.ആർ. മ്യൂസിക്ക് പുറത്തിറക്കിയ കലാകാരൻ എന്ന ഒമ്പത് പാട്ടുകളുള്ള മ്യൂസിക്കൽ ആൽബത്തിലെ സ്നേഹിതർ ....... എന്നു തുടങ്ങുന്ന പാട്ടാണ് സോഷ്യൽ തീം അവതരിപ്പിക്കാൻ സാഹിർ കൊമ്മേരി തിരഞ്ഞെടുത്തത്. മുനീർ കിണാശ്ശേരി രചനയും മ്യൂസിക്കും നൽകി സെയിദിന്റെ ഓർക്കസ്ട്രയിൽ നിസാം തളിപ്പറമ്പ് പാടിയതാണ് ഈ സോങ്ങ്. സാഹിർ കൊമ്മേരി കോൺസെപ്റ്റും ഡയരക്ഷനും നൽകിയ വിഷ്യൽ ഷൂട്ട് ചെയ്യാൻ പന്തീരങ്കാവിലെ കൊടൽ നടക്കാവ് മലയോര പ്രദേശങ്ങളും കോഴിക്കോട് വിക്ടറി വില്ലയുമാണ് തെരഞ്ഞെടുത്തത്. ചായാഗ്രഹണം അനൂപ് ബി. വ്യാസും എഡിറ്റിംങ്ങ് മെൽബിൻ റോഷും. മേയ്ക്ക് അപ് ബാബു എയർപോർട്ടും കൊറിയോഗ്രാഫറായി ഷംനാസ് കൊയിലാണ്ടിയും ശരത്തും സഹസംവിധായകരായി റഹീസ് കിണാശ്ശേരിയും റുക്ഷാദും പ്രവർത്തിച്ചു. സാഹിർ കൊമ്മേരി ഇപ്പോൾ ദൂരദർശൻ ആദ്യമായി നിർമ്മിക്കുന്ന നാടോടിക്കല്യാണം എന്ന സീരിയലിൽ അസോസിയേറ്റ് ഡയറക്ടറായി പ്രവർത്തിക്കുന്നു.

●



* Silk - Designer Sarees
* Churidar Materials
* Kids Wears
* Mens Wears
* Night Wears
* Other Textile Items

**NAKSHATRA**
SILKS & SAREES

P S C Bank Building Pantheerankave
Mob : 9895282675

**ശിഖിൽ അലൂമിനിയം**
**ഫാബ്രിക്കേഷൻ & ഫൈബർ വർക്സ്**

ഒളവണ്ണ, കൊടിനാട്ടുമുക്ക്,
കോഴിക്കോട്
*Mob : 9895975162*







അലൂമിനിയം
പാർട്ടീഷൻ,
കിച്ചൻ കബോർഡ്,
ഫൈബർ ഡോർ etc...

Car A/c Repairing
*Ac Survicing and Gas Filling*



*Automotive*
*Tubular Batteries*
**Jeeva**
Electricals

Y.M.C.A., Cross Road, Calicut - 1
Mob: 9747844474, 0495 - 2768441

**ജ്യോത്സ്യൻ**

**രജീഷ് കെ. പണിക്കർ**

S/o. കരിമ്പയിൽ രാമകൃഷ്ണൻ പണിക്കർ മേത്തോട്ടുതാഴം
സിറ്റിസൺ കോംപ്ലക്സ്, ബൈപ്പാസ് റോഡ്, മാങ്കാവ്
ഫോൺ : 9447541820, 0495 2355177

ജാതകം ഓലയിൽ തയ്യാറാക്കി കൊടുക്കുന്നു

Mob: 9995917007


ISM Building,
Pattel Thazham



**POGO FANCY**

CERTIFICATE OF GUARANTEE

CALICUT BARBELL CLUB



*Easted 1972 ,*
*Kuthiravattam*


Mob : 9847010735

*Affiliated. District Power Lif Ting,*
*Weight Lifting,*
*Body Building Association*

ലേഖനം



# പാർശ്വ ഫലങ്ങൾ



മനോജ്

ആത്മന്റെ നിലപാടുകൾ സാഹചര്യങ്ങളിലും, അവസ്ഥകളിലും മെരുങ്ങാതെ അശാന്തമായി സഞ്ചരിക്കുകയാണ്. അശാന്തിയുടെ യാതനാഭരിതമായ അന്വേഷണം ശാന്തിതേടലും കർമ്മപഥങ്ങളെ കണ്ടെത്തലുമാണ്. അവസ്ഥയ്ക്ക് അടിപ്പെട്ടു നീങ്ങുന്നവരുടെ മുമ്പിൽ വ്യാകുലതകളുടെ തീവ്ര ബൗദ്ധിക യാതനകളില്ല. സ്ഥാവര ഭൗതികങ്ങളിൽ രമിക്കുന്ന അവൻ വാരിക്കൂട്ടലിന്റെ ഗണിതശാസ്ത്രത്തോടെ ജീവിതത്തെ സമീപിക്കുന്നു. അനുഭവതീവ്രതപാകുന്ന അറിവുപാളികളിലൂടെയാണ് അവൻ ജീവിത സത്യത്തെ തിരിച്ചറിയുക. വ്യവഹാര കാലത്തിൽ ഒതുങ്ങുന്ന അത്തരം തിരിച്ചറിവുകൾ പലപ്പോഴും അബദ്ധധാരണകളുമാകാം. സത്യത്തിന്റെ നേർ മുഖങ്ങൾ പരിസരബോധത്തിന്റെ തീഷ്ണതയിൽ സഞ്ചാരപഥം വെടിയുകയും സ്വാഭാവികമാണ്. ഒരുക്കപ്പാടുകളോടെ നടത്തുന്ന എല്ലാ ക്രിയകളും സത്യനിഷേധിതന്നെയാണ്.

ആത്മീയതയില്ലാത്ത പഠനഗ്രന്ഥങ്ങൾ വാസ്തവികതയെ വളച്ചൊടിക്കുമ്പോൾ ആൾക്കൂട്ടത്തിന്റെ മന്ദബുദ്ധികൾ കൂടുതൽ ഇരുളുന്നു. അധികാര സ്ഥാപനങ്ങൾ ആവർത്തിക്കുന്ന അസത്യബോധനങ്ങൾ വാസ്തവികതയിൽ നിന്ന് നിരന്തരം അകലുമ്പോഴും വാക്യപൊലിമകൾക്ക് സത്യാത്മകത കൈവരുന്നു. അവ അവസ്ഥയുടെ രക്ഷാകവചമായി പരിണിമിക്കുന്നു. എല്ലാം വിഴുങ്ങുന്ന അധികാര സ്ഥാപനങ്ങൾ കണ്ണിൽ തെളിഞ്ഞ കാഴ്ച രൂപങ്ങളുമായി ഇടഞ്ഞുമാറലിന്റെ നെഞ്ചുരുക്കത്തെപ്പോലും അവകാശം വയ്ക്കുന്നു. അടങ്ങി കൂടിയവനും വെണ്ണ തിന്നുന്നവനും സർവ്വബന്ധങ്ങളുടെ സൂക്ഷിപ്പുകാരാണ്. കാലത്തിന്റെ ഉൾവിളികൊണ്ടവരെ വഴക്കിമെരുക്കാനാണ് അധികാര സ്ഥാപനങ്ങളുടെ നിരന്തരശ്രമം.

ദുശ്ശാഠ്യങ്ങളില്ലാതെ ആത്മാവിന്റെ വേരുകളെ തേടുന്നവർ ഇരുപ്പു കനപ്പുകളെ ഉപേക്ഷിക്കുക. തന്നെ ചെയ്യും. അവർ മറ്റാരുടേയും വക്താവാകില്ല. അവന് ആശ്രയം അശാന്തമായ മനസ്സും തിരിച്ചറിവിന്റെ ഉൾക്കാമ്പുതേടുന്ന കണ്ണുകളുമാണ്. ഗ്രന്ഥവരികളിലെ അക്ഷര മിനുക്കങ്ങളിൽ നിന്ന് ജീവിതത്തിന്റെ നേർമുഖങ്ങളിലേക്ക് അവൻ എടുത്തുചാടുന്നു. കേൾവിപ്പാടുകളിലില്ലാത്ത മറുപടി ചിഹ്നങ്ങളെ തേടുന്ന അവൻ ആൾക്കൂട്ടത്തിന്റെ നീതിരീതികൾക്ക് അപ്പുറത്താണ്. ഒറ്റയാന്റെ സാഹസികതയുടെ തലത്തിന് എവിടെയും അടങ്ങിക്കൂടാനാകില്ല. നിരന്തരമായ അന്വേഷണം സ്വാസ്ഥ്യത്തെ നിഷേധിക്കുമ്പോഴും ശാന്തിഭൂമി തേടുകയാണ്. പിന്നീട് തിരിച്ചറിവിന്റെ ഉദാത്തതയിലെത്തുമ്പോൾ മാറ്റിപണിയലിന്റെ കാരുണ്യബോധത്തോടെ അവൻ മനുഷ്യനിലേക്കുതന്നെ മടങ്ങിയെത്തുന്നു. സ്വകാര്യതകളില്ലാതെ മനുഷ്യവംശത്തെ മുഴുവൻ ഉൾക്കൊള്ളുന്ന ആത്മീയത ഭൗതികമോ ദൈവീകമോ ആകാം. ആത്മാന്വേഷണത്തിന്റെ വ്യാകുലമായ വേരിടലുകളിൽ നിന്ന് അന്വേഷകന് ഒരിക്കലും ഒഴിഞ്ഞുമാറാനാകില്ല. അത് ഉൾക്കൊള്ളലിന്റേയും നിരാസത്തിന്റെയും കണ്ടെത്തലിന്റേയും തിരിച്ചുവരവിന്റേയും സാമ്പ്രദായിക തലങ്ങളെ സ്വീകരിക്കുന്നു. ഗ്രന്ഥാക്ഷരങ്ങളിൽ മുഴുകുന്നവർ വേരിടലിന്റെയും അനുഭവിക്കലിന്റെയും മാർഗ്ഗങ്ങളെ ഉപേക്ഷിച്ച് കോട്ടപണിയുകയാണ്. തരിമണ്ണുകളെ വിട്ടൊഴിയാൻ അമാന്തിക്കുന്നവർ ഒരിക്കലും തിരിച്ചറിവിന്റെ സത്യാത്മകതയിലേക്ക് എത്തിച്ചേരില്ല. അവർ പഠിതാവിന്റെ ധൈഷണിക വൈഭവത്തോടെ പകർപ്പെഴുത്തു നടത്തുന്നു.

കൺകാഴ്ചകളുടെ നേരുമുറകളെ നമുക്ക് വിശ്വസിക്കാം. പ്രയോജന വാദത്തെ ഉപേക്ഷിച്ച് കാലത്തിന്റെ ഉള്ളിലിരുപ്പുകളെ നമുക്ക് കണ്ടെത്താം. പൊങ്ങുതടികൾക്ക് ആഴം അളക്കാനാകില്ല. ആഴം കാണുന്നവനാണ് സത്യത്തിന്റെ ഭ്രമണ പഥത്തെ തിരിച്ചറിയുന്നത്.

ആത്മാന്വേഷണത്തിന്റെ കെടുതി വിടുതികൾ ഏറ്റുവാങ്ങുന്നവന്റെ ജീവിതം ഇരുപ്പുകനപ്പുകളിൽ ഒതുങ്ങുന്നതല്ല. വിട്ടൊഴിയലിന്റെ നിസംഗതയോടെ എന്തിനേയും സ്വീകരിക്കുന്ന അവൻ പരിത്യാഗത്തിന്റെ ഉന്നതികളിലാണ്. അവസ്ഥയെ കാക്കുന്നവർ വേരിടലിന്റെ നെഞ്ചുനീറ്റലുകളില്ലാതെ പാഠ്യമുഖങ്ങളെ ഉൾക്കൊള്ളുന്നു. കരകൗശലത്തിന്റെ വിരുതോടെ ചുങ്ക തീരുവകളില്ലാത്ത അറിവിനെ അവൻ പകർത്തുന്നു. സുഖവാസകേന്ദ്രങ്ങളിലെ പാൽപ്പുഴുവിന് ആത്മാന്വേഷണത്തിന്റെ തിരിച്ചറിവോ വെളിപാടുകളോ ഉണ്ടാകില്ല.

തത്വജ്ഞാനത്തിന്റെ വാഗ്ർത്തങ്ങൾ പോലും വ്യഭിചരിക്കപ്പെടുമ്പോൾ തിരിച്ചറിവിന്റെ കണ്ണുകളെ കണ്ടെത്തുക വിഷമമാണ് ബാഹ്യ പ്രകടനങ്ങളില്ലാതെ ജീവിക്കുന്ന അവന് ചിന്തയും കർമ്മവും ഒന്നുതന്നെയാണ്. അവൻ പഠനഗ്രന്ഥങ്ങളില്ലാതെയാണ് ജീവിതത്തെ നേരിടുന്നത്. ജീവിതത്തിൽ നിന്നാണ് തിരിച്ചറിവ് സംഭരിക്കുന്നത്. വേരിടലിന്റേയും മടക്കം വെയ്ക്കലിന്റേയും ആത്മാന്വേഷണത്തെ പ്രാപിച്ചവനു മാത്രമേ സത്യബോധനമുണ്ടാകൂ. അവനേ ദാർശനികനാവുന്നുള്ളൂ. അവന്റെ പ്രബോധനങ്ങൾക്കേ മനുഷ്യവംശത്തിന്റെ ചരിത്രാവസ്ഥയെ മാറ്റി പണിയാൻ കഴിയൂ. പഠിതാക്കൾ പുത്തൻ കാലാവസ്ഥയനുസരിച്ച് വാമൊഴികളെ കണ്ടെത്തും. തിരിച്ചറിവിന്റെ തൃക്കണ്ണുതുറക്കുമ്പോൾ ലഭിക്കുന്ന അഗാധതയെ വീണ്ടും മാറ്റിപണിയാനാകില്ല. ആത്മാന്വേഷകന്റെ മടക്കം വെയ്ക്കലിനുശേഷം അത് മനുഷ്യവംശാവലികളിൽ പരിപക്വമാക്കുന്നു. മായവും മറിമായവും ഇല്ലാത്ത അത്തരം ദാർശനിക നിലപാടുകൾ പുതുക്കിപണിയലിനും മാറ്റി തീർക്കലിനും വിധേയമല്ല. അത് കാലം കണ്ടെടുത്ത സത്യ ബോധനമായി മറ്റൊരു ആത്മാന്വേഷകന്റെ വെളിപാടുണ്ടാകുന്നതുവരെ തുടരും.

(തുടരും)



## അനഘ കിണർ വർക്സ്

മാത്തറ, പൊക്കുന്ന് പി.ഒ. കോഴിക്കോട് (ഖാദി രജിസ്ട്രേഷൻ)
ഫോൺ : പ്രസന്ന കുമാർ - 9895059457
വിജിത്ത് - 8129358510, 9349626616

കിണർ, വാട്ടർടാങ്ക്, സെപ്റ്റി ടേങ്ക്, റെഡിമെയ്ഡ്മതിൽ, സ്ലാബുകൾ, etc...
Branch : പാലക്കാട് കൊല്ലംങ്കോട്, H.O. മാത്തറ, പി.ഒ. പൊക്കുന്നു.
NB: വലിപ്പം കൂടിയ കിണറുകളും നിർമ്മിച്ചുകൊടുക്കുന്നു.

## GLAMOUR
## GREEN MARKETING

*Naluparambil Complex*
*Mankave, Calicut - 7*
*Pants, Geans, Shirt, T-Shirts etc....*

രുചികരമായ ഭക്ഷണ പദാർത്ഥങ്ങൾക്ക്

## ടി.പി. ടീ സ്റ്റാൾ

കുറ്റിയിൽതാഴം,
കോഴിക്കോട്
മനോജ് 9847915793

## SURPRISE AQUARIUM

ബൈപ്പാസ് റോഡ്, പുതിയറ, കോഴിക്കോട് - 4

നിങ്ങളുടെ സൗകര്യാർത്ഥം അക്വേറിയം വീടുകളിൽ വന്ന് സർവ്വീസ് ചെയ്യുകയും നിർമ്മിച്ചു നൽകുകയും ചെയ്യുന്നു.

മുജീബ്: 9544558822, 9744615436

## DIGINITY DRESSES

Kuttiyilthazham, Kozhikode - 14

## AKASH COMMUNICATION

Kuttiyilthazham, Kozhikode - 14
Hareesh Babu Mob: 9387801050

India's No - 1

## AKSHAYA WATER PROOFING



29/851, Kottoli, Mavoor Road,
Kozhikode - 673016
*Mob : P.P. Pradeep - 9447312616, 9037940457*

പരിശുദ്ധമായ
ഉഴുന്നുമാവിൽ
തയ്യാർ ചെയ്ത

## ശാസ്താപപ്പടം

(കുടിൽവ്യവസായം)
കാവിൽതാഴം, കോഴിക്കോട്
ഫോൺ :
മോഹനൻ - 9895214370

## Highness Cool Refrigeration & Air Conditions

NEAR POST OFFICE, MANKAVE, CALICUT - 7
*(Service for Airconditioner, Refrigerator, Washing Machine, Spray Painting,etc.)*
***Mob: 9349810003***

## MANAMKULAM ENTERPRISES

Chalappuram P.O., Calicut-673 002, Kerala
Ph: Off: 2302884, Res: 2301916 Mohammed Ashraf: 9847755130

**ANCHOR PLYWOOD**

Dealers: Plywoods, Laminated Sheets, Black Boards, Aluminium Items, Hardware, Timbers etc.

## P.V. ENTERPRISES

DEALERS IN ELECTRICAL & PLUMBING MATERIALS
17/1894/A6, Abba Arcade Building,
East Kottaparamba,
G.H. Road, Kozhikdoe-1.
Ph:0495 4025101, 3042762 Mob: 9387338100

## Universal College

MANKAVE, CALICUT - 7
*Classer for: Spoken English, Computer & Accountancy*
**Contact No: 9387524341, 9895647906**

## SREELAKSHMI ENTERPRISES

MANKAVE, CALICUT
Ph: 9847005566, 9847140046
Dealers of: Jhonson & Jhonson


ചെറുകഥ



# ഫുട്ബോൾ



ഭാസിമലാപറമ്പ്



ബാലേട്ടാ....., ബാലേട്ടാ....., ഞങ്ങൾക്കൊരു പന്ത് വേണം

ഗെയ്റ്റിന്റെ കൊളുത്ത് ശക്തിയോടെ നീക്കി മുറ്റത്തേക്ക് ഇരച്ചുകയറിയ കുട്ടികളുടെ നേതാവ് പറഞ്ഞതുകേട്ടപ്പോൾ വരാന്തയിലിരുന്ന് വായിക്കുകയായിരുന്നു അയാൾ തലയുയർത്തി. മുറ്റത്തു നിൽക്കുന്ന കൊച്ചു സംഘത്തിന്റെ ആംഗ്യങ്ങളും വാക്കുകളും അയാളെ അമ്പരപ്പിച്ചു. എന്തൊരു ധിക്കാരം എന്ന് അത്ഭുതപ്പെടുമ്പോൾ പെട്ടെന്ന് അയാൾ സ്വയം തിരുത്തി: പന്തിനു വേണ്ടിയല്ലെ, ഇവിടെ വരാമല്ലോ.

ശരീരത്തിൽ ഒട്ടിനിൽക്കുന്ന ബനിയനും ട്രൌസറും ധരിച്ച അല്പം കറുത്തനിറമുള്ള പന്ത്രണ്ടുകാരൻ പയ്യൻ വരാന്തയുടെ അറ്റത്ത് കാൽ ഉയർത്തി വെച്ച് ഹാന്റ് റെയിലിന്മേൽ കൈകളൂന്നിക്കൊണ്ട് തുടർന്നു:

ഞങ്ങൾ വയലിൽ ഫുട്ബോൾ കളിക്കുന്നവരാ. ബാലേട്ടൻ ഞങ്ങൾക്ക് ഒരു പന്ത് തരില്ലെ കളിയ്ക്കാൻ?

എല്ലാവരും കൈകൾക്കൊണ്ട് ആംഗ്യം കാണിക്കുകയും വെളുക്കെ ചിരിക്കുകയും ചെയ്യുന്നത് കണ്ടപ്പോൾ അയാൾക്ക് പെട്ടെന്ന് ഒരു കുസൃതി തോന്നി. ആരാണ് പറഞ്ഞത് ഇവിടെ പന്ത് കിട്ടുമെന്ന്?

അത് പിന്നെ ഞങ്ങൾക്കറിയില്ലെ ബാലേട്ടാ.... ഇവിടെ പന്തുണ്ടാവൂംന്ന് എല്ലാർക്കും അറിയാം

വീണ്ടും ആ കറുത്ത പയ്യൻ

നിയ്യാരാ? എന്താ നിന്റെ പേര്?

സുബിത്ത്

ഞാൻ സുബിത്താണ്. വയലിലെ ദാമോദരന്റെ മകനാണ് ബാലേട്ടാ. ഇവിടെ വന്നാൽ മതീന്ന് അച്ഛൻ പറഞ്ഞതാ. ഞങ്ങൾക്കറിയാമല്ലോ ബാലേട്ടൻ പന്തിന്റെ ആളാണെന്ന്

പന്തിന്റെ ആളോ? നീയെന്താണ് പറയുന്നത്? എനിക്കെന്താ പന്ത് കച്ചവടമാണോ?

കച്ചോടം അല്ല. ബാലേട്ടൻ ഫുട്ബോൾ കളികാണാൻ ലോകം ചുറ്റുന്ന ആളല്ല? അതുകൊണ്ട് പന്ത് ബാലേട്ടൻ തരുംന്നാണ് അച്ഛൻ പറഞ്ഞത്.

വയലിൽ ഏതു ഭാഗത്താണ് കളിയ്ക്കുന്നത്?

വലിയ കാവിന്റെ തൊട്ടടുത്തുള്ള വയലിലാ ബാലേട്ടാ ഏട്ടന്മാർ പുഞ്ചവയലിലേക്കുള്ള ഭാഗത്താണ് കളിക്കുക.

വലിയ ഏട്ടന്മാരോ? അതാരാണ് വലിയ ഏട്ടന്മാർ? സുബിത്തിന്റെ ധൈര്യത്തോടെയുള്ള സംഭാഷണത്തിൽ സന്തോഷം തോന്നിയെങ്കിലും അത് പുറത്തുകാണിക്കാതെ കുട്ടികളുടെ കളിരഹസ്യങ്ങൾ മുഴുവൻ മനസ്സിലാക്കുവാൻ വേണ്ടി അയാൾ സംഭാഷണം തുടർന്നു.

പന്തുകളിക്കാരൻ വരുന്ന ഏട്ടന്മാർ. ഞങ്ങളേക്കാൾ വലിയവരാ അവർ. ഞങ്ങൾക്കവരുടെ ടീമിൽ ചാൻസ് കിട്ടില്ല.

അതെന്താണ് ചാൻസ് കിട്ടാത്തത്? നിങ്ങൾ നന്നായി കളിക്കാറില്ല. അത്...... അവര് വലിയ ആളുകളല്ലെ? വലിയ കാലും ശരീരവും ഒക്കെ ഉള്ളതല്ലെ? അവര് നന്നായി ചാടി ഹെഡ്സ് ചെയ്യുമ്പോൾ ഞങ്ങൾ വീണുപോവും. പിന്നെ......

പാചകം മുഴുവൻ പൂർത്തിയാക്കാതെ സുബിത്ത് നിർത്തി. എന്നിട്ട് അവൻ മറ്റുള്ള കുട്ടികളുടെ നേരെ നോക്കി; കണ്ണുകൾകൊണ്ട് ഒരു ആംഗ്യവും നൽകി നിഷേധാർത്ഥത്തിലുള്ള ഒരു ആംഗ്യം

എന്താ നീ മുഴുവൻ പറയാത്തത്.?

പറയൂ, എന്താണെങ്കിലും പറഞ്ഞോളൂ

ബാലേട്ടാ...... അത്.....

സുബിത്തും കൂട്ടത്തിലെ അല്പം മുതിർന്ന മറ്റൊരു പയ്യനും ഒരുമിച്ചാണ് പ്രതിവചിച്ചത്.

അയാൾ ആ വിളിയിൽ വീണ്ടും അത്ഭുതപ്പെട്ടു. അമ്പതിലേറെ കൊല്ലങ്ങളുടെ പ്രായ വിത്യാസമുള്ള അയാളെ കുട്ടികൾ സ്നേഹത്തോടെ ബാലേട്ടാ...... എന്ന് വീണ്ടും വീണ്ടും വിളിക്കുന്നത് കേട്ട

MAS AIR RIFLES

Room No. 6/722, Opp, K.T.C. Hundai Showroom,
Y.M.C.A., Kannur Road, Calicut
Mob: 09387623339, 9349889155
E-mail : mas.airrifles@gmail.com

Original Spares & Guaranted Servicing Available

എക്സ്ചേഞ്ച്, റിപ്പയർ സൌകര്യം
ഉണ്ടായിരിക്കുന്നതാണ്

DEALERS IN ALL KINDS OF AIR GUNS,
AIR PISTOLS ACCESSORIES


MOHAMMED NAJEEB
Managing Partner

Phone: 0495 - 4040321
Mob: 9349111321

Prestige Kitchen Boutique

Door No. 8/27B, Convent Road,
Near Tagore Hall, Calicut 673 032
E-mail: complikitch@gmail.com

TOTAL SOLUTION FOR KITCHEN


YES KEY ELECTRICALS & ENGINEERING WORKS

Puthiyapalam
Calicut

K.P. Sunilkumar

Mob: 9847390950
Ph: 0495-2702073
Resi: 9048594525

കെ.വി. കർട്ടൺസ്

കുതിരവട്ടം ഗവ: ആശുപത്രിക്കു സമീപം,
കുതിരവട്ടം.
കോഴിക്കോട് - 673016
ഫോൺ : 9387421203
9747531203

കർട്ടൺ, സോഫ, കുഷ്യൻ, etc വർക്കുകളും
കർട്ടൺ വാഷിങ്ങും ചെയ്തുകൊടുക്കുന്നു.

PRASEEJA BANKERS

Olavanna, Kozikode - 25,
Mob : Prasanth - 9656000555
Resi : 0495 2415112

Praseeja Jewellery, Marad
Praseeja Electronics, Arakkinar





FRIENDS

SPRAY PAINTING WORKS

Malaparamba, Kozhikode - 673 009
Mob: 9495411642

പ്പോൾ അയാൾക്ക് സന്തോഷംകൊണ്ട് രോമാഞ്ചമുണ്ടായി. അങ്കിൾ എന്നോ, വല്ല്യേട്ടാ എന്നോ കൂടുതൽ ബഹുമാനത്തോടെയുള്ള സംബോധനക്കുപകരം ഇത് ഞങ്ങളുടെ സ്വന്തക്കാരൻ എന്ന മട്ടിലാണ് കുട്ടികളുടെ ബാലേട്ടാ വിളികൾ. അയാൾക്ക് ശരീരം പെരുത്തുകയറി.

എന്താണെടോ പറയാൻ മടിച്ചത്?

അത്.... ബാലേട്ടാ.... പിന്നെ, വലിയ ചേട്ടന്മാർ പന്ത് കളി കഴിയുമ്പോൾ.....

കഴിയുമ്പോൾ......? എന്താണ്?

വീണ്ടും ചോദിച്ചു.

ചിലർ ബീർ കുടിയ്ക്കും. ഞങ്ങൾ അത് കാണരുത്. അതുകൊണ്ട് ഞങ്ങൾക്ക് കളിക്കാൻ ചാൻസ് തരുന്നില്ല. സുബിത്തിന്റെ വാക്കുകൾ. ഞങ്ങളേക്കാൾ വളരെ വലിയവരാ. ഇരുപത് ഇരുപത്തഞ്ച് വയസ്സുള്ളവരാണ്. എനിയ്ക്ക് അവരുടെ കൂടെ കളിയ്ക്കാനാണ് ഇഷ്ടം. വലിയവരുടെ കൂടെ കളിച്ചാൽ വേഗം വലിയ കളിക്കാരനാകാൻ കഴിയില്ലെ ബാലേട്ടാ?

സുബിത്തിന്റെ കൌതുകത്തോടെയുള്ള ചോദ്യം അയാളെ അമ്പരിപ്പിച്ചു. വലിയൊരു ലോകം അയാളുടെ മനസ്സിൽ കൺതുറക്കുകയായിരുന്നു. മുതിർന്ന കളിക്കാർക്കൊപ്പം കളിയ്ക്കാൻ ചാൻസ് ലഭിക്കുവാൻ വേണ്ടി ടെച്ച് ലൈനിൽ മണിക്കൂറുകളോളം കാത്തുകഴിഞ്ഞ ഒരു കുട്ടിക്കാലം അയാളുടെ ഓർമ്മയുടെ തിരിശ്ശീലയിൽ വിടർന്നു.

അയാൾ എഴുന്നേറ്റ് കാർപ്പോർച്ചിലേക്ക് നീങ്ങി; പോർച്ചിന്റെ ഒരു മൂലയിൽ വെച്ച് ഹാർഡ്ബോർഡ് പെട്ടിയിൽ നിന്ന് ഒരു നമ്പർ നാല് ഫുട്ബോൾ എടുത്ത് അയാൾ സുബിത്തിന്റെ കയ്യിൽകൊടുത്തു. എന്നിട്ട് ചോദിച്ചു:

നിന്റെ അച്ഛന്റെ പേരെന്തെന്നാണ് പറഞ്ഞത്?

ദാമോദരനെന്നാണ് ബാലേട്ടാ..... തെങ്ങുകയറ്റക്കാരൻ ദാമോദരൻ. ബാലേട്ടനെ അറിയും.

അയാൾ അവന്റെ മുഖത്തേക്കും ശരീരത്തിലേക്കും നോക്കിനിന്നു അവന്റെ മുഖത്ത് നിന്ന് വേറൊരി മുഖം കണ്ടെടുക്കുവാൻ ശ്രമിക്കുകയായിരുന്നു അയാൾ

ദാമോദരൻ.....? എനിയ്ക്കോർമ്മവരുന്നില്ലല്ലോ. ദാമോദരൻ ആരുടെ മകനാണെന്ന് പറയൂ.

അയ്യോ....... ബാലേട്ടനറീല്ലെ? കരുണാകരൻ. തെങ്ങുകയറ്റക്കാരൻ കരുണാകരനാണ് എന്റെ മുത്തച്ഛൻ. മുത്തച്ഛൻ ഇപ്പോൾ ഇല്ല്യ. മരിച്ചുപോയി.

അതുശരി – നീ തെങ്ങുകയറ്റക്കാരൻ കരുണാകരന്റെ പേരക്കുട്ടി, അല്ലേ? കരുണാകരന്റെ മകൻ ദാമോദരൻ തെങ്ങുകയറ്റക്കാരൻ തന്നെ. സുബിത്തിനും ഇനി തെങ്ങുകയറാൻ പോകാനാണോ ഇഷ്ടം? അല്ല, ബാലേട്ടാ. എനിക്ക് പന്തുകളിക്കാരനാകണം ബാലേട്ടാ..... മെസ്സിയെപ്പോലെ.... റൊണാൾഡോയെപ്പോലെ, വലിയ കളിക്കാരൻ ആകണം. എനിയ്കൃത് കഴീല്ലെ ബാലേട്ടാ....? നീട്ടിപ്പിടിച്ച വലതുകയ്യുടേയും മുന്നിലേക്ക് നീട്ടിവെച്ച് ഇടതു കാലിന്റേയും മാംസപേശികൾ കാണിച്ചുകൊണ്ട് അവൻ തുടർന്നു. ഇതു നോക്കൂ ബാലേട്ടാ..... എനിയ്ക്ക് നല്ല മസിൽസാണ്. എനിയ്ക്ക് നല്ല കളിക്കാരൻ ആകാമെന്ന് വലിയ കളിക്കാരെല്ലാം പറഞ്ഞിട്ടുണ്ട്. അത് കഴീല്ലെ ബാലേട്ടാ.....?

കൌതുകത്തോടെയുള്ള ആ ചോദ്യം കേട്ട് അവന്റെ തിളങ്ങുന്ന കണ്ണുകളിലേക്ക് നോക്കിക്കൊണ്ട് അയാൾ പറഞ്ഞു.

കഴിയും. നന്നായി കളിക്കുവാൻ ശ്രമിക്കൂ ഞാൻ നന്നായി കളിക്കുന്നുണ്ട് ബാലേട്ടാ.... ങ്ഹാ.... ഇതാ അവരും വന്നല്ലോ?

ഗെയ്റ്റിന് പുറത്ത് റോഡരുകിൽ നിൽക്കുന്ന പെൺകുട്ടികളെ ചൂണ്ടികാണിച്ച് സുബിത്ത് തുടർന്നു.

അവര് വന്നതും ഫുട്ബോളിനുവേണ്ടിയാണ് ബാലേട്ടാ. ഇവിടെ വന്നാൽ പന്ത് കിട്ടുംന്ന് എല്ലവർക്കും അറിയാം. അതാണ് ഞങ്ങൾ എല്ലാവർക്കും മുമ്പെ ആദ്യം വന്നത്. ആശങ്കയോടെ ഗെയ്റ്റ് തുറന്ന് നാലഞ്ചു പെൺകുട്ടികൾ മുറ്റത്തേക്കു വന്നു – പതിനാലോ പതിനഞ്ചോ വയസ്സുള്ള പെൺകുട്ടികൾ. അവർ പ്രതീക്ഷയോടെ അയാളുടെ നേരെനോക്കി.

എന്താ വേണ്ടത്.? അയാൾ ചോദിച്ചു.

പന്ത് ...... പെൺകുട്ടികളിലൊരാൾ അർദ്ധോക്തിയിൽ വിരമിച്ചു.

പന്തോ?

അതെ, ഫുട്ബോൾ. ഞങ്ങൾക്ക് കളിയ്ക്കാൻ. ഇവിടെ വന്നാൽ ഫുട്ബോൾ കിട്ടും എന്ന് പറഞ്ഞു.

ആര് പറഞ്ഞു ഇവിടെ ഫുട്ബോൾ കിട്ടുമെന്ന്?

എന്റെ മുത്തശ്ശി പറഞ്ഞതാ....

അവരിൽ മുതിർന്ന കുട്ടിയാണങ്ങനെ പറഞ്ഞത്.

മുത്തശ്ശി നിങ്ങളോട് കളിയ്ക്കുവാൻ പറഞ്ഞോ?

മുത്തശ്ശി പറഞ്ഞതല്ല. ഞങ്ങൾ തീരുമാനിച്ചതാ ഫുട്ബോൾ കളിയ്ക്കാൻ. വെക്കേഷനിൽ വയലിന്റെ ഒരു കരയിൽ സ്ഥിരമായി കളിക്കുന്നത് ഞങ്ങളാണ്. സുബിയും കൂട്ടരും അതിനപ്പുറത്താണ് കളിക്കുന്നത്.

ആ പെൺകുട്ടി നൽകിയ വിശദീകരണങ്ങൾ കേട്ടപ്പോൾ അയാൾ അതിയായി സന്തോഷിച്ചു. അയാൾ ചോദിച്ചു.

ഫുട്ബോൾ കളിക്കേണ്ട എന്ന് ആരും പറയാറില്ലെ? അമ്മ..... അച്ഛൻ ..... മുത്തശ്ശി...... ആരും?

ഇല്ല ബാലേട്ടാ, എല്ലാവരും കളിക്കാനാണ് പറയാറുള്ളത്. ഞങ്ങൾ കളിക്കുന്നത് കാണാനാണ് എല്ലാവരുടെയും ഇഷ്ടം. ബാലേട്ടൻ കുട്ടിക്കാലത്ത് കളിച്ച വയലാണിതെന്നാണ് അച്ഛനും മുത്തശ്ശീം പറയാറ്.

ഓഹോ... അപ്പോൾ എല്ലാവരും ചേർന്ന് ബാലേട്ടന്റെ അടുത്തേക്ക് അയച്ചതാണോ?

അതെ ബാലേട്ടാ... പിന്നെ എവിടെ പോകാൻ? ബാലേട്ടന്റെ അടുത്ത് വന്നാൽ ഫുട്ബോൾ കിട്ടുംന്ന് എല്ലാവർക്കും അറിയാല്ലോ

കാർപോർച്ചിലെ പെട്ടിയിൽ നിന്ന് ഒരു നാലാം നമ്പർ ഫുട്ബോൾ കൂടി എടുത്ത് ആ പെൺകുട്ടികളിലൊരാൾക്ക് കൊടുത്തുകൊണ്ട് അയാൾ പറഞ്ഞു.

നന്നായി കളിക്കണം. ഞാൻ ഒരു ദിവസം കളി കാണാൻ വരുന്നുണ്ട് കെട്ടോ,.

അയ്യോ ബാലേട്ടാ, ഞങ്ങളുടെ കളികണ്ടിട്ട് പെൺകുട്ട്യോൾടെ കളികണ്ടാൽ മതീട്ടോ ബാലേട്ടാ. ബാലേട്ടനെന്നാണ് വര്വാ? സുബിത്ത് ചോദിച്ചു.

വരാം, ഒരു ദിവസം വരാം.

അയാൾ മുറ്റത്തേക്കിറങ്ങി ഗെയ്റ്റ് തുറന്നു. അവർക്ക് പോകാൻ വഴിയൊരുക്കി.

ഇപ്പോൾ പോകൂ. ഞാൻ വരുന്നുണ്ട്. കാണാൻമാത്രം വാശിയിൽ നന്നായി കളിക്കുന്നു എന്ന് തോന്നുമ്പോൾ ഇവിടെ വന്നു പറയണം. ഞാൻ വരാം അയാൾ അവരെ യാത്രയാക്കി. പന്തുകൾ കയ്യിലേന്തി നിറഞ്ഞ സന്തോഷത്തോടെ ഓടിയകലുന്ന കുട്ടികൾ അയാളെ വീണ്ടും കുട്ടിക്കാലത്തേക്കു കൊണ്ടുപോയി.

കളിക്കൂട്ടുകാർ തേങ്ങവലിക്കാരനെന്ന് പരിഹസിച്ചിരുന്ന കരുണാകരനെന്ന ബാല്യകാല സുഹൃത്തിന്റെ രൂപം അയാൾ മുന്നിൽ കണ്ടു. പഴന്തുണികൊണ്ട് കെട്ടിയുണ്ടാക്കുന്ന പന്തുകൊണ്ട് ആരംഭിച്ച ഫുട്ബോൾ കളി .. ഒരു ഫുട്ബോൾ വാങ്ങാനുള്ള പണം സംഭാവനയായി കിട്ടാൻ വേണ്ടി അച്ഛൻ കാര്യസ്ഥനായി പ്രവൃത്തി

ശേഷം പേജി 37ൽ

ന്യൂകാലിക്കറ്റ് ഓട്ടോ മൊബൈൽ വർക്ക്ഷോപ്പ്
മൂരിയാട് റോഡ്
പുതിയപാലം, കോഴിക്കോട്
കാർ സ്പ്രേപെയിന്റിങ്ങ്, ബോഡി വർക്സ്,
എഞ്ചിനീയറിംഗ് വർക്ക്സ്
ഫോൺ : മണി 9846386998

ATM Two Wheeler Work Shop
Near old Bridge, Mankave,
Kozhikode - 673007
Mob : kabeer - 9387946484

WRANGLER MENS WEAR
Mankave, Calicut - 7
Ph : 9847446995

സ്നേഹ മ്യാരേജ് ബ്യൂറോ & റിയൽ എസ്റ്റേറ്റ്
എൽ - മുബാറക്ക് ബിൽഡിംഗ്,
ഈസ്റ്റ് കോട്ടപ്പറമ്പ്,
പി.ഒ. ചാലപ്പുറം, കോഴിക്കോട് - 2
ഫോൺ : മനോജ് കൊമ്മേരി -9387508708, 8129872760

എല്ലാവിധ ആയുർവേദ മരുന്നുകൾക്കും
തറിമരുന്നുകൾക്കും സമീപിക്കുക.
ജെ.വി. ആയുർവേദിക്
മാങ്കാവ് - 7
ഫോൺ: 9847556827

SITHARA DIGITAL STUDIO
Yatheemkhana Building,
Kinassery, Kozhikode -13
Mob : C. Ramdas
9447635472, 2331860

വിനായക

വെജിറ്റേറിയൻ റെസ്റ്റോറന്റ് & കൂൾബാർ
ശ്രീ വളയനാട് ക്ഷേത്രം കിഴക്കേനട,
കോഴിക്കോട്
ഫോൺ : പപ്പൻ - 9400741434

കായലോട്ട് ഫൂട്ട് വേർ
കൊടിനാട്ടുമുക്ക്
ഒളവണ്ണ, കോഴിക്കോട്
ഫോൺ : 9645509929

സനു മോട്ടോർസ്
ഒളവണ്ണ ജംഗ്ഷൻ
ടൂവീലർ റിപ്പയറിങ് & സ്പ്രേ പെയിന്റിംങ്
ഫോൺ : 9349596940


ദർശന ഡ്രസ്സസ്
പുതിയപാലം പാലത്തിനു സമീപം
കോഴിക്കോട് - 2
ഫോൺ : 0495 4040140

G.D. COTTONS & READY MADES
Daffodil Arcade, Olavanna Junction,
Calicut - 673025
Ph: 9633662469

T.K. TYRES
Olavanna Junction,Kunnathupalam, Calicut
Ph: Shop - 3212707
Mob: Bipin - 9846744700
HOT & COLD TYPE RE-SOLING
& PUNCHER WORKS

**കഥ**

# നക്ഷത്രപഥം



സാം തോമസ്



ഒരു പണക്കാരനായതോടെ അപരിചിതത്വം മാറ്റി പുതിയ ബന്ധങ്ങൾ സ്ഥാപിച്ചു. സമൂഹത്തിലെ ഉന്നതരെന്ന് വിശേഷിക്കപ്പെടുന്ന സമ്പന്നവർഗ്ഗം സുമുഖനും സമർത്ഥനുമായ മോഹൻ ചെറിയാൻ എന്ന ചെറുപ്പക്കാരന്റെ സുഹൃത്തുക്കളും നിത്യ സന്ദർശകരുമായി.......
അയാളെ തങ്ങളുടെ ജാമാതാവായി കിട്ടുവാൻ സമ്പന്നരായ പല മാതാപിതാക്കളും ആഗ്രഹിച്ചു. .......

പണമാണ് സകല വിജയങ്ങളുടേയും, പരാജയങ്ങളുടേയും നന്മകളുടേയും തിന്മകളുടേയും പാതകൾ വെട്ടിത്തുറക്കുന്നത്. ധീരനാകാനും ഭീരുവാകാനും സ്വാർത്ഥിയാക്കാനും ത്യാഗിയാക്കാനും, സർവ്വോപരി ഈ ലോകജീവിതം സുഖകരമാക്കാനും പണം തന്നെ വേണം അത് മറ്റാരെയും കാൾ കൂടുതലായിരിക്കുകയും വേണം.

പണമെന്നു കേട്ടാൽ പിണവും കണ്ണു തുറക്കുമെന്നാണല്ലോ. സമ്പത്തും ഔദ്യോഗിക പദവിയൊന്നുമില്ലാത്തവരെയും തങ്ങൾക്കുപകരിക്കാത്തവരെയും നിസ്സാരന്മാരായി ഗണിക്കുന്നവർ, ......

സ്വയം ആർജ്ജിച്ചെടുക്കേണ്ട സ്നേഹവും, ബഹുമാനവും പിടിച്ചുപറ്റാൻ ശ്രമിക്കുന്നവർ,

കാറും ബംഗ്ലാവും ബൈക്കുമില്ലാത്തവൻ, മനുജനോ, മാന്യനോ അല്ലാത്തവനെന്നു കരുതുന്നവർ, അങ്ങനെയുള്ള സമൂഹത്തിൽ ഒരു മാന്യനായി സുഖലോലുപതയിൽ ജീവിക്കാൻ യുവാവായ മോഹൻ ആഗ്രഹിച്ചതിൽ തെറ്റ് പറയാൻ കഴിയുമോ..... അതിനുവേണ്ടി മനുഷ്യർക്ക് നിരക്കാത്തതും മാന്യമല്ലാത്തതുമായ പലതും മറ്റുള്ളവരെ പോലെ മോഹൻ ചെറിയാനും ചെയ്തു. അല്ലങ്കിൽ ചെയ്യേണ്ടിവന്നു. ..... ആകെ മുങ്ങിയാൽ കുളിരില്ലന്നാണല്ലോ

അതുകൊണ്ടുതന്നെ സമൂഹത്തിൽ അയാളിന്ന് മാന്യനാണ്, സമ്പന്നനാണ്, ആഗ്രഹിക്കുന്നതൊക്കെ നടക്കും അല്ലെങ്കിൽ നടത്തിക്കും.

അന്തരീക്ഷ ജല മലിന പരിസ്ഥിതി പ്രശ്ന കേസുകൾ, സാമ്പത്തിക ഇടപാടുകളിൽ നിയമം മറികടന്നുള്ള നിർമ്മാണ പ്രവർത്തന കുറ്റങ്ങൾ, വ്യാജമുദ്രപ്പത്രകേസ്, അങ്ങിനെ പലതും എത്ര സമർത്ഥമായി മോഹൻ ചെറിയാൻ തരണം ചെയ്തു. പണമുണ്ടെങ്കിൽ നിരപരാധി അപരാധിയാകും, അപരാധി നിരപരാധിയാകും. നിയമവും നീതിയും സത്യവും അസത്യവുമെല്ലാം പണത്തിന്റെ കാവൽ പടയാളിയാകുമ്പോൾ ആരെ, എന്തിന് ഭയപ്പെടണം. പരാജയമോ തോൽവിയോ എന്റെ നിഘണ്ടുവിലില്ലന്നാണ്. അയാളുടെ പക്ഷം.

മുമ്പോട്ടുള്ള പഠനം മതിയാക്കി തൊഴിലൊന്നും കിട്ടാതെ എന്തുചെയ്യേണ്ടു എന്നറിയാതെ ആധാർ മ്മിക കൂട്ടുകെട്ടിൽ അരുതാത്ത വ്യവഹാരങ്ങളിൽ ഏർപ്പെട്ടപ്പോൾ അധ്യാപകനായ ചെറിയാൻ മാസ്റ്റർ മകനെ ഉപദേശിച്ചു....

തിന്മയിലേക്ക് നയിക്കുന്ന പാദങ്ങളെ നിയന്ത്രിച്ചില്ലെങ്കിൽ നീ ദുഃഖിക്കേണ്ടിവരും. നീതിപൂർവ്വം നേടുന്ന ചെറിയ ആദായമാണ് നീതിരഹിതമായി നേടുന്ന വലിയ ആദായത്തേക്കാൾ വിശിഷ്ടം അതുൾക്കൊള്ളാൻ അന്ന് മോഹന് കഴിഞ്ഞില്ല.

റിയൽ എസ്റ്റേറ്റ് - അമിതപലിശക്ക് പണം കൊടുക്കുക, മയക്കുമരുന്ന് തുടങ്ങിയവയിൽകൂടി ധാരാളം പണം സമ്പാദിച്ചപ്പോൾ ആത്മവിശ്വാസം വർദ്ധിച്ചു. ഇനി

HERO HONDA **BIKE CITY**
Kuttikkattoor, Anakuzhikara,
Calicut - 673008
Ph: 0495 - 3213627
*HONDA SERVICE & SPARE*

**പവിഴം ബാങ്കേഴ്സ്**
കൊളങ്ങര പീടിക, കോഴിക്കോട്
ഫോൺ : 2330823

**മാളവിക സ്റ്റോർ**
പട്ടേൽ താഴം
ജനറൽ മർച്ചന്റ്
ഫോൺ: 0495 2333196

**ഡോ. ശ്രീനിവാസൻസ് പോളിക്ലിനിക്ക്** (ഹോമിയോ)
ESTD 1963
കാളൂർറോഡ്, ആഴ്ചവട്ടം
ഡോ. ശ്രീനിവാസൻ
ഫോൺ : 0495 2332470, 9400552470

**DHANALAKSHMI Jwellery**
P.V.S. Shopping Complex,Cheriya Mankave - 7
Phone : 2331737, Resi : 2324410
Mob: M.C. Vinod Kumar - 9847070204

**ഹൗസ് ഓഫ് കൺസൽട്ടൻസി**
മേത്തോട്ടുതാഴം, കോഴിക്കോട്
വിവേകദായനി വായനശാലക്ക് സമീപം
പ്ലാൻ, എസ്റ്റിമേറ്റ്, എന്നിവ
തയ്യാറാക്കി കൊടുക്കുന്നു.

ജ്യോത്സ്യൻ
**കോവൂർ വേണുഗോപാലപണിക്കർ**
സിക്രട്ടറി, അഖിലകേരള
ജ്യോതിഷതാന്ത്രിക പരിഷത്ത്
കോവൂർ, കോഴിക്കോട്
ഫോൺ : 3143903

**ഹോട്ടൽ ഭുവനേശ്വരി**
പൊറ്റമ്മൽ, കോഴിക്കോട് - 16
ഫോൺ : 9847235707,
കാറ്ററിംഗ് സർവ്വീസ് - 9388984386

**ZYHA**
Footwear & Fancy
*Palazhi Road*
*Pottammal, Kozhikode,*
*Mob: Shaheer - 8089699590*

**Ammu Distributors**
Joudha Building, 5/2697H,
Rajeev Nagar Coloney, Near Swimming Pool
Calicut - 673004
Mob : Suresh Babu. M. - 9447722358
Ofi - 0495 2770086
Authorised of Balco PVC Pipes, Conduits & Solvent Cement

**PHOTOCASTLE**

asain paints colour world
**UNITED PAINTS**
Areekkara Ayyappan Building,
Palazhi Road, Pottammal, Kozhikode - 16
Ph: 0495 3274445, 9447635541, 9895409410
AUTHORISED DEALERS OF ASIAN PAINTS, ICI, INDIGO

ആർക്കും തന്നെ തോൽപ്പിക്കാനോ അവഗണിക്കാനോ കഴിയില്ലന്ന അഹന്ത

കാറുകളും ആഡംബര ബസ്സുകളും ലോറികളും സ്വന്തമാക്കി ബിസിനസ്സ് ശക്തിപ്പെടുത്തി. ലോൺ തരപ്പെടുത്തി കോടികൾ മുതൽ മുടക്കുന്ന സ്വന്തം ഫ്ളാറ്റ് ചൈത്രരഥ ഉദ്യാനങ്ങളും നീന്തൽ കുളങ്ങളുമുള്ള റിസോർട്ട് ബഹുനില കെട്ടിടം നക്ഷത്രപഥം എന്നപേരിൽ സമുദ്രതീരത്ത് കടലിനഭിമുഖമായി പണിതുയർത്തി. അറബിക്കടലിന്റെ വശ്യതയിൽ വർണ്ണാഭമായ് അസ്തമയ സൂര്യനെ ദർശിക്കുവാനും അവധിദിനങ്ങൾ ഉല്ലാസകരമായി ചെലവിടാനും മുറികൾ സ്വന്തമാക്കാനും നക്ഷത്രപഥത്തിലെത്തുക. എന്നുള്ള പരസ്യം പത്രമാധ്യമങ്ങളിലും ടി.വി. ചാനലുകളിലും നിറഞ്ഞതോടെ വാസസ്ഥല മുറികൾക്കായി പല വമ്പൻമാരും മുൻകൂറായി പണം നൽകി ബുക്കുചെയ്യുക.

ഉദ്ഘാടന കർമ്മം നിർവ്വഹിക്കാൻ സിനിമാതാരങ്ങളേയും മന്ത്രിമാരെയും ക്ഷണിക്കാൻ ചെന്നൈയിലും തലസ്ഥാന നഗരങ്ങളിലും മറ്റും പോയി മടങ്ങുമ്പോഴാണ് ഞെട്ടിക്കുന്ന ആ വാർത്ത.

അതിശക്തമായ ഭൂകമ്പം റിക്ടർ സ്കെയിലിൽ 8-6 - തീവ്രതയിൽ പല ബഹുനിലകെട്ടിടങ്ങൾക്ക് ഭവനങ്ങൾക്കും വിള്ളലുണ്ടാവുകയോ ചരിവുമുണ്ടാവുകയോ ചെയ്തിട്ടുണ്ടെന്നും, സുനാമിക് സാദ്ധ്യത കൂടുതലാണെന്നും റിപ്പോർട്ട്.

നക്ഷത്രപഥം ഫ്ളാറ്റ് അപകടമാംവിധം ചരിഞ്ഞിരിക്കുന്നു എന്ന യാഥാർത്ഥ്യം തന്റെ മേൽ പതിച്ച അശനിപാതമായി മോഹന് തോന്നി.

താമസയോഗ്യമല്ലാത്ത നക്ഷത്രപഥം താമസംവിനാ പൊളിച്ച് നീക്കം ചെയ്യാൻ അധികൃതരുടെ മുന്നറിയിപ്പ് വന്നതോടെ നിക്ഷേപകർ പണം മടക്കി കിട്ടുവാൻ തിരക്കുകൂട്ടി. സമ്പാദിച്ചതത്രയും നഷ്ടപ്പെടുത്തിയാൽ മാത്രമേ ഈ ആപൽഘട്ടം തരണം ചെയ്യാൻ കഴിയുകയുള്ളുവെന്ന സത്യം അയാളെ ഒരു നിർദ്ധനനും അനാഥനുമാക്കി മാറ്റി. പെട്ടെന്ന് പണക്കാരനാവാൻ ഉള്ള സ്ഥലമൊക്കെ വിറ്റിട്ടായാലും എങ്ങിനേയും പണമുണ്ടാക്കണമെന്നും കൂടുതൽ പണമുണ്ടാക്കാൻ അങ്ങിനെ ശ്രമിക്കണമെന്നും മുമ്പൊരവസരത്തിൽ പറഞ്ഞപ്പോൾ നമ്മുടെ സാമ്പത്തിക ശേഷി ഉയർത്തുന്നതിനേക്കാൾ ഉപരി നമ്മുടെ ആശകളെ കുറയ്ക്കുന്നതിനാണ് ജീവിതത്തിൽ നാം ജാഗ്രത കാട്ടേണ്ടതെന്നാണ്

അപ്പച്ചൻ പറഞ്ഞ മറുപടി. ഇത്ര കാലവും താൻ അവഗണിച്ച മാതാപിതാക്കളുടെ സ്മരണയിൽ ഹൃദയം നൊന്ത് നുറുങ്ങുന്നതുപോലെ ഹതഭാഗ്യനായ അയാൾക്ക നുഭവപ്പെട്ടു.

കൃഷിക്കാരൻ എന്നതിലുപരി ഒരു പ്രൈമറി സ്കൂൾ അദ്ധ്യാപകനായ ചെറിയാൻ മാസ്റ്ററുടേയും ഭാര്യ മറിയാമ്മയുടേയും ഏകമകൻ മോഹൻ എന്ന മോഹൻ ചെറിയാൻ അതിസമർത്ഥനായ വിദ്യാർത്ഥിയായിരുന്നു. അവൻ പഠിച്ച് വലിയ ആളാകുമെന്നായിരുന്നു ആ മാതാപിതാക്കൾ സ്വപ്നം കണ്ടിരുന്നത്. എന്നാൽ പഠനത്തിലുപരി അവന്റെ ശ്രദ്ധ ബിസിനസ്സിലായിരുന്നു. മുമ്പോട്ടുപഠിക്കാനുള്ള വിസമ്മതത്തിൽ ഏതെങ്കിലുമൊരു തൊഴിലിനുവേണ്ട പണം ആവശ്യപ്പെട്ട് പലപ്പോഴും അവൻ മാതാപിതാക്കളുമായി കലഹിച്ചിരുന്നു.

വർഷങ്ങളായി ചെറിയാൻ മാസ്റ്ററുടെ കുടുംബത്തെ ആശ്രയിച്ച് അവരെ പരിചരിച്ച് സഹായിച്ച് കഴിഞ്ഞിരുന്ന അനാഥനായ ഗോവിന്ദന് കുടുംബസ്വത്തിൽ ഒരു ഭാഗം ഇഷ്ടദാനമായി എഴുതി കൊടുത്തതിനെ ചൊല്ലി മാതാപിതാക്കളെ പീഡിപ്പിച്ച് സമ്മർദ്ദത്തിലാക്കി മോഹൻ ചെറിയാൻ കൃഷിയിടം അയാളുടെ പേരിൽ എഴുതിവാങ്ങി വില്പന നടത്തി. ലഭിച്ച പണവുമായി നാടുവിട്ടതാണ്. യാഥാർത്ഥ്യത്തിന്റെ തിരശ്ശീല മാറ്റി കാപട്യത്തിന്റെ മറയിട്ടുകൊണ്ട് നേടാവുന്നത്ര നേടി. തിരിഞ്ഞു നോക്കാതെയുള്ള പ്രയാണം, എല്ലാം നേടിയെന്നുള്ള അഹന്തയും അഭിമാനവും.

അയാളിന്ന് സമൂഹത്തിലെ ഉന്നതൻ, മാന്യൻ സമ്പന്നൻ......

പക്ഷേ...... നൊടിയിടകൊണ്ട് എല്ലാം അവസാനിച്ചു. തന്റെ കുടുംബത്തിൽ അന്നും ഇന്നും സഹായകമായി ഉണ്ടായിരുന്നു അനാഥനായ ഗോവിന്ദന് ഒരു തുണ്ട് ഭൂമി ദാനമായി നൽകിയതിന് മാതാപിതാക്കളെ ദേഹോപദ്രവമേൽപ്പിച്ച് തന്റെ വീറും വാശിയും പ്രകടിപ്പിച്ചു.

പൊന്നു മോനെ ഞങ്ങളോടിതു ചെയ്യാൻ നിനക്കെങ്ങനെ തോന്നി.!!-

പൊട്ടിക്കരഞ്ഞുകൊണ്ട് പെറ്റമ്മ പറഞ്ഞ വാക്കുകൾ ദൈന്യതയാർന്ന കണ്ണുകൾ, സ്നേഹവും ദുഃഖവും നിസ്സഹായതയും സ്ഫുരിക്കുന്ന അപ്പച്ചന്റെ മുഖം...

ഹോ.... ഇത്ര കഠിന ഹൃദയനാവാൻ തനിക്കെങ്ങിനെ കഴിഞ്ഞു.....

തന്റെ അവപതനത്തിനൊക്കെ കാരണം. അവരുടെ കണ്ണീരല്ലേ... ഗോവിന്ദനേക്കാൾ അനാഥത്വം ഇന്ന് തനിക്കല്ലേ. സംഭവിച്ചിരിക്കുന്നത്- ഒരിക്കൽ തന്നെ അന്വേഷിച്ചെത്തിയ ഗോവിന്ദനെ ഒന്നും പറയാൻ കൂടി അനുവദിക്കാതെ മടക്കി അയച്ചവനല്ലേ - താൻ. മാപ്പഅർഹിക്കാത്ത അപരാധമല്ലേ.... മാതാപിതാക്കളോട് താൻ കാട്ടിയത് എങ്ങിനെ ഇനി അവരെ അഭിമുഖീകരിക്കും? അഭിശപ്തമായ ഈ ജീവിതത്തേക്കാൾ മരണമല്ലേ അഭികാമ്യം.

മരണേച്ഛ ഭീരുത്വമല്ലേ. ശരിയെന്തെന്ന് തിരിച്ചറിവ് ഉണ്ടായിട്ടും അത് ചെയ്യാതിരിക്കലല്ലേ ഭീരുത്വം. മാതാപിതാക്കളെ കാണണം. മാപ്പ് പറയണം. ഒരു നിമിഷം ആ യുവാവ് ചിന്തിച്ചു. ഒരു നിശ്ചിത ദാർഢ്യത ആ മുഖത്ത് പ്രകടമായി.

പ്രത്യക്ഷപ്പെട്ടതുപോലെ ഗോവിന്ദൻ മുമ്പിൽ വിഷാദപൂർവ്വം പുഞ്ചിരിച്ചു നിൽക്കുന്ന അയാളെ അതിശയത്തോടെ മോഹൻ നിമിഷങ്ങളോളം നോക്കി. ഇരുവരുടേയും കണ്ണുകൾ നിറഞ്ഞു. അപ്പച്ചൻ തന്നയച്ചതാണ് ......

ഒരു കത്തു നീട്ടിക്കൊണ്ട് ഗോവിന്ദൻ പറഞ്ഞു

തെല്ലൊരാശങ്കയോടെ മോഹൻ അതുവാങ്ങി മോനെ!

നീ അകലേ - സഞ്ചരിക്കുമ്പോഴും ഞങ്ങൾ നിന്നോടൊപ്പം അരികെ ഉണ്ടായിരുന്നു. എല്ലാം അറിയുന്നുണ്ടായിരുന്നു.

സത്യത്തിന് തെറ്റിനെ മനസ്സിലാക്കാൻ കഴിയും. പക്ഷെ തെറ്റിന് സത്യത്തെ മനസ്സിലാക്കാൻ കഴിയില്ല. നിനക്കു പറ്റിയ വീഴ്ചയും അതാണ്. സംഭവിച്ചതൊക്കെ നന്മക്കു വേണ്ടിയെന്നും പരാജയം വിജയത്തിനു വേണ്ടിയെന്നും വിശ്വസിക്കുക.

ആരോഗ്യം ക്ഷയിച്ച നിന്റെ അമ്മ ഇന്ന് ജീവിച്ചിരിക്കുന്നത് നിനക്ക് വേണ്ടി മാത്രമാണ്.

നക്ഷത്രപഥത്തിലേക്ക് നീ നടന്നത് അജ്ഞതയുടെ ഇരുണ്ട പാതകളിലൂടെയായിരുന്നു. ആ വഴിയുടെ അന്ത്യവും നീ കണ്ടെത്തി.

ഇപ്പോൾ വിജ്ഞാനത്തിന്റെ വിശാലമായ നക്ഷത്രലോകത്തിൽ, നീ എത്തിക്കഴിഞ്ഞു.

എളിയതെങ്കിലും നിത്യരമണീയമായ ആ രാജ്യത്തെ സ്വഭവനത്തിലേക്കുള്ള പാതയാണ് നിന്റെ മുമ്പിലുള്ളത്. ആവഴിയെ ഇനിയുള്ള കാലം നമുക്കൊരുമിച്ച് സഞ്ചരിക്കാം

വയോവൃദ്ധനും അനാഥനുമായ ഗോവിന്ദൻ നമുക്ക് ബന്ധുവാണ്. സഹായിയാണ്, അയാൾ ജീവിക്കുന്നതും നമുക്ക് വേണ്ടിയാണ്. അവിടെയുള്ളതൊക്കെ ഉപേക്ഷിച്ച് ഗോവിന്ദനോടൊപ്പം വരിക .. വേഗം.

നിന്നെയും കാത്ത്

നിന്റെ അമ്മയും അച്ഛനും കത്തു വായിച്ചു തീർന്നതോടെ അറിയാതെ മോഹന്റെ കണ്ണുകൾ നിറഞ്ഞൊഴുകി

ഉത്കണ്ഠയോടെ തന്നെ നോക്കി നിന്ന ഗോവിന്ദനെ നിറഞ്ഞ മനസ്സോടെ കെട്ടിപ്പുണർന്നു.

മനസ്സറിഞ്ഞുകൊണ്ട് അപ്പോഴേക്കും ആ മാതാപിതാക്കളുടെ അരികിൽ എത്തിക്കഴിഞ്ഞിരുന്നു

---

**മുണ്ടൂര്** (പേജ് 21ൽ നിന്നും തുടർച്ച)

വണ്ടിക്കാച്ചാ വേറെ വണ്ടിണ്ടലോ

അല്ല. ഒന്നു കാണാനാ

ഈ പെലച്ചക്ക് എന്താ കാര്യം?

നാട്ടിൻ പുറത്തിന്റെ ഔത്സുക്യങ്ങൾ.

കണ്ടിട്ട് ഒരത്യാവശ്യോണ്ട്.

പഞ്ചായത്തുപടിയിൽ പരിചയം കുറഞ്ഞ ചന്ദ്രനെ പ്രതീക്ഷിച്ചുകൊണ്ട് ഒരു ദയാ ഹരിജിക്കാരനായി നിൽക്കവേ ഞാനൊരു യഥാർത്ഥ്യത്തിലെത്തുകയായിരുന്നു: പ്രാരാബ്ധങ്ങളുള്ള ഒരുത്തൻ വിവാഹം കഴിക്കാറുണ്ട്. കരുതിവയ്ക്കാൻ കഴിയാത്തവൻ കടങ്ങളുണ്ടാക്കരുത്.

ഇല്ല ചന്ദ്രൻ വന്നാൽ ഉടൻ വീട്ടിലെത്താം. ഞാൻ സ്വയം സമാധാനിക്കുവാൻ ശ്രമിച്ചു. അമ്മുവിന് അസുഖം തുടങ്ങിയിട്ടേയുള്ളു. അതും ഡേറ്റാവുന്നതിനു മുമ്പുള്ള പെയ്നാണ്. കുറച്ചു കഴിഞ്ഞാൽ അതു വിട്ടു മാറിയേക്കാം. ഈ മാസവും ഡോക്ടറെ കാണിച്ചതാണ്. ഡോക്ടർ വിദഗ്ദനാണ്. അദ്ദേഹത്തിന് തെറ്റു പറ്റാനിടവരില്ല.

പ്രഭാതത്തിന്റെ ദുർമുഖം പതുക്കെ കലങ്ങി. പിന്നെ തെളിഞ്ഞു. ഗ്രഹണി പിടിച്ച കുട്ടിയെപ്പോലെ മാനം ഇളിച്ചുകാട്ടി. അങ്ങങ്ങോ ഒന്നു രണ്ടു കിളികൾ പ്രഭാതത്തെ ചിലച്ചുണർത്താൻ പാടുപെട്ടു. പഞ്ചായത്തു പടിയിലുള്ള ചായക്കടയുടെ ചായ്പിൽ എരുമകൾ മുക്രയിട്ടു.

ശ്വസിക്കാതെ, ഇമവെട്ടാതെ കാതും കണ്ണും കൂർപ്പിച്ച് അക്ഷമയോടെ സമയവും ഞാനും കാത്തുനിന്നു.

മറ്റേതോ നിമിഷത്തിൽ മഹാമാരിപോലെ ഒരു പഞ്ചായത്തു പടിയിൽ പാഞ്ഞെത്തി പെട്ടെന്നു നിന്നു. സഡൻ ബ്രേക്കിന്റെ ആഘാതത്തിൽ ചക്രങ്ങൾ തേങ്ങി കരഞ്ഞു. ഞാനെന്റെ വിഷാദത്തിന്റെ മുഖംമൂടി ചീന്തി അങ്ങോട്ടു നോക്കി. മാഷ് പറഞ്ഞു തന്ന രൂപം. നിറം, പൊക്കം. മുന്നിൽ ചന്ദ്രൻ. ഒറ്റക്കുതിപ്പിന് ചന്ദ്രന്റെ അടുത്ത്

ചന്ദ്രനല്ലേ! ''ആ''

ഞാനെന്റെ കാര്യം പറഞ്ഞു. മാഷ് പറഞ്ഞയച്ചതാണ്. മാഷ് വന്ന് ചന്ദ്രനെ കാണും. അടിയന്തിരമാണ്. കാത്തുനിൽക്കാൻ സമയമില്ല.

''പെട്രോളില്ലിലോ''

ചന്ദ്രൻ പറഞ്ഞു. ഇപ്പോത്തന്നെ വണ്ടി റിസർവ്വിലാ. പിന്നെ പണം തികയില്ല. സംഘടിപ്പിക്കണം.

ഏതോ വളിച്ച ഫലിതം കേട്ട കോമാളിയെപ്പോലെ ഞാൻ നിന്നു. എനിക്കിതുവേണം. എനിക്കെന്റെ മുഖത്ത് ആഞ്ഞൊന്നു വീക്കാൻ തോന്നി.

“ഒരു കാര്യം ചെയ്യാം.” ചന്ദ്രൻ പറഞ്ഞു. നിങ്ങള് എളുപ്പവഴിക്ക് വീട്ടിലെത്ത്വാ. എല്ലാം ഒരുങ്ങിയിരിക്ക്യാ. ഞാനപ്പളക്ക് പെട്രോളും പണോം ശരിപ്പെടുത്തി അവിടെയെത്താം.

ചനലമറ്റ് വീണ്ടും ഞാൻ നിൽക്കവെ ചന്ദ്രന്റെ ശബ്ദമുയർന്നു.

കുഞ്ചേട്ടൻ പൊക്കോളു. ഞാനവിടെ എത്തും.

പിന്നീട് ഞാനൊരു ചുഴലിയായി. എന്റെ വേഗതയിൽ പെരുവഴിയിലെ നിമ്നോന്നതങ്ങൾ നിരപ്പായി. തീപിടിച്ച പ്രാണനിൽ നിന്നും ചൂടേറ്റു വാങ്ങിയ കാറ്റു പൊരിഞ്ഞു. ഖണ്ഡവാഗ്നിയിൽ കിളികളിളകി. അവ ഭയന്ന്, താപക്കെടുതിയിൽ പിടഞ്ഞ് ചിതറിപ്പറന്നു.

പടികയറിയപ്പോൾ മുറ്റത്ത് ഒരാൾക്കൂട്ടം. എനിക്ക് ഇടനെഞ്ചു പൊട്ടി. എന്താണ് സംഭവിച്ചത്.? സംഭവിക്കുന്നത്.? എന്റെ അമ്മു. എന്റെ പാവം അമ്മു.

ഒതുക്കുകൾ കയറിയപ്പോൾ മുന്നിൽ പറങ്ങോടൻ. അതേ തലയിൽക്കെട്ട്. കൈയിൽ കന്നു തെളിക്കാനുള്ള മുടിയൻ കോൽ. മടിയിൽ തുറിച്ചുനിൽക്കുന്ന കടലാസ്സുപൊതി.

പറങ്ങോടന്റെ മുഖത്ത്-

അപ്പുറത്ത് പഴനിമല. അതിനപ്പുറത്ത് പാടത്തു പണിക്കു പുറപ്പെട്ട പണിക്കാർ. ഉമ്മറക്കോലായിൽ ഇരുന്നു ബീഡിയൂതുന്ന മാഷ്.

എന്താണ്? എന്തുപറ്റി?

ഞാൻ പുറത്തു വരാത്ത തേങ്ങലോടെ പണിപ്പെട്ട് വീട്ടിലേക്ക് കയറി. അമ്മൂ; നിനക്കെന്തുപറ്റി?

മുറിയിലെത്തിയപ്പോൾ എനിക്കു നെഞ്ചിൽ ശ്വാസവായു കടഞ്ഞു. നിലത്തെ പായിൽ അമ്മു കിടക്കുന്നു. തൊട്ടടുത്ത് നാണിയമ്മ. നാണിയമ്മയുടെ മടിയിൽ, ഇനിയും താനെത്തിപ്പെട്ട ഭൂമി കണ്ടിട്ടില്ലാത്ത ചോരകുഞ്ഞ്.

കുഞ്ചു എത്ത്യോ? നാണിയമ്മ ചോദിച്ചു. പറങ്ങോടൻ ചെന്ന് ഡോക്ടറെ ഇങ്ങോട്ട് കൊണ്ടന്നത് നന്നായി. ഇല്ലെങ്കിൽ വഴീലാവായിരുന്നു.

നാണിയമ്മ വീണ്ടും ചിരിച്ചു. പായിൽ തളർന്നു കിടക്കുന്ന

കഥ

# സ്നേഹ ചിറകുകൾ

അശ്വനി. എൻ.വി., VII th std, അച്ചുതൻ ഗേൾസ് ഹൈസ്കൂൾ



പതിവുപോലെ മിന്നു ഭക്ഷണത്തിനായി ഓരോ വീടുതോറും അലഞ്ഞു. ശ്രീക്കുട്ടന്റെ അമ്മ മാത്രമേ എന്തെങ്കിലും തരികയുള്ളു. വല്ല റൊട്ടികഷ്ണമോ അല്ലെങ്കിൽ തലേന്നത്തെ ചോറോ അങ്ങിനെ എന്തെങ്കിലും അവന്റെ അമ്മയ്ക്ക് എന്നോട് വല്ല്യ സ്നേഹമുണ്ട്. അവരെന്തു തന്നാലും അതിൽ ഒരു പങ്ക് അപ്പുവിനുള്ളതാണ്.

അല്ല! ആരാണീ അപ്പു എന്നറിയ്യോ?

അപ്പുവിനെ കിട്ടിയകാര്യം ഞാൻ തന്നെ പറയാം.

ദാഹമോ വിശപ്പോ എന്തോ എന്നെ വല്ലാതെ വേട്ടയാടുന്നുണ്ടായിരുന്നു. ഞാനൊരു ചൂടുള്ള പാറകല്ലിൽ തലച്ചായ്ച്ചുറങ്ങിപ്പോയി. വിശപ്പുകാരണം ഉറങ്ങിയതു ഞാനറിഞ്ഞില്ല. പിന്നെ ഒരു ദയനീയമായ കരച്ചിൽ കേട്ടുകൊണ്ടാണ് ഞാനുണർന്നത്. ആ ശബ്ദത്തിന്റെ ദിശയിലേക്ക് ഞാൻ നടന്നുപ്പോയി. അതാ....... അവിടെ ഒരു കറുത്ത പൂച്ചക്കുട്ടി. ഞാനതിനെ എന്റെ കൈകുമ്പിളിലേക്കെടുത്തു. എന്നിട്ട് അവന് അപ്പു എന്ന് പേരിട്ടു.

എനിക്കെന്തു ഭക്ഷണം കിട്ടിയാലും പിന്നീട് ഞങ്ങൾ ആ സ്ഥലത്താണ് കണ്ടുമുട്ടുക എനിക്ക് കിട്ടിയതിന്റെ പാതി അവനും അവനു കിട്ടിയതിന്റെ പാതി എനിക്കുമായി പങ്കുവെയ്ക്കും. ഇന്നേയ്ക്ക് ഒരു മാസമായി ഞാനും അപ്പുവുമായുള്ള ബന്ധം. ഇന്നും മിന്നുവിനൊരു റൊട്ടികഷ്ണം കിട്ടി. വിശപ്പടക്കാൻ കഴിയുന്നില്ല. ഉള്ളിൽ എന്തോ ഒരു വല്ലായ്മപ്പോലെ. എന്നാലും അവൾ അപ്പുവിനെയും കാത്ത് അവിടെ ഇരിക്കുകയാണ്. അവൾ പേടിയോടെ ആലോചിച്ചു.

അപ്പുവിന് എന്തെങ്കിലും പറ്റിയോ?

എന്റെ അപ്പു എവിടെ. ഒരുപാട് സമയം അവൾ അവനേയും കാത്ത് നിന്നു. എനിക്ക് ഇനിയും ഇവിടെ നിൽക്കാൻ കഴിയില്ല. അവന് എന്തോ ആപത്ത് സംഭവിച്ചിരിക്കുന്നു. മിന്നു മുൻമ്പോട്ട് നടന്ന് നടന്ന് അവസാനം ചൂടുപൊടിക്കാറ്റടിക്കുന്ന പട്ടണത്തിലാണ് അവളെത്തിയത്. അതാ...... അവിടെ........... അവിടെ ഒരാൾക്കൂട്ടം. അവൾ അവിടേയ്ക്കു കുതിച്ചുപോയി. നോക്കുമ്പോൾ തന്റെ അപ്പു. അവൾ തന്റെ അപ്പുനെ കോരിയെടുത്തു കരഞ്ഞു. ഏതോ കാറിന്റെ ടയറിൽ കുടുങ്ങി ചത്തതാണ് ആളുകൾ പിറുപിറുത്തു ഇപ്പോഴും ആ പാറകല്ലിനരികിലെ മൂലയിൽ അപ്പുവിന്റെ ശവവും ഒരു റൊട്ടികഷ്ണവും ചിന്നു തന്റെ അപ്പുവിന്റെ സ്മാരകമായി ഇവിടെ സൂക്ഷിക്കുന്നുണ്ട്.

**ഫുട്ബോൾ** (പേജ് 31ൽ നിന്നും തുടർച്ച)

യെടുക്കുന്ന അപ്പുട്ടി മുതലാളിയുടെ വലിയ വീട്ടിന്റെ മുന്നിൽ ഭയാശങ്കകളോടെ കൂട്ടുകാരോടൊപ്പം നിന്ന ദിവസം. നീയാരാണെന്ന അപ്പുട്ടി മുതലാളിയുടെ ചോദ്യത്തിന് അച്ഛന്റെ പേർ പറഞ്ഞ് ആ ആളുടെ മകനാണെന്ന് പറഞ്ഞത് കരുണാകരനായിരുന്നു. അയാളുടെ അച്ഛന്റെ പേര് പറഞ്ഞാൽ ഫുട്ബോൾ വാങ്ങാൻ അപ്പുട്ടി മുതലാളി പണം തരുമെന്നായിരുന്നു കരുണാകരന്റെ വിശ്വാസം.

അച്ഛന്റെ പേര് പറഞ്ഞപ്പോൾ മുഖത്തേക്കു നോക്കി പന്തുകളിക്കാൻ അച്ഛൻ സമ്മതം തന്നോ? എന്ന അപ്പുട്ടി മുതലാളിയുടെ ചോദ്യവും അയാളുടെ മനസ്സിന്റെ കണ്ണാടിയിൽ തെളിഞ്ഞുവന്നു.

അച്ഛൻ എതിർക്കില്ല. പന്തുകളിക്കണമെന്നാണ് അച്ഛൻ പറഞ്ഞത്.

വർഷങ്ങൾക്ക് മുൻപ് അപ്പുട്ടി മുതലാളിയോട് അങ്ങനെ പറയുമ്പോൾ മനസ്സിൽ തെളിഞ്ഞുവന്നത് കൊച്ചു കുട്ടിയാകുമ്പോൾ മുറ്റത്ത് കളിക്കാൻ മഞ്ഞനിറത്തിലുള്ള ടെന്നീസ്ബോൾ വാങ്ങികൊണ്ടുവന്ന അച്ഛന്റെ രൂപമായിരുന്നു വെന്നും അയാൾ ഒരു നിമിഷം ഓർത്തുപോയി. ഒരു നിമിഷം

ങ്ഹാ. എന്നാൽ ഞാനതൊന്ന് നിന്റെ അച്ഛനോട് ചോദിയ്ക്കാം ട്ടൊ. എന്നായിരുന്നു അപ്പുട്ടി മുതലാളിയുടെ വാക്കുകൾ.

അന്ന് സന്ധ്യക്ക് ജോലി കഴിഞ്ഞ് വീട്ടിൽ മടങ്ങിയെത്തിയ അച്ഛന്റെ കയ്യിൽ ഒരു കടലാസ് പൊതികൂടിയുണ്ടായിരുന്നു.

മുണ്ടോ വേഷ്ടിയോ ആവുമെന്ന പ്രതീക്ഷയിൽ പൊതിതുറന്ന അമ്മ പെട്ടെന്നുരുവിട്ട വാക്കുകളും അയാൾ ഓർത്തു.

എന്താണിത്? വലിയ റബ്ബർ പന്തോ? എന്തിനാണിത്? ആർക്കാണ്? മകന്ന് കളിയ്ക്കാൻ അച്ഛൻ പന്ത് വാങ്ങി വരാ?

അച്ഛൻ പണംകൊടുത്തു വാങ്ങിയതാണോ പന്ത് എന്ന ആശങ്കയായിരുന്നു അമ്മയുടെ ശബ്ദത്തിൽ മുഴച്ചു നിന്നത്.

ഇത് ഞാൻ വാങ്ങിയതല്ല. മൊതലാളി തന്നതാണ് – അപ്പുട്ടി മുതലാളി. ഇവനും ചങ്ങാതി മാരുംകൂടി മൊതലാളിയുടെ വീട്ടിൽപോയി പന്തിന് പണം ചോദിച്ചത്രെ. കുട്ടികളല്ലെ, കളിക്കട്ടെ എന്ന് അപ്പുട്ടി മൊതലാളി പറഞ്ഞു. കുന്നത്തുപുറത്ത പറമ്പിലെ തേങ്ങവിറ്റ പണത്തിൽ നിന്ന് ഒരു പന്തു വാങ്ങിക്കൊള്ളാനും മൊതലാളി പറഞ്ഞു. ഏഴുറപ്പികയാ ഒരു പന്തിന് അറിയ്യോ?

അച്ഛൻ അമ്മയോട് വിശദീകരിച്ചതും അയാൾ ഓർത്തു.

ഏഴുറുപ്പികയുടെ ഫുട്ബോൾ, എന്ന് അച്ഛന്റെ ശമ്പളം അറുപതുറുപ്പികയായിരുന്നുവല്ലോ. ഒരു പവൻ സ്വർണ്ണത്തിന് നൂറ്റമ്പതുറുപ്പിക മാത്രമുണ്ടായിരുന്ന കാലത്തായിരുന്നു അത്. ഏഴുറുപ്പികയുടെ ഫുട്ബോൾ കിട്ടുക എന്നത് കുട്ടികൾക്ക് ഒരു സ്വപ്നമരീചികമാത്രമായിരുന്നില്ലെ എന്നും അയാൾ ഗൃഹാതുരത്വത്തോടെ ഓർത്തു.

ഒരു ഫുട്ബോളിനു വേണ്ടി വീട്ടിലെത്തിയ സുബിത്തിനേയും കളിക്കാരികളായ പെൺകുട്ടികളേയും അയാൾ ഒരിക്കൽകൂടി നന്ദിയോടെ സ്മരിച്ചു. ●

ഹോട്ടൽ ശ്രീ മുത്തപ്പൻ

കൊമ്മേരി, കോഴിക്കോട് - 7

ഫോൺ : 6541108



മമ്മീസ് മേക്സി യൂണിറ്റ്

കുറ്റിയിൽതാഴം

ഫോൺ : 9387513779

(ഒരു ജനശ്രീ ഉൽപ്പന്നം)

KRISHNAN NAIR BROTHERS

DIGITAL STUDIO, VIDEO

Panniyankara, Calicut - 3

Santhosh : Mob - 9847476660

Resi : 2375253

ഫെയിമസ് ഹയർഗുഡ്സ്

പുതിയറ, കോഴിക്കോട് - 4

ഫോൺ : 9895161237

പന്തൽ, മേശ, കസേര, ചെസ്, പാത്രങ്ങൾ
വാടകക്കു കൊടുക്കുന്നു.

KAVERI CATERING & FOODS

27/217, Near Hill Top School, Puthiyara, Calicut - 4,

Ph: 0495 2744212, Mob: 9349112867,
9847403385, Res : 2743389, 2743385

OUT DOOR Catering for Marriages,
Get together, Birthdays,
Confrence & All other Occasions

GEEYEL SONS

Mob: 7736120499,
9349344534

ENGINEERING WORKS

Pottammal-Palazhi Road, Near Ollur Temple
Bus Stop, Kozhikode



Tarmixing plant, Road Roller, Concrete Mixer mechian etc.
All kinds of Engineering works

OUR Ladies PARK

THE DRESS DESIGNERS & MAKERS



Room No. 14, 1st Floor,
Moffussil Busstand Building,
Mavoor Road,
Kozhikode - 673 004
ഫോൺ: 0495 6410571



ബ്ലൗസ്, ചുരിദാർ
1 മണിക്കൂറിനുള്ളിൽ
തയ്ച്ചുകൊടുക്കുന്നു.

HASBI TOURS & TRAVELS




Meenchanda, Areekkad, Calicut - 27
Mob: Sahir - 9895999100
9895350141

**കഥ**

# നേർച്ചക്കോഴി



ശ്രീജിത്ത് വല്ലച്ചിറ



കരിയോയിൽ പുരണ്ടു കറുത്ത കഴുക്കോലുകളിൽ പറ്റിപ്പിടിച്ചിരുന്ന മാറാലകൾ തീർത്ത ചിത്രങ്ങൾ നോക്കി കോലായിലെ ചാരുതുണിക്കസേരയിൽ രാമരച്ഛൻ മലർന്നുകിടന്നു. മക്കളും മരുമക്കളും രാവിലെ പടിയിറങ്ങിയ ശേഷം ആ വീട് ഉറങ്ങിക്കഴിഞ്ഞിരുന്നു. മുറ്റത്ത് തന്റെ ചുവന്ന അങ്കവാല് വിറപ്പിച്ച് ചിക്കി നടന്നിരുന്ന പൂവൻകോഴി തലയുയർത്തി രാമരച്ഛനെ നോക്കി ഒന്നു കൊക്കിയതും പൊടുന്നനെ കഴുക്കോലിൽ പറ്റിപ്പിടിച്ചിരുന്ന ഒരു പല്ലി പിടിവിട്ട് അയാളുടെ മടിയിലേക്കുവീണതും ഒരുമിച്ചായിരുന്നു. അയാൾ വേദനകൊണ്ടെന്നപോലെ ഒന്നു കുതറി. മുണ്ടുകുടഞ്ഞു. തെറിച്ചുവീണ 'മുറിവാൽ' നിലത്തുകിടന്നു പിടയുന്നത് അയാൾ അസഹ്യതയോടെ നോക്കി. അയാളുടെ മനവും പിടയുകയായിരുന്നു. കഴിഞ്ഞ രണ്ടാഴ്ചത്തെ സംഭവബഹുലമായ ദിനങ്ങൾക്കു ശേഷം വീണ്ടും ശൂന്യത. കുഞ്ഞിമാതുവും താനും മാത്രം ഈ വീട്ടിൽ വീണ്ടും തനിച്ച്. ഭിക്ഷഗ്വരൻമാർ വിധിച്ച മരണം വീണ്ടുമൊരു പരീക്ഷണത്തിനു വഴിമാറിയതുപോലെ.

'ഇനി ഞങ്ങൾക്കൊന്നും ചെയ്യാനില്ല. വീട്ടിലേക്കെടുത്തോളൂ' - ഡോക്ടർമാർ കയ്യൊഴിഞ്ഞപ്പോൾ ആശുപത്രിയിൽ നിന്നും ആമ്പുലൻസിൽ ഇവിടെയെത്തിയത് നിലവിളിയുടെ അകമ്പടിയോടെയായിരുന്നു. മരണക്കിടക്കയിൽ ആദ്യത്തെ രണ്ടുദിവസം അനങ്ങാതെ കിടക്കേണ്ടിവന്നു. മക്കളുടേയും മരുമക്കളുടെയും കരച്ചിലിന്റെ കനം നേർത്തുവന്നു. ഒരുതരം മടുപ്പിന്റെ മുരൾച്ചകൾ കേട്ടു തുടങ്ങിയത് മൂന്നാം ദിവസം കൈകാലുകൾ അനക്കിത്തുടങ്ങിയപ്പോഴാണ്. നാലാം നാളായ ഇന്നലെ രാവിലെ കഞ്ഞിവെള്ളം കുടിച്ചു. ഉച്ചയ്ക്ക് മരക്കിഴങ്ങുപുഴുക്കും ചുട്ടപപ്പടവും കഴിച്ചു. വൈകീട്ടായപ്പോഴേക്കും പതുക്കെ എഴുനേൽക്കാറായപ്പോൾ പടിഞ്ഞാറ്റയിൽനിന്നും മക്കളുടെ കുശുകുശുക്കൽകേട്ടു.

'കുട്ടികൾ ഒരാഴ്ചയായി സ്കൂളിൽപ്പോയിട്ട്. ഇതെപ്പൊഴാ എന്തെങ്കിലും ഒന്നാവ്വാ? അച്ഛനിപ്പോ എഴുന്നേൽക്കാനും തുടങ്ങി.' മൂത്തമകൾ ശാന്തയുടെ ശബ്ദമാണ്.

'ചേച്ചിക്കിപ്പോ അച്ഛനെന്താ ആവ്വണ്ടേ?' ഇളയമകൾ ലീലയുടെ ചോദ്യം അവളുടെ ഉത്തരം മുട്ടിച്ചുകളഞ്ഞു. 'ഞങ്ങളിവിടെ ഒരുമാസായി കാവലുകിടക്കാ.... ദിവാകരേട്ടനു ജോലിയൊന്നുമില്ലെന്നാ വിചാരം?'

രാത്രിയിൽ പറമ്പിലെവിടെയോ നിന്ന് മണ്ണട്ടകൾ കരഞ്ഞുതുടങ്ങിയപ്പോൾ..... നിലവിളക്കിന്റെ തിരി നീട്ടിവച്ച് രാമായണം വായിക്കാൻ തുടങ്ങിയപ്പോൾ...... അടുക്കളയിൽ നിന്ന് മകൻ കൃഷ്ണന്റെ സംസാരം കേട്ടു.

'അമ്മേ, ഞാനും ജയന്തീം നാളെ കോഴിക്കോട്ടേക്കു പോവ്വാ. അച്ഛനിപ്പോ കുഴപ്പമൊന്നൂല്ലാലോ.'

രാവിലെത്തന്നെ എല്ലാവരുടേയും പുറപ്പാട് തുടങ്ങിയിരുന്നു. ഓരോരുത്തരായി വന്ന് യാത്രചോദിച്ചു. പലകാരണങ്ങൾ - ജോലി.... കുട്ടികളുടെ പഠനം.....

ഞാലി ഓടിന്റെ നിഴൽ കോലായിൽ തുമ്പത്തെത്തിയപ്പോഴേക്കും എല്ലാവരും പടിയിറങ്ങിക്കഴിഞ്ഞിരുന്നു. ഇതിപ്പോൾ മൂന്നാം തവണയാണ് ആവർത്തിക്കുന്നത്. കരച്ചിലും പിഴിച്ചിലുമായുള്ള വരവ്... നിരാശയൊതുക്കിപ്പിടിച്ചുകൊണ്ടുള്ള യാത്ര ചോദിക്കൽ...

രാമരച്ഛന്റെ ഓർമ്മകൾ വർഷങ്ങൾക്കുപിന്നിലേക്കു മറിഞ്ഞു. തന്റെ യവ്വനം, കുഞ്ഞിമാതുവിനെ വിവാഹം ചെയ്ത് ഈ വീടുവയ്ക്കുമ്പോൾ വയസ്സ് ഇരുപത്തിയഞ്ച്. അച്ഛനിൽ നിന്നും പഠിച്ച മന്ത്രവാദവും, ചില്ലറ മുറിവൈദ്യവുമായി കാലംകഴിക്കൽ..... മൂത്തമകൾ ശാന്തയുടെ ജനനം, അവളുടെ വിവാഹം, മകൻ കൃഷ്ണന്റെ വീടുമാറ്റം, ഇളയമകൾ ലീലയുടെ ദിവാകരന്റെ കൂടെയുള്ള ഒളിച്ചോട്ടം...

നാൽപ്പതുവയസ്സുമുത

# PMS
Mob: 9387928878,
9995954374



## ഫർണിച്ചർ

**കമ്മങ്ങാട്ട് പുറായിൽ, കുന്ദമംഗലം (മുക്കം റോഡ്, ഇന്ത്യൻ ഗ്യാസിനടുത്ത്)**

എല്ലാവിധ ഫർണിച്ചറുകളും നിർമ്മിച്ചുകൊടുക്കുന്നു. കട്ടില, ജനൽ, ഡോർ ഫ്രെം, ചാരുപടി, കിച്ചൺ കബോഡ്, സ്റ്റെയർകെയ്സ്സ്, എന്നിവ ഓർഡർ പ്രകാരം മിതമായ നിരക്കിൽ നിർമ്മിച്ചുകൊടുക്കുന്നു.

മരസംബന്ധമായ എല്ലാ ജോലികളും ചെയ്ത്കൊടുക്കുന്നു.

ബ്രാഞ്ച് പി.എം.എസ്സ്. ഫർണിച്ചർ മാങ്കാവ്, കോഴിക്കോട്


## കാത്തിരിപ്പിനൊടുവിൽ



ഷോർട്ട് ഫിലിം സംവിധാന രംഗത്തേക്ക് ഒരു സംവിധായിക കൂടി

കൃഷ്ണാപ്രൊഡക്ഷൻസിന്റെ ബാനറിൽ കാത്തിരിപ്പിനൊടുവിൽ എന്ന ഷോർട്ട് ഫിലിം ഡോ. നാൻസി കഥയെഴുതി സംവിധാനം ചെയ്തിരിക്കുന്നു.

| | | |
|---|---|---|
| നിർമ്മാണം | : | ഡോ. കൃഷ്ണരാജ്, ഷീജ. കെ.കെ |
| തിരക്കഥ,സംഭാഷണം | : | ദേവരാജൻ, താനൂർ |
| അസോസിയേറ്റ് സംവിധാനം | : | രവീന്ദ്രനാഥനുണ്ണി |
| സംവിധാന സഹായികൾ | : | ജയാനന്ദൻ കരുമല<br>ബാബുരാജ് ഭക്തപ്രിയം |
| ഛായാഗ്രഹണം | : | അജിത്ത് ശാരദാമന്ദിരം |
| മെയ്ക്കപ്പ് | : | ദിനേശ് കോഴിക്കോട് |
| കല | : | ഷിനോജ് താനൂർ |
| സ്റ്റിൽസ് | : | ജലീൽ താനൂർ |
| പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് | : | പ്രസാദ് |
| അഭിനേതാക്കൾ | : | ജഗദീഷ് ബാബു പൊന്നാനി, മുനീർ, |

ഷിനോജ്, നാസർ, മഹേഷ് ഫറോക്ക്, പ്രജി, മഹിമ, ജിത, രമാദേവി, പി.എസ്. വത്സല തുടങ്ങിയവർ അഭിനയിച്ചിരിക്കുന്നു.

രണ്ടു കൂട്ടുകാരികളുടെ സൗഹൃദമാണ് മുഖ്യ ഇതിവൃത്തം.


# PKB
**സ്പെഷ്യൽ നാളികേര ചമ്മന്തിപ്പൊടി**

READY TO EAT



Mob : 9847419771

*നാളികേര ഉൽപ്പന്നങ്ങളുടെ നന്മ അറിയൂ ........ ജീവിതം ആസ്വദിക്കൂ.*


പരിചയം

## നവസാഹിത്യ പ്രതിഭകൾ



**കോഴിക്കോട് നന്മ കലാ– സാംസ്കാരിക വേദിയുടെ 2011 വർഷത്തെ യുവസാഹിത്യ അവാർഡ് സാഹിത്യകാരി ഇ.പി. ജ്യോതിക്ക് ഓമശ്ശേരി പുത്തൂർ ഗവണ്മെന്റ് യു.പി. സ്കൂളിൽ നടന്ന ചടങ്ങിൽ കവിയും ഗാനരചയിതാവുമായ പി.കെ. ഗോപി സമ്മാനിക്കുന്നു.**

കോഴിക്കോട് നന്മ - സാംസ്കാരിക വേദിയുടെ 2011 വർഷത്തെ യുവസാഹിത്യ അവാർഡ് സാഹിത്യകാരി ഇ.പി. ജ്യോതിക്ക് ഓമശ്ശേരി പുത്തൂർ ഗവൺമെന്റ് യു.പി. സ്കൂളിൽ നടന്ന ചടങ്ങിൽ കവിയും ഗാനരചയിതാവുമായ പി.കെ. ഗോപി സമ്മാനിക്കുന്നു.

''ശവംതീനികളുടെ പ്രണയം'', ''കാവ്മറന്ന കോമരം", "കയ്പുള്ള മലയാളം", "ക്ലാവ് പിടിച്ച നീതി", "അരങ്ങിലെ വേഷം", "വെളുക്കാത്ത നിയമം", "ബലിക്കാക്കകൾ", "ഓട്ടക്കയ്യിലെ ജീവിതം", "മനുഷ്യർ കരയുന്നു ദൈവം ചിരിക്കുന്നു", "തലവരയുടെ താക്കോൽ", "ഒറ്റപ്പെട്ടവർ", "നിയമത്തിന്റെ കൺകെട്ട്" എന്നീ ചെറുകഥകളുടെ സമാഹാരമാണ് ദ്രോണാചാര്യ പബ്ലിക്കേഷൻ പ്രസിദ്ധീകരിച്ച ഇ.പി. ജ്യോതിയുടെ "ശവം തീനികളുടെ പ്രണയം" എന്ന പുസ്തകം. കോഴിക്കോട് ഗുരുവായൂരപ്പൻ കോളേജ് ഇ.ഡി. ക്ലബ്ബാണ് ഏറെ ശ്രദ്ധേയമായ ആദ്യ ചെറുകഥാ സമാഹാരം "ഇടവപ്പാതിയിൽ" പ്രസിദ്ധീകരിച്ചത്. കാലിക്കറ്റ് സർവ്വകലാശാലയുടെ കോഴിക്കോട് സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസിൽ അധ്യാപിക. ഭർത്താവ് : അരവിന്ദൻ, മകൾ : ഹരിപ്രിയ

ലാണ് 'പട്ടാരക്കാവി'ലെ മുത്തപ്പൻ തിറക്ക് 'തണ്ടാറച്ഛൻ' സ്ഥാനം വഹിച്ചു തുടങ്ങിയത്. അന്നുമുതലാണ് കുഞ്ഞിക്കേളുവിന്റെ മകൻ രാമൻ എന്ന ഞാൻ നാട്ടുകാരുടെ 'രാമറച്ഛനാ' യി മാറിയത്. തെങ്ങോളമുയരമുള്ള കുരുത്തോലക്കിരീടം ചൂടി മലയനപ്പുണ്ണി തിറയാടുമ്പോൾ ഒരുകയ്യിൽ നാക്കിലകൊണ്ട് ഭദ്രമായി മൂടിക്കെട്ടിയ കിണ്ടിയിൽ 'അമൃതെ'ന്ന കള്ളും, മറുകയ്യിൽ പന്തവുമായി ഭയഭക്തി ബഹുമാനത്തോടെയായിരുന്നു മുന്നിൽ നിന്നത്. അമൃത് പിടിച്ചു വാങ്ങുവാനായി മുത്തപ്പൻ പിന്നാലെ ഓടുമ്പോഴും ചെണ്ടയുടെ പെരുക്കത്തിനൊപ്പം തന്നിലും ദൈവത്തിന്റെ ശക്തി ആവേശിച്ചപോലെ തോന്നുമായിരുന്നു.

കോമരം കെട്ടിയ കുമാരൻ ഉറഞ്ഞ് മൂർദ്ധാവിൽ ആഞ്ഞുവെട്ടി ചോരചീറ്റുമ്പോൾ മഞ്ഞൾപ്പൊടി പൊത്തിക്കൊടുക്കേണ്ടതും താനായിരുന്നു. പാതിരാക്കഴിഞ്ഞ് കുരുതിക്ക്കൊണ്ടുവരുന്ന കോഴികളെ തലയറുക്കുവാനായി പിടിച്ചുകൊടുക്കുമ്പോൾ, തലവേർപ്പെട്ട് ഉടലുകൾ ചോരകുഴഞ്ഞ മണ്ണിൽ കിടന്ന് പിടയുമ്പോൾ, പലപ്പോഴും പേടി തോന്നിയിട്ടുണ്ട്. - 'ഇവയുടെയൊക്കെ അറ്റ തലകൾ ഉടലോട് ചേർന്ന് എന്നെങ്കിലും തന്നോട് പകരം ചോദിക്കുമെന്ന്.' ആ രംഗമോർത്തിട്ടെന്നപോലെ രാമറച്ഛൻ ഞെട്ടിയെഴുന്നേറ്റ് പകച്ചുനോക്കി. വെയിലേറ്റുതളർന്ന തുളസി ചെടിക്കപ്പുറത്തായി ശീപോതിയും പൂപ്പലുകളും ഉണങ്ങിപ്പിടിച്ച മുറ്റക്കൊള്ളിൽ അപ്പോഴും പൂവൻകോഴി അയാളെത്തന്നെ നോക്കിനിൽക്കുന്നുണ്ടായിരുന്നു. ചെഞ്ചോര പ്പൂവും വിറപ്പിച്ച് .....

'കുരുതികൊടുത്ത കോഴിയുടെ തല ഉടലിനോട് ചേർന്നപോലെ. ചുവന്ന തൂവലുകൾ ചുവന്ന പട്ടുടുത്തപോലെ.' ഇറയത്തെ ഭസ്മത്തട്ട് തൂക്കിയിട്ടിരുന്ന ചങ്ങലയിൽ പിടിച്ച് രാമറച്ഛൻ കോഴിയെ സൂക്ഷിച്ചു നോക്കി.

'കോമരം കുമാരനല്ലേ അത്?'

നെറ്റിയിലെ ചെഞ്ചോരപ്പൂവ് ചീറ്റിത്തെറിക്കുന്ന ചോരപോലെ തോന്നിച്ചു. ചുവന്ന ചിറകുകൾ കുടഞ്ഞ് തലയുയർത്തി കോഴിയൊന്നു കൂവി. മൂർദ്ധാവിൽ ആഞ്ഞുവെട്ടി ചോരചീറ്റിത്തെറിപ്പിച്ച് ഉറയുന്ന കുമാരന്റെ മുറിവിൽ മഞ്ഞൾപ്പൊടിയിടാൻ രാമറച്ഛൻ ഭസ്മത്തട്ടിൽ നിന്നും ഒരുപിടി മുഭസ്മം വാരി മുറ്റത്തേക്കു കുതിച്ചു. ചങ്ങലയിലെ പിടിവിട്ട് മന്നോട്ടായുമ്പോഴേക്കും രാമറച്ഛൻ തെന്നി വീണിരുന്നു.

മുറ്റത്തെ, സന്ധ്യക്ക് തിരികൊളുത്തുന്ന വിളക്കുകല്ലിൽ തലയിടിച്ച്... ചോരയൊഴുക്കി ... കുരുതികൊടുത്ത കോഴിയുടെ അവസാനത്തെ പിടച്ചിൽ പോലെ ചോര കുഴഞ്ഞ മണ്ണിൽ ഒന്ന് പിടഞ്ഞു. നിശ്ചലമായി.

വീടിന്റെ പിന്നാമ്പുറത്ത്, തലേന്നത്തെ എച്ചിൽപ്പാത്രം കഴുകിക്കൊണ്ടിരുന്ന കുഞ്ഞിമാതുവമ്മ എന്തോ ശബ്ദം കേട്ടപോലെ തോന്നി എഴുന്നേൽക്കുമ്പോഴേക്കും തന്റെ അങ്കവാലുകുലുക്കി ചോരപ്പൂവ് വിറപ്പിച്ച് കോഴി ഒരു വിജയിയെപ്പോലെ അവിടെയെത്തിയിരുന്നു.

'ഓ നീയായിരുന്നോ......?' കുഞ്ഞിമാതുവമ്മ വീണ്ടും പാത്രം കഴുകാനിരുന്നു. ●

## ചലചിത്രത്തിന്റെ വിസ്മയ കാഴ്ച

(പേജ് 15ൽ നിന്നും തുടർച്ച)

പാഞ്ചാലി നിർമ്മിക്കപ്പെട്ടതോടെ ഇന്ത്യൻ സിനിമയിലെ ആദ്യത്തെ ചലച്ചിത്രകാരനായ സത്യജിത് റേയുടെ രംഗപ്രവേശമായി. റിഥിക് ഘട്ടക്കും, മൃണാൽ സെന്നും തുടർന്ന് രംഗത്ത് വന്നു. അതിവേഗതയിലായിരുന്നു ഇന്ത്യൻ സിനിമയുടെ മുന്നേറ്റം. വളരുംതോറും, സിനിമേതരമായ സ്വാധീനങ്ങളുടെ പിടിയിലമർന്നുപോയി നമ്മുടെ സിനിമാ വ്യവസായം. കച്ചവടക്കണ്ണിലൂടെ സിനിമയെ വളർത്തിയെടുത്തവർ വികൃതവാസനാസൃഷ്ടികൾ വിറ്റഴിക്കാനുള്ള തന്ത്രങ്ങൾ മെനഞ്ഞുതുടങ്ങി. അക്രമരംഗങ്ങളും അപകടങ്ങളും ഒന്നിനുപിറകെ ഒന്നായി സിനിമയിലാവിഷ്കരിച്ചത് ശ്വാസമടക്കിപ്പിടിച്ച് വീർപ്പ് മുട്ടിയാലെ പ്രേക്ഷകന് ആശ്വാസമാകൂ എന്ന മട്ടായി. മദ്യവും, മയക്കുമരുന്നും, മാഫിയാ ബന്ധവും, കൊള്ളയും, കൊള്ളിവെപ്പും, കൂട്ടക്കൊലകളും സെല്ലുലോയ്ഡിലെ ദൃശ്യങ്ങളായി മാറുമ്പോൾ യാതൊരു നിയന്ത്രണവുമില്ലാത്ത കാഴ്ചകൾ പ്രേക്ഷക മനസ്സിനെ എങ്ങിനെയാണ് സ്വാധീനിക്കുന്നത് എന്ന് ചിന്തിക്കാമല്ലോ? തിയേറ്ററുകളിൽ താരമത്സരം മുറുകുന്നു. സ്വപ്നതുല്യമായ താരമത്സരം. യഥാർത്ഥ ജീവിതത്തിലെ വിരസതയെയും ജാഡ്യത്തേയും മറികടക്കാൻ ഇഷ്ടനായകൻമാരുടെ അല്ലെങ്കിൽ അതികായൻമാരുടെ അഭ്യാസപാടവം അനുകരിച്ച് തെരുവുകളിലും പൊതുസ്ഥലങ്ങളിലും വേഷം കെട്ടിയാടുന്ന യുവത്വത്തെയാണ് നാം കാണുന്നത്.

സാറ്റലൈറ്റ് മാർക്കറ്റിംഗ് ഫിക്സേഷനിൽ വിദഗ്ധരായവർക്ക് മാത്രം നടത്താവുന്ന ഒന്നായി സിനിമ മാറ്റപ്പെട്ടപ്പോൾ സംഭവിച്ചത് കാണികൾ തിയേറ്റർ വിട്ടൊഴിയുന്നതാണ്. സിനിമയുടെ ഒരു ഉപഭോക്താവ് എന്ന നിലക്ക് പ്രേക്ഷകനെ ഒരു നിലക്കും കണക്കിലെടുക്കാത്ത സിനിമ വ്യവസായം തകർച്ചയിലേക്ക് കൂപ്പുകുത്തി. എന്തും ഉപഭോഗിക്കുന്ന ഫാൻസ് മാത്രമാണെന്ന തെറ്റിദ്ധാരണയിൽ നിന്ന് ചലചിത്രമേഖലയിൽ പ്രവർത്തിക്കുന്നവർ മാറേതുണ്ട്. ഒരു എസ്.എം.എസ്., അല്ലെങ്കിൽ ഫെയ്സ് ബുക്കിലോ, ടിറ്ററിലോ ഒരു പോസ്റ്റിംഗ്. അത്രയും മതി ചലച്ചിത്രത്തിന്റെ ആധുനിക പ്രചരണത്തിന്. സമ്മാനക്കൂപ്പൺ കൊണ്ടും, നായികമാരുടെ പ്രലോഭനങ്ങളെക്കൊണ്ടും പെരുമഴ പെയ്യിച്ച് എത്രകാലം പിടിച്ചു നിൽക്കാനാകും? സിനിമ ഒരു സർഗാത്മക വ്യാപാരം മാത്രമാണോ? അത് സമൂഹത്തിന്റെ കൂടി പ്രതിഫലനമല്ലേ? കാഴ്ചയുടെ സദാചാരവും, ഓർമ്മകളുടെ പുനരാഗമനും തമ്മിൽ സംഘർഷവും സമന്വയവും സൃഷ്ടിച്ചുകൊണ്ട് പ്രേക്ഷകനെ പ്രകോപിപ്പിച്ചുകൊണ്ടിരിക്കുന്ന സിനിമ നമ്മോടൊപ്പം പുരോഗമിക്കുന്നുണ്ട്. ഏത് രാജ്യത്തിന്റെ സിനിമയായാലും ഭാഷക്കപ്പുറത്ത് ലോകജനതയുടെ ശ്രദ്ധ പിടിച്ചുപറ്റുന്നുണ്ട്. നമ്മുടെ സ്വാതന്ത്ര്യമെന്നത് മറ്റെല്ലാവരുടെയും സ്വാതന്ത്ര്യമാണെന്ന ചിന്തയുമത് ഉണർത്തുന്നുണ്ട്. വ്യക്തി സ്വത്വബോധത്തെ എന്ന പോലെ ദേശീയ സ്വത്വസങ്കൽപ്പങ്ങളേയും അരക്കിട്ടുറപ്പിക്കാൻ ദൃശ്യമാധ്യമങ്ങൾക്ക് ഏറിയ പങ്കുണ്ട്. കുറേക്കൂടി അർത്ഥവത്തായ ധർമ്മം നിർവ്വഹിക്കുവാൻ ചലച്ചിത്ര നിർമിതിയ്ക്കാകണമെന്ന പോലെ കാണിയുടെ ആസ്വാദനക്ഷമതയും വളർത്തിയെടുക്കണം.

അവലംബം : സിനിമയുടെ ലോകം - അടൂർഗോപാലകൃഷ്ണൻ, ലോക സിനിമ - ജി.പി. രാമചന്ദ്രൻ ●




Edited, Printed Published by Nakshthra Rajyam E. Radhakrishnan on behalf of Nakshathra Rajyam Monthly.
DTP Bhavana Graphics Thali, Yashodha Printers, Manari for Geethanjali Offset Prints, Kundayithode, Kozhikode